പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 6 സെപ്റ്റംബർ 2018

നവകേരള പുലരിക്കായ്

ഉണരാം... ഉയരാം... ഒന്നായ്

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

സെപ്റ്റംബർ 2018

അകത്ത്

തദ്ദേശസ്വയംഭരണ വകുപ്പിന് പുതിയ നേതൃത്വം 5

മഹാപ്രളയത്തിനു ശേഷം
എ.സി.മൊയ്തീൻ 6

വീണ്ടെടുക്കണം ഹരിതജീവിതം
ടി.എൻ. സീമ 10

പ്രളയകാലത്തെ നഗരകാര്യങ്ങൾ
ആർ. ഗിരിജ ഐ.എ.എസ് 14

ഇനിയും മുന്നോട്ട്
എം.പി. അജിത്കുമാർ 16

കരുത്തായി പഞ്ചായത്ത് വകുപ്പ്
കെ. പ്രശാന്ത് കുമാർ 17

ജില്ലകളിൽ നിന്ന്... 19

പ്രളയക്കെടുതിയിൽ കൈത്താങ്ങായി കുടുംബശ്രീ
എസ്. ഹരികിഷോർ ഐ എ എസ് 22

പകർച്ചവ്യാധി നിയന്ത്രണവും ആരോഗ്യസംരക്ഷണവും
ഡോ. ചിന്ത എസ്. 25

പ്രളയബാധിത മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ
എസ്. ഹരികിഷോർ ഐ.എ.എസ് 30

പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേരളം പിന്തുടരേണ്ട ആവാസ വ്യവസ്ഥ
കെ. എസ്. ഗിരിജ 33

പുനർ നിർമ്മാണം നടത്തുമ്പോൾ
പി.ആർ.സജികുമാർ 39

തദ്ദേശ സ്ഥാപനങ്ങൾ ചെയ്യേണ്ടത്
ഡോ. ജോയ് ഇളമൺ 43

പംക്തി

വാർത്തകൾ വിശേഷങ്ങൾ 42

കണ്ണും കാതും 50

സെപ്റ്റംബർ 2018
പുസ്തകം 59 ലക്കം 6
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

അതിജീവന പാഠങ്ങളാൽ മുന്നോട്ട്

കേരളം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അനുഭവിച്ച ഏറ്റവും വലിയ പ്രളയത്തിൽ വിറങ്ങലിച്ചു നിന്ന നിമിഷങ്ങൾ. നഷ്ടങ്ങളുടെ, നിസ്സഹായതയുടെ ആ നിമിഷങ്ങൾക്ക് അധികം ആയുസ്സുണ്ടായില്ല. പ്രളയം നമ്മോട് ചെയ്തതിലും എത്രയോ ഇരട്ടിയാണ് നമ്മുടെ ഒരുമയാൽ നാം നേടിയത്. എല്ലാ ഭിന്നതകൾക്കുമപ്പുറം മനുഷ്യനെന്ന ഒരൊറ്റ മഹത് വികാരത്തിലേക്ക് നാമുണർന്ന ധന്യത അവിസ്മരണീയം തന്നെ. സ്നേഹം കുതിച്ചൊഴുകിയ നാളുകൾ, പാരസ്പര്യത്തിന്റെ ഹൃദ്യത തുളുമ്പുന്ന അനുഭവശതങ്ങൾ. മത്സ്യത്തൊഴിലാളികൾ, സേനാവിഭാഗങ്ങൾ, ഫയർഫോഴ്സ്, പോലീസ്, സർക്കാർ ജീവനക്കാർ, വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേരിട്ടോ അല്ലാതെയോ പങ്കെടുക്കാത്ത ഒരൊറ്റ മലയാളിയുമില്ല. മാത്രമല്ല, ലോകത്തെമ്പാടുമുള്ള ധാരാളം സുമനസ്സുകളുടെ പിന്തുണയും കേരളത്തിന് ലഭിച്ച നാളുകളായിരുന്നു കടന്നുപോയത്.

തദ്ദേശസ്വയംഭരണ വകുപ്പും തദ്ദേശ സ്ഥാപനങ്ങളും രാവും പകലും ഉണർന്നു പ്രവർത്തിച്ച അനുഭവമാണ് പ്രളയ സമയത്തുണ്ടായത്. കൺട്രോൾ റൂമുകൾ തുറന്നും ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിച്ചും കളക്ഷൻ സെന്ററുകൾ സജീവമാക്കിയും ആത്മാർത്ഥതയോടെ പ്രവർത്തിച്ചുകൊണ്ടാണ് ജനപ്രതിനിധികളും ജീവനക്കാരും മാതൃകയായത്. അവശ്യസാധനങ്ങൾ സമാഹരിച്ച് ദുരിതബാധിതർക്ക് കൃത്യമായും വിതരണം ചെയ്തുകൊണ്ടും പ്രളയ മാലിന്യം നിറഞ്ഞ വീടുകളും പൊതുസ്ഥാപനങ്ങളും സമയബന്ധിതമായി ശുചിയാക്കി പൂർവ്വസ്ഥിതിയിൽ എത്തിച്ചുകൊണ്ടും ചെയ്ത പ്രവൃത്തികളെല്ലാം ചാരിതാർത്ഥ്യം പകരുന്നതാണ്. അവധിദിനങ്ങൾ എല്ലാംതന്നെ പ്രവൃത്തിദിനങ്ങളാക്കി പ്രളയകാലത്തെ സഹജീവിസ്നേഹം നിറഞ്ഞതാക്കിയ എല്ലാവരും പ്രശംസ അർഹിക്കുന്നു. പ്രളയത്താൽ ആഴത്തിൽ മുറിവേറ്റ ജീവിതങ്ങൾക്ക് ഇവയെല്ലാം സമാശ്വാസമായി.

ഇനിയും നമുക്ക് ഒരുപാട് ദൂരം മുന്നേറാനുണ്ട്. ചെയ്തു തീർക്കാൻ ധാരാളമുണ്ട്. തകർന്ന കാർഷിക മേഖലയും റോഡുകളും കെട്ടിടങ്ങളും മാത്രമല്ല നഷ്ടപ്പെട്ട വളർത്തു മൃഗങ്ങളും ദുരന്തത്തിന്റെ വ്യാപ്തി കൂട്ടുന്നു. “റോം ഒരൊറ്റ ദിനംകൊണ്ട് പണിതതല്ല” എന്ന വാക്യം നമ്മെ പഠിപ്പിക്കുന്നത് സാവകാശത്തോടെയും ക്രമേണയും പ്രകൃതി സൗഹൃദപരവും സുസ്ഥിരവുമായൊരു നവകേരളം കെട്ടിപ്പടുക്കാൻ കഴിയും എന്നു തന്നെയാണ്.

തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനം കാര്യക്ഷമമായി മുന്നേറിയ വേളയിലാണ് പ്രളയക്കെടുതി ഉണ്ടായത്. തുടർന്നുള്ള പദ്ധതി പ്രവർത്തനങ്ങൾ ഉചിതമായ മാറ്റങ്ങളോടെയും പരിഷ്ക്കാരങ്ങളോടെയും നടത്തുവാനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ കേരളം കെട്ടിപ്പടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. കഴിഞ്ഞുപോയ കെടുതികളിലല്ല വരാനിരിക്കുന്ന വിജയത്തിലേക്കാകണം നമ്മുടെ ഏകാഗ്രത. പ്രളയത്തെ അതിജീവിച്ചതിൽ നാം പുലർത്തിയ ഐക്യബോധവും സാഹോദര്യവും കെടാതെ നിലനിർത്തി മുന്നേറുമ്പോൾ മാത്രമേ പുതിയ കേരളം സൃഷ്ടിക്കാനാകൂ . അതിനാകട്ടെ തദ്ദേശസ്ഥാപനങ്ങളുടെ വരുംനാളുകളിലെ അക്ഷീണ പ്രയത്നം .

എച്ച്. ദിനേശൻ ഐ.എ.എസ്

മറ്റുള്ളവർ നന്നാവാൻ സഹായിക്കുന്നവരാണ് യഥാർത്ഥ ആദർശവാദി
-ഹെൻറിഫോർഡ്

തദ്ദേശസ്വയംഭരണ വകുപ്പിന് പുതിയ നേതൃത്വം

എ.സി. മൊയ്തീൻ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയായി ചുമതലയേറ്റു. തദ്ദേശസ്വയംഭരണം, പഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ, ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം, വികസന അതോറിറ്റികൾ, കില എന്നീ വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്യും.

1956 ഏപ്രിൽ 18ന്, ചിയാമുവിന്റെയും ഫാത്തിമ്മാബീവിയുടെയും മകനായി കല്ലുമ്പാറയിൽ ജനിച്ച അദ്ദേഹം ഇടതുപക്ഷ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. തൃശ്ശൂർ ജില്ലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)യുടെ വിവിധതല കമ്മറ്റികളിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച അദ്ദേഹം കുന്നംകുളം നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നുമാണ് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 2004-ൽ നടന്ന ഉപതെരഞ്ഞെടുപ്പിലും 2006-2011 കാലയളവിലും നിയമസഭാംഗമായിരുന്നു. തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മഹാപ്രളയത്തിനു ശേഷം

എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

കേരളം "നൂറ്റാണ്ടിലെ മഹാപ്രളയത്തിന്റെ കടുത്ത ആഘാതത്തിൽ നിന്ന് കരകയറാനുള്ള ശ്രമത്തിലാണ്. ഉത്തരേന്ത്യയിലെയും വടക്കു കിഴക്കൻ നാടുകളിലെയും പ്രകൃതിദുരന്തങ്ങളെ കുറിച്ച് കേട്ടറിവ് മാത്രമുണ്ടായിരുന്ന ശരാശരി മലയാളിക്ക് ഈ ദുരന്തമുണ്ടാക്കിയ ഞെട്ടൽ ഇനിയും മാറിയിട്ടില്ല. കേരളത്തിലെ ബഹുഭൂരിപക്ഷം പേരെയും ഈ കാലവർഷക്കെടുതി, ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നേരിട്ടു ബാധിച്ചു. വയനാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിൽ വ്യാപകമായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കനത്ത നാശനഷ്ടങ്ങളുണ്ടായി. തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കൊല്ലം ജില്ലകളിലെ താഴ്ന്ന പ്രദേശങ്ങളിൽ വലിയ വെള്ളക്കെട്ടുകൾ രൂപപ്പെട്ടു.

പ്രളയത്തിന്റെ അവസാന നാളുകളിലെ കണക്കനുസരിച്ച്, ഈ വർഷത്തെ മഴക്കെടുതികളിൽ 483 പേർ മരണമടഞ്ഞു. കാണാതായവരുടെ എണ്ണം ഇതിനു പുറമേയാണ്. ഗുരുതരമായി പരിക്കേറ്റും കടുത്ത ക്ഷീണം ബാധിച്ചും നിരവധി പേർ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടു. നിരവധി പേർ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകളിലേക്ക് മാറി. സംസ്ഥാനത്തെ മുപ്പതിൽ ഒരാൾക്ക് ദുരിതാശ്വാസ ക്യാമ്പിൽ അഭയം തേടേണ്ടി വന്നു. പ്രളയബാധിതരെ സഹായിക്കാൻ ആദ്യ ദിവസങ്ങളിൽ തുറന്ന ക്യാമ്പുകളിൽ പലതും തൊട്ടടുത്ത ദിവസങ്ങളിൽ പ്രളയം വിഴുങ്ങി. അവർ ചികിൽസ തേടിയെത്തേണ്ടിയിരുന്ന ഏതാനും ആശുപത്രികളും മുങ്ങിപ്പോയി. പലയിടത്തും പൊതുനിരത്തുകളിലൂടെ പ്രളയജലം കുത്തിയൊഴുകി. കെട്ടിടങ്ങൾക്കുള്ളിൽ കുടുങ്ങിപ്പോയവരെ രക്ഷപ്പെടുത്താൻ "നിരത്തുകളിൽ" വള്ളമിറക്കിയവർ പോലും അപകടത്തിൽ പെട്ടു. നിരവധി വീടുകൾ തകർന്നു. കണക്കില്ലാത്ത ഗൃഹോപകരണങ്ങൾ നശിച്ചു. ആയിരക്കണക്കിനു പേരുടെ ജീവിത മാർഗമായിരുന്ന കന്നുകാലികളും അവർ സ്നേഹിച്ചു വളർത്തിയ മൃഗങ്ങളും ചത്തൊടുങ്ങി. കൃഷി നശിച്ചു. ഹെക്ടർ കണക്കിന് കൃഷിഭൂമി സമീപ ഭാവിയിൽ ഒന്നിനും ഉപകരിക്കാത്ത വിധം താറുമാറായി. കച്ചവട സ്ഥാപനങ്ങളിൽ വെള്ളം കയറി, ഭക്ഷ്യധാന്യങ്ങൾ അടക്കമുള്ള വസ്തുക്കൾ ഉപയോഗശൂന്യമായി. കോടാനുകോടി രൂപ വിലമതിക്കുന്ന കംപ്യൂട്ടറുകളും ഇലക്ട്രോണിക് ഉപകരണങ്ങളും നന്നാക്കാനാവാത്ത വിധം നശിച്ചു. വിദ്യാലയങ്ങളുടെയും സർക്കാർ ഓഫീസുകളുടെയും കെട്ടിടങ്ങൾ തകർന്നും ഉപകരണങ്ങൾ നശിച്ചും കനത്ത നഷ്ടമുണ്ടായി. വിലപ്പെട്ട രേഖകൾ നശിച്ചു. ചെറുകിട സംരംഭങ്ങൾ മുതൽ വൻകിട വ്യവസായങ്ങൾ വരെ നിശ്ചലമായി. പലതും നശിച്ചു നാമാവശേഷമായി.

ദുരന്തത്തിന്റെ നാളുകൾ ലോകത്തിന്റെ ആദരവ് പിടിച്ചു പറ്റിയ രക്ഷാപ്രവർത്തനത്തിനും സാക്ഷിയായി. മുഖ്യമന്ത്രി പിണറായി വിജയന്റെ ധീരമായ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ സംവിധാനങ്ങൾ ശരവേഗത്തിൽ പ്രവർത്തനസജ്ജമാവുന്നത് നമ്മൾ കണ്ടു. മരണത്തെ മുഖാമുഖം കണ്ടവരെയും പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവരെയും സഹായിക്കാൻ കേരളം ഉണർന്നു. മണിക്കൂറുകൾ കൊണ്ട് നൂറുകണക്കിന് ദുരിതാശ്വാസ ക്യാമ്പുകൾ ഒരുങ്ങി. നാടിന്റെ മുക്കിലും മൂലയിലും നിന്ന് ഈ ക്യാമ്പുകളിലേക്ക് സഹായങ്ങൾ ഒഴുകി. വ്യത്യസ്ത മത, രാഷ്ട്രീയ കാഴ്ചപ്പാടുകൾ വച്ചുപുലർത്തുന്ന ആയിരക്കണക്കിന് സന്നദ്ധ പ്രവർത്തകർ എല്ലാ ഭിന്നതകളും മറന്ന് കർമനിരതരായി. അവരോട് സഹകരിച്ചും അതിന് സമാന്തരമായും സാധാരണക്കാരും രംഗത്തിറങ്ങി. സാഹസികരും ത്യാഗധനരുമായ മത്സ്യത്തൊഴിലാളികൾ സ്വന്തം ജീവൻ പണയം വച്ച്, മരണമുഖത്ത് അകപ്പെട്ടു പോയവരെ രക്ഷപെടുത്തി ക്യാമ്പുകളിൽ എത്തിച്ചു. രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തനത്തിൽ നിന്ന് പൊതുവിൽ അകലം പാലിച്ചു പോന്ന ആയിരക്കണക്കിനു ചെറുപ്പക്കാർ, ആരുടെയും ആഹ്വാനത്തിനു കാത്തു നിൽക്കാതെ, സ്വന്തം മനസ്സാക്ഷിയുടെ ആജ്ഞകൾ ഏറ്റെടുത്ത് ഊണും ഉറക്കവുമില്ലാതെ പ്രവർത്തിച്ചു. കേരളത്തിന്റെ ഭാവി തങ്ങളുടെ കൈകളിൽ ഭദ്രമാണെന്ന് ഇവരടക്കമുള്ള നമ്മുടെ ഇളം തലമുറ തെളിയിച്ചു. ലോകത്തിലെ ഒരു ദുരന്തമുഖത്തും ഇതു പോലെ സമ്പൂർണ്ണമായ ഉണർവും ജനകീയ ഐക്യവും കണ്ടിട്ടില്ലെന്ന് ദുരന്തനിവാരണ വിദഗ്ധരും

> കൂടുതൽ നല്ലൊരു കേരളത്തിലേക്ക് ചുവടുവയ്ക്കാനുള്ള അവസരമായി ഈ മഹാദുരന്തത്തെ മാറ്റിയെടുക്കാൻ നമുക്ക് കഴിയണം.

മുഖ്യമന്ത്രി പിണറായി വിജയൻ ദുരിതബാധിതരെ ആശ്വസിപ്പിക്കുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സമീപം.

രാജ്യാന്തര അനുഭവമുള്ള സന്നദ്ധ പ്രവർത്തകരും സാക്ഷ്യപ്പെടുത്തുന്നു. 7,000 ൽ അധികം കേന്ദ്ര സൈനികരും 40,000 - ത്തോളം പൊലീസുകാരും 3,000 ൽ അധികം ഫയർ ഫോഴ്സ് ജീവനക്കാരും റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളിലെ ഉദ്യോഗസ്ഥരും മറ്റു വകുപ്പുകളിലെ ആളുകളും അതിന്റെ എത്രയോ ഇരട്ടി വരുന്ന പൊതുജനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ എല്ലാം മറന്ന് കൈകോർത്തു. പതിനായിരങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ വീരനായകൻമാരായി. "കേരളത്തിന്റെ സൈന്യം" എന്നാണ് മുഖ്യമന്ത്രി അവരെ വിശേഷിപ്പിച്ചത്.

ആഗസ്റ്റ് 9ന് ആരംഭിച്ച സെക്രട്ടേറിയറ്റിലെ കൺട്രോൾ റൂം ദിവസത്തിൽ 24 മണിക്കൂറും വിരാമമില്ലാതെ പ്രവർത്തിച്ചാണ് ദുരന്തനിവാരണ ദൗത്യത്തെ സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ചത്. മന്ത്രിമാർക്ക് ജില്ലകളുടെ വിശേഷ ചുമതല നൽകിയ മുഖ്യമന്ത്രി പിണറായി വിജയൻ, കടലറിയുന്ന കപ്പിത്താനെപ്പോലെ, പ്രളയത്തിന്റെ നാളുകളിൽ കേരളത്തെ നയിച്ചു. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിലും കൺട്രോൾ റൂമുകൾ സജീവമായതോടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധവും മികച്ച ഏകോപനവും കൈവന്നു. ഐപിഎസ് ഉദ്യോഗസ്ഥരെ ജില്ലാതലത്തിൽ പ്രത്യേക ചുമതല നൽകി നിയോഗിച്ചു. മുഖ്യമന്ത്രി തന്നെ ഓരോ ദിവസവും കാലത്തും വൈകിട്ടും സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തി, ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. 21-ാം തിയതി ചേർന്ന സർവ്വകക്ഷി യോഗം, എല്ലാ ഭിന്നതകളും മറന്ന് ദുരന്തത്തിനെതിരെ കേരളം ഒരുമിച്ച് നിൽക്കുകയാണെന്ന് വ്യക്തമായി പ്രഖ്യാപിച്ചു. കേരള ജനതയുടെ വികാരം പങ്കുവയ്ക്കുക മാത്രമാണ് സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികൾ ചെയ്തത്. ഈ ഒരുമയാണ് നൂറ്റാണ്ടിന്റെ മഹാപ്രളയത്തിനു മുന്നിൽ പിടിച്ചു നിൽക്കാൻ നമുക്ക് കരുത്തായത്. (അപൂർവം ചില കോണുകളിൽ നിന്ന് മുതലെടുപ്പിനു വേണ്ടിയുള്ള അപശബ്ദങ്ങൾ ഉയർന്നെങ്കിലും സമൂഹം അതിനെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞു). ദുരിതാശ്വാസ ക്യാമ്പുകൾ ദുരിതബാധിതരോടുള്ള കരുതലിന്റെ കേന്ദ്രങ്ങളായി മാറി. ദുരിതത്തിൽ താറുമാറായ വീടുകൾ ചെളിയും മാലിന്യങ്ങളും നീക്കി വാസയോഗ്യമാക്കുന്നതിലും ഈ ഐക്യവും ആത്മാർത്ഥതയും പ്രകടമായി. തകർന്നു പോയ വൈദ്യുതി ബന്ധവും കുടിവെള്ള വിതരണ ശൃംഖലകളും പുനസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുകയാണ്. ദുരന്തമേഖലകളിൽ പകർച്ചവ്യാധികൾ തടയുന്നതിനുള്ള വ്യാപകമായ മുൻകരുതൽ നടപടികളും ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ജീവനോപാധികൾ നഷ്ടപ്പെട്ടു പോയവർക്ക് അടിയന്തര പ്രാധാന്യത്തോടെ നഷ്ടപരിഹാരം എത്തിച്ച് അവരെ എത്രയും വേഗം സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

40,000 കോടിയോളം രൂപയുടെ നഷ്ടമാണ് ഈ പ്രളയം സംസ്ഥാനത്തിനു വരുത്തിവച്ചത്. വിവിധ വകുപ്പുകൾ ശേഖരിച്ച വിശദമായ കണക്കുകൾ ലഭ്യമാവുമ്പോൾ നഷ്ടത്തിന്റെ ചിത്രം ഇതിലും ഗുരുതരമായിരിക്കും. ഈ ദുരന്തത്തെ കേരളം നേരിട്ട രീതി സമാനതകളില്ലാത്തതാണ്. മരണത്തിന്റെ മുനമ്പിൽ നിന്ന് ആളുകളെ രക്ഷപെടുത്തി ക്യാമ്പുകളിൽ എത്തിക്കുന്നതിലും ക്യാമ്പുകളിൽ അവശ്യവസ്തുക്കളും മരുന്നുകളും എത്തിക്കുന്നതിലും സൗകര്യങ്ങൾ

മന്ത്രിമാർക്ക് ജില്ലകളുടെ വിശേഷ ചുമതല നൽകിയ മുഖ്യമന്ത്രി പിണറായി വിജയൻ, കടലറിയുന്ന കപ്പിത്താനെപ്പോലെ, പ്രളയത്തിന്റെ നാളുകളിൽ കേരളത്തെ നയിച്ചു.

മന്ത്രിമാരായ എ.സി. മൊയ്തീൻ, വി.എസ്. സുനിൽകുമാർ എന്നിവർ തൃശ്ശൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കുന്നു.

ഉറപ്പു വരുത്തുന്നതിലും മാത്രമല്ല, തുടർന്നുള്ള പ്രവർത്തനങ്ങളിലും ഈ നാടിന്റെ ഐക്യവും കരുത്തും പ്രകടമായി. ഇതിനകം 5 ലക്ഷത്തോളം കുടുംബങ്ങൾക്ക് 10,000 രൂപ വീതം അടിയന്തര സഹായമായി നൽകിക്കഴിഞ്ഞു. ദുരിതബാധിതർക്കുള്ള കിറ്റ് വിതരണവും ഏറെക്കുറെ പൂർത്തിയായി.

പ്രളയകാലം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വെല്ലുവിളിയുടെ നാളുകളായിരുന്നു. അവസരത്തിനൊത്ത് ഉയരാനും ദുരന്തനിവാരണ, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിർണായക പങ്ക് വഹിക്കാനും പ്രാദേശിക സർക്കാരുകൾക്ക് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും കൺട്രോൾ റൂമുകൾ തുറന്ന് ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. ദുരിതബാധിത മേഖലകളിലേക്കുള്ള ദുരിതാശ്വാസ സാധനങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുറന്ന കളക്ഷൻ സെന്ററുകൾ ദിവസങ്ങൾക്കകം കോടിക്കണക്കിന് രൂപയുടെ സാധനങ്ങളാണ് ശേഖരിച്ചത്. ക്യാമ്പുകൾ തുറക്കുന്നതിലും മികച്ച രീതിയിൽ നടത്തുന്നതിലും ഗ്രാമ പഞ്ചായത്തുകൾ അടക്കമുള്ള തദ്ദേശ സ്ഥാപനങ്ങൾ പ്രധാന പങ്കു വഹിച്ചു. ഇതിനാവശ്യമായ ഉത്തരവുകളും നിർദേശങ്ങളും യഥാസമയം ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് കഴിഞ്ഞു. പ്രളയബാധിത മേഖലകളിൽ ശുചീകരണ സാമഗ്രികളും മറ്റും ലഭ്യമാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ സർക്കാർ അടിയന്തര അനുമതി നൽകുകയുണ്ടായി.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വാർഡുതല തലത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന വോളന്റിയേഴ്സ് ടീം രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ടീമുകളിൽ സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി-യുവജന സംഘടനകളുടെയും കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികളുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. ചെളിയും മാലിന്യങ്ങളും അടിഞ്ഞുകൂടി താറുമാറായ 6.89 ലക്ഷത്തോളം വീടുകൾ ഇതിനകം ശുചീകരിച്ചു. മൂന്നു ലക്ഷത്തിലധികം (3.19 ലക്ഷം) കിണറുകളും വൃത്തിയാക്കി. ശുചിയാക്കിയ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പ്രളയബാധിത പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഏറ്റവും രൂക്ഷമായ പ്രശ്നമായിരുന്നു. ഈ മേഖലകളിലും ക്യാമ്പുകളിലും ശുദ്ധ ജലമെത്തിക്കുന്നതിനു യുദ്ധകാലാടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ജല അതോറിറ്റിയുമായി ചേർന്ന് നടപടി സ്വീകരിച്ചു. നിലവിലെ കുടിവെള്ള കിയോസ്കുകൾ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കാനുംപുതിയവസ്ഥാപിക്കേണ്ടതിന് ആവശ്യമെങ്കിൽ വാട്ടർ ടാങ്കുകൾ വാങ്ങാനും സർക്കാർ അനുമതി നല്കിയിട്ടുണ്ട്. കുടിവെള്ള ക്ഷാമമുള്ള ഉൾപ്രദേശങ്ങളിൽ ചെറിയ വാഹനങ്ങളിലോ വള്ളങ്ങളിലോ ശുദ്ധജലമെത്തിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഗംബൂട്ടുകൾ, ഷൂസുകൾ എന്നിവയും ബ്ലീച്ചിങ്ങ് പൗഡർ മുതലായവും ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിച്ചു. അവശരായവരെ സഹായിക്കാൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തി. കേടുപാടുകൾ സംഭവിച്ച വീടുകൾ വാസയോഗ്യമാക്കുന്നതിലും സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിലും ഇലക്ട്രീഷ്യൻമാർ, പ്ലംബർമാർ മുതലായവരുടെ സേവനവും ലഭ്യമാക്കി. സർക്കാരിന്റെ പ്രത്യേക അനുമതിക്ക് കാത്തുനിൽക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാനാവും. അതിനുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട്.

പ്രളയമേഖലകളിൽ നിന്ന് ശേഖരിച്ച 4200 ടണ്ണിലധികം ജൈവമാലിന്യങ്ങൾ ഏറെക്കുറെ പൂർണ്ണമായും ഇതിനകം സംസ്കരിച്ചു. 4300 ടണ്ണിലധികം അജൈവ മാലിന്യങ്ങൾ ശേഖരിച്ചത് ഘട്ടംഘട്ടമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കു കയാണ്. പ്രളയ മേഖലകളിൽ നിന്ന് ശേഖരിച്ച മെത്തകൾ, പ്ലാസ്റ്റിക്

40,000 കോടിയോളം രൂപയുടെ നഷ്ടമാണ് ഈ പ്രളയം സംസ്ഥാനത്തിനു വരുത്തിവച്ചത്. വിവിധ വകുപ്പുകൾ ശേഖരിച്ച വിശദമായ കണക്കുകൾ ലഭ്യമാവുമ്പോൾ നഷ്ടത്തിന്റെ ചിത്രം ഇതിലും ഗുരുതരമായിരിക്കും.

വസ്തുക്കൾ, ഇ-മാലിന്യങ്ങൾ മുതലായവ നീക്കം ചെയ്ത് സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രളയത്തിനു ശേഷമുള്ള സാഹചര്യം പരിശോധിച്ച് വികസന പ്രോജക്ടുകളിൽ ഉചിതമായ ഭേദഗതികൾ വരുത്താനും പ്രാദേശിക സർക്കാരുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം ഏറ്റവും ഗുണപരമായ പ്രോജക്ടുകൾക്ക് ഉപയോഗിക്കണം. അത്യാവശ്യമില്ലാത്തതും മാറ്റിവയ്ക്കാവുന്നതുമായ പ്രോജക്ടുകളുടെ വിഹിതം പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമാണത്തിനും നാശം നേരിട്ടവയുടെ മെയിന്റനൻസിനും ഉപയോഗിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ല ആസൂത്രണസമിതിയും തദ്ദേശസ്ഥാപനങ്ങളും സർക്കാരിന്റെ ഉദ്ദേശം ഉൾക്കൊണ്ടുകൊണ്ട് പ്രവർ ത്തിക്കുമെന്ന് കരുതുന്നു. പ്രളയത്തിൽ തകർന്നുപോയ പമ്പയുടെ പുനർനിർമാണം തീർത്ഥാടന കാലത്തിനു മുമ്പ് പൂർത്തീകരിക്കാനാവുമെന്നാണ് സർക്കാർ കണക്കുകൂട്ടുന്നത്. പ്രളയത്തിൽ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള പുതിയ പുസ്തകങ്ങളുടെ വിതരണം ഏകദേശം പൂർത്തിയായി. ഒരു ലക്ഷം നോട്ടുബുക്കുകൾ ക്രൂസ് മുഖാന്തരം വിതരണം ചെയ്തു. വെള്ളം കയറി വീട്ടു സാധനങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി ഒരു ലക്ഷം രൂപ വീതം പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചു.

പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമാണവും ദുരന്തബാധിതരുടെ പുനരധിവാസവുമാണ് ഇനി നമുക്ക് മുന്നിലുള്ളത്. പ്രളയത്തിൽ തകർന്ന ആശുപത്രികളും സ്കൂളുകളും അടക്കമുള്ള സ്ഥാപനങ്ങളും വീടുകളും പുനർനിർമിക്കാൻ തയ്യാറായി വിവിധ ഏജൻസികളും സ്ഥാപനങ്ങളും വ്യക്തികളും മുന്നോട്ടു വരുന്നത് പ്രചോദനാത്മകമാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ ഏകോപിപ്പിച്ച് ആസൂത്രണ വകുപ്പ് ഒരു വെബ് പോർട്ടൽ തയ്യാറാക്കുന്നുണ്ട്. സഹായങ്ങൾ ആവശ്യമുള്ളവരുടെ വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാവും. സഹായം നൽകാൻ തയ്യാറുള്ളവർക്ക് ആ വിവരം സർക്കാരിനെ അറിയിക്കാനും ഈ പോർട്ടൽ ഉപയോഗിക്കാം.

നഷ്ടങ്ങളുടെ ഏകദേശ കണക്കിൽ നിന്ന് വ്യക്തമാകുന്നതനുസരിച്ച്, ഭീമമായ തുക കേരളത്തിന്റെ പുനർനിർമാണത്തിനായി കണ്ടെത്തേണ്ടി വരും. ആഘോഷങ്ങൾ ചുരുക്കിയും ആർഭാടം ഒഴിവാക്കിയും അതിൽ നിന്ന് സ്വരൂപിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ തയ്യാറായി മുന്നോട്ടു വരുന്ന വ്യക്തികളോടും സ്ഥാപനങ്ങളോടും കേരളം കടപ്പെട്ടിരിക്കുന്നു. സർക്കാർ ആഭിമുഖ്യത്തിലുള്ളതോ സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നടത്തുന്നതോ ആയ എല്ലാ ആഘോഷപരിപാടികളും ചെലവ് ചുരുക്കി നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കലാ- കായിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ അറിയപ്പെടുന്ന നിരവധി പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിക്കഴിഞ്ഞു. മഴക്കെടുതിയിൽ കിടപ്പാടം ഇല്ലാതായവർക്ക് വീട് വയ്ക്കാൻ സ്ഥലം ദാനം ചെയ്ത നിരവധി പേരുണ്ട്. സ്വന്തം സമ്പാദ്യ കുടുക്കയിലെ തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ കൊച്ചുകുട്ടികൾ വരെയുണ്ട്. എല്ലാവരും അവരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന മുഖ്യമന്ത്രിയുടെ "സാലറി ചാലഞ്ച് "ഏറ്റെടുക്കാൻ സർക്കാർ ജീവനക്കാരും സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും മുന്നോട്ട് വരുന്നത് ആവേശകരമാണ്. വിവിധ സംസ്ഥാനങ്ങളിൽനിന്ന് അരിയും പണവും അടക്കമുള്ള സഹായങ്ങൾ എത്തുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ പ്രവഹിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്ന് ലഭിക്കാനിടയുള്ള സഹായം നിയമപരമായ മാർഗങ്ങളിലൂടെ ലഭ്യമാക്കാൻ കഴിയും എന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രതീക്ഷ.

നഗര-ഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതതു പ്രദേശങ്ങളിലെ പ്രളയത്തിനു ശേഷമുള്ള സാഹചര്യം ശരിയായി വിലയിരുത്തുകയും വിശദമായ കർമപദ്ധതികളുമായി, നവകേരള പുനർനിർമാണത്തിൽ നേതൃത്വപരമായ പങ്കുവഹിക്കുകയും വേണം. അതിനാവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും സംസ്ഥാന സർക്കാർ നൽകിവരികയാണ്. കൂടുതൽ നല്ലൊരു കേരളത്തിലേക്ക് ചുവടുവയ്ക്കാനുള്ള അവസരമായി ഈ മഹാദുരന്തത്തെ മാറ്റിയെടുക്കാൻ നമുക്ക് കഴിയണം.

എച്. ദിനേശൻ ഐ.എ.എസ് പഞ്ചായത്ത് ഡയറക്ടറായി ചുമതലയേറ്റു

പഞ്ചായത്ത് ഡയറക്ടറായി എച്. ദിനേശൻ ഐ.എ.എസ് ചുമതലയേറ്റു. തുറമുഖ വകുപ്പ് ഡയറക്ടറായി സേവനമനുഷ്ഠിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ അഡിഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, ഡെപ്യൂട്ടി കളക്ടർ എന്നീ തസ്തികകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾ അതതു പ്രദേശങ്ങളിലെ പ്രളയത്തിനു ശേഷമുള്ള സാഹചര്യം ശരിയായി വിലയിരുത്തുകയും വിശദമായ കർമപദ്ധതികളുമായി, നവകേരള പുനർനിർമാണത്തിൽ നേതൃത്വപരമായ പങ്കുവഹിക്കുകയും വേണം.

വീണ്ടെടുക്കണം ഹരിതജീവിതം

ടി.എൻ. സീമ

പ്രളയവും മണ്ണിടിച്ചിലും കൊണ്ട് അട്ടിമറിക്കപ്പെട്ട ഭൂപ്രകൃതിയും പ്രകൃതി ദുരന്തം കൊണ്ട് താറുമാറായ മനുഷ്യ ജീവിതവും വീണ്ടെടുക്കുന്നതിനുള്ള മഹായജ്ഞത്തിലാണ് കേരളം. കാലവർഷം ആരംഭിക്കുന്നത് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഹരിത കേരളം മിഷന്റെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ജല സംരക്ഷണ പ്രവർത്തനങ്ങളും തരിശു ഭൂമി കൃഷി വ്യാപനവുമെല്ലാം ഫലപ്രദമായി നടന്നു വരുന്ന അനുഭവമാണ് ഉണ്ടായിരുന്നത്. കാലവർഷത്തിന്റെ ആഘാതത്തിൽ അത്തരം പ്രവർത്തനങ്ങളിൽ സ്വാഭാവികമായും തടസങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അതിലേറെ പ്രധാനം സംസ്ഥാനത്ത് മൂന്നു മാസം മുമ്പുണ്ടായിരുന്ന പാരിസ്ഥിതിക അന്തരീക്ഷത്തിൽ നിന്ന് വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുള്ള ഒരു സാഹചര്യം ഹരിത കേരളം മിഷൻ മുന്നോട്ടു വെയ്ക്കുന്ന ശുചിത്വം, ജലസംരക്ഷണം,കൃഷിവികസനം എന്നീ മൂന്നു മേഖലകളിലും സൃഷ്ടിക്കപ്പെട്ടു എന്നതാണ്. പ്രളയക്കെടുതി സൃഷ്ടിച്ചിട്ടുള്ള പുതിയ വെല്ലുവിളികൾക്ക് പരിഹാരം തേടുന്നതോടൊപ്പം മാറിയ പാരിസ്ഥിതിക സാഹചര്യം കണക്കിലെടുത്ത് മുന്നോട്ടു പോകുക എന്ന ഇച്ഛാശക്തിയോടെ വീണ്ടെടുപ്പിന്റെ പുതിയ കർമ്മപദ്ധതികൾ സർക്കാർ ആവിഷ്കരിക്കുമ്പോൾ സംസ്ഥാനത്തെ പരിസ്ഥിതിപുനഃസ്ഥാപനം ലക്ഷ്യമിട്ട് രൂപം നല്കിയ ഹരിത കേരളം മിഷനും ആ കർമ്മപദ്ധതിയിൽ നിർണ്ണായക പങ്കു വഹിക്കാനുണ്ട്.

വെള്ളം ഇറങ്ങിത്തുടങ്ങുന്ന ഘട്ടത്തിലാണ് സംസ്ഥാന മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ശുചീകരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനും ഹരിത കേരളം മിഷനും ശുചിത്വമിഷനുമായിരിക്കും എന്ന് തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷനു പ്രധാനമായും നല്കിയ ചുമതല പരമാവധി സന്നദ്ധ പ്രവർത്തനം ശുചീകരണ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക എന്നതായിരുന്നു.

വെള്ളപ്പൊക്കത്തിൽ നിന്നുള്ള രക്ഷാപ്രവർത്തനങ്ങളിൽ ഉണ്ടായ സന്നദ്ധപ്രവർത്തനവും ജനപങ്കാളിത്തവും ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിക്കത്തക്ക വിധം അഭിമാനകരമായിരുന്നു. കേരളത്തിലെ പൗരസമൂഹം എത്രമാത്രം സാമൂഹ്യ പ്രതികരണ ശേഷിയുള്ളതാണെന്ന് തെളിയിക്കുന്ന ദിവസങ്ങളാണ് കടന്നുപോയത്. രാഷ്ട്രീയപ്പാർട്ടികൾ, സാമൂഹ്യ സംഘടനകൾ അവരുടെ പ്രവർത്തകരെ സകല സന്നാഹങ്ങളുമായി ദുരിതബാധിത പ്രദേശങ്ങളിൽ ശുചീകരണത്തിനായി അണിനിരത്തി.

കേവലം സർക്കാർ പദ്ധതികൾ കൊണ്ട് മാത്രം മായ്ക്കാനാകുന്നതല്ല ഈ ദുരന്തം സൃഷ്ടിച്ച മുറിവുകൾ. സഹജീവികളുടെ സാധാരണ ജീവിതം അവർക്ക് മടക്കിക്കൊടുക്കാൻ വിപുലമായ ജനകീയ ഇടപെടലുകൾ ഉണ്ടാകണം.

വിദ്യാർത്ഥികൾ, തൊഴിലാളികൾ, ജീവനക്കാർ, യുവജനങ്ങൾ, സ്ത്രീകൾ തുടങ്ങി സമൂഹത്തിലെ എല്ലാ മണ്ഡലങ്ങളിൽ നിന്നുമുള്ളവർ സഹജീവികളുടെ കദനം കഴുകിക്കളയാൻ ഒറ്റമനസ്സോടെ പ്രവർത്തിച്ച അനുഭവങ്ങൾ ഒരുപാട് പങ്കുവയ്ക്കാനാകും. അതികഠിനമായ ശുചീകരണ പ്രവർത്തനങ്ങളാണ് മിക്ക സ്ഥലങ്ങളിലും ഏറ്റെടുക്കേണ്ടി വന്നത്. എന്നാൽ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായവർ പരസ്പരം കൈമാറിയത് മനുഷ്യത്വത്തിന്റെ അസാമാന്യ പാഠങ്ങളാണ്. ഏറെ ദുരിതം ബാധിക്കാതിരുന്ന ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അദ്ധ്യക്ഷരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ദ്ധരും ആവശ്യമായ ശുചീകരണ സാമഗ്രികളും ഒക്കെയായി തുടർച്ചയായി മൂന്നും നാലും ദിവസം ദുരിതബാധിത പ്രദേശങ്ങളിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ പരസ്പരം താങ്ങാവുന്ന ഐക്യദാർഢ്യത്തിന്റെ അത്യപൂർവ്വ കാഴ്ചയായിരുന്നു അത്.

ഈ ഘട്ടത്തിൽ സന്നദ്ധ പ്രവർത്തനത്തിന് സജ്ജരായ ആളുകൾക്കും സംഘടനകൾക്കും രജിസ്റ്റർ ചെയ്തു കൊണ്ട് ദുരിതബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് സർക്കാരിന്റെ റെസ്ക്യൂ കേരള വെബ്സൈറ്റിന് പുറമേ ഹരിത കേരളം മിഷന്റെ വെബ് സൈറ്റിലും ഫോൺ വഴിയും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. വളരെ ആവേശകരമായ പ്രതികരണമാണ് ഇതിൽ ഉണ്ടായത്. 15 മുതൽ 100 വരെ അംഗങ്ങളുള്ള ഇരുന്നൂറിലധികം സംഘടനകളും അയ്യായിരത്തിലധികം വ്യക്തികളും ഇതുവരെ നേരിട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇങ്ങനെ രജിസ്റ്റർ ചെയ്ത സംഘടനകൾ മിക്കതും ഒന്നിലധികം തവണ ശുചീകരണത്തിനായി വിവിധ പ്രദേശങ്ങളിൽ പോയിട്ടുണ്ട്. മിഷൻ വഴി രജിസ്റ്റർ ചെയ്തവരും അല്ലാത്തവരുമായിട്ടുള്ളവരെ ശുചീകരണം ആവശ്യമുള്ള സ്ഥലങ്ങളുമായി ഏകോപിപ്പിക്കുന്നതിനു മിഷന്റെ ജില്ലാ കോർഡിനേറ്റർമാർ ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് തന്നെ നടപടി സ്വീകരിച്ചു. മിഷൻ നേരിട്ട് തന്നെ ഇരുന്നൂറിലധികം പ്രഷർ പമ്പുകൾ, നിരവധി ലോഡ് കുമ്മായം, ബ്ലീച്ചിംഗ് പൗഡർ, ഒന്നര ലക്ഷം ഗ്ലൗസുകൾ, ഗം ബൂട്ടുകൾ, വിവിധ തരം ക്ലീനിംഗ് ലോഷനുകൾ, ശുചീകരണ ആയുധങ്ങൾ തുടങ്ങിയവ ദുരിത ബാധിത ജില്ലകളിൽ എത്തിച്ചു. ആ പ്രവർത്തനം ഇപ്പോഴും തുടരുകയാണ്. ശുചീകരണ സാമഗ്രികൾ സമാഹരിക്കുന്നതിന് റെയിഡ്കോ, ഇന്ത്യൻ ബാങ്ക്, കാനറാ ബാങ്ക് , തിരുവനന്തപുരം എം. പി. ഡോ. ശശി തരൂർ, തിരുവനന്തപുരം ജില്ലാ ഭരണകൂടം, ഹിന്ദുസ്ഥാൻ ലാറ്റെക്സ് തുടങ്ങി നിരവധി സഹായഹസ്തങ്ങൾ ഹരിതകേരളം മിഷനെ പിന്തുണച്ചു.

ഹരിതകേരളം മിഷനും തൊഴിൽ നൈപുണ്യ വികസന വകുപ്പുമായി ചേർന്ന് നൈപുണ്യ കർമ്മസേന എന്ന പേരിൽ കേരളത്തിലെ എല്ലാ ജില്ലകളിലെയും ഐ.ടി. ഐകളിലെ സീനിയർ വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർഥികൾ, ഇൻസ്ട്രക്ടർമാർ എന്നിവർ നടത്തിയ അറ്റകുറ്റപ്പണികൾ വ്യാപകമായ അഭിനന്ദനം നേടുകയുണ്ടായി. ഇലക്ട്രീഷ്യൻ, പ്ലംബർ, കാർപ്പന്റർ, മേസൻ തുടങ്ങിയ വിവിധ സാങ്കേതിക മേഖലയിൽ വൈദഗ്ധ്യം ഉള്ളവരാണ് ഈ ടീമിൽ ഉള്ളത്. 14 ജില്ലകളിലെയും വിവിധ ഐ.ടി.ഐകളിൽ നിന്നുള്ള ടീമുകൾ ഏറ്റവും സ്തുത്യർഹമായ നിലയിൽ സഹജീവികളോടുള്ള തങ്ങളുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഇതുവരെ 6500 ലധികം വീടുകളിൽ പ്രവർത്തനം നടത്തി. ഈ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യമനുസരിച്ച് ഇനിയും തുടരും. ഒഡീസയിൽ നിന്നുള്ള 25 പേരുടെ ടീം എറണാകുളം ജില്ലയിലെ ദുരിതബാധിത പഞ്ചായത്തുകളിൽ കേരളത്തിലെ നൈപുണ്യ സേനയ്ക്കൊപ്പം നൂറുകണക്കിന് വീടുകളിൽ അറ്റകുറ്റപ്പണികൾ നടത്തി എന്നതും ശ്രദ്ധേയമാണ്.

പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണവും മാലിന്യ സംസ്കരണവും കടുത്ത വെല്ലുവിളിയാണ് ഉയർത്തിയത്. വെള്ളം കയറിയ വീടുകളിലെയും സ്ഥാപനങ്ങളിലെയും ഏതാണ്ടെല്ലാ സാധനങ്ങളും ഉപയോഗശൂന്യമായി മാറിയ സാഹചര്യത്തിൽ ഓരോ വീടിനും ഓരോ സ്ഥാപനത്തിനും മുന്നിൽ അവ പുറന്തള്ളപ്പെട്ട നിലയിലായി. ചെളിയിൽ പൊതിഞ്ഞ് വേർതിരിക്കാൻ പോലും ആകാത്ത തരത്തിൽ കൂട്ടിയിടപ്പെട്ട മാലിന്യങ്ങൾ വഴിയോരങ്ങളിലേക്കും പുഴകളിലേക്കും മറ്റു ജലാശയങ്ങളിലേക്കും നിക്ഷേപിക്കുന്ന സാഹചര്യം ഒഴിവാക്കുക എന്ന വെല്ലുവിളിയാണ് ഈ ഘട്ടത്തിൽ നേരിടേണ്ടി വന്നത്. വെള്ളപ്പൊക്കത്തിന്റെ ഭാഗമായി ഉണ്ടായ ജൈവ മാലിന്യങ്ങൾ പറ്റുന്ന സ്ഥലങ്ങളിൽ കുഴിച്ചു മൂടണമെന്നും ഖര മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു വായ ഒരു സ്ഥലം കണ്ടെത്തി അവിടെ ശേഖരിക്കുകയും അതിനു ശേഷം ഹരിതകേരളം മിഷനും ശുചിത്വ മിഷനും നിയോഗിക്കുന്ന ഏജൻസികൾക്ക് കൈമാറണമെന്നും ഉള്ള നിർദ്ദേശമാണ് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയത്. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തി

ഖരമാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വരും നാളുകളിൽ ദൈനംദിന ജീവിതശീലങ്ങളുടെ ഭാഗമായി മാറേണ്ടതുണ്ട് എന്ന് ഈ ദുരന്തം നമ്മളെ ജാഗ്രതപ്പെടുത്തുന്നു.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധത്തെ ശക്തമാക്കി ക്കൊണ്ടും പരിസ്ഥിതിയെ അറിഞ്ഞും ആദരിച്ചുമുള്ള ജീവിത ശൈലി രൂപപ്പെടുത്തിയും നടപ്പാക്കേണ്ട വികസനമാണ് നാടിനാവശ്യം. അത് പരിസ്ഥിതി മൗലിക വാദമല്ല, മറിച്ച്, മനുഷ്യവംശത്തെ നിലനിർത്തുന്നതിന് അനിവാര്യമായ കരുതലാണ്.

ലാണ് പ്രധാനമായും ശേഖരിക്കപ്പെട്ട മാലിന്യം കയ്യൊഴിയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ഹരിത സഹായ സ്ഥാപനങ്ങൾ, സ്ക്രാപ്പ് മർച്ചന്റ്സ് അസോസിയേഷൻ, മറ്റു ഏജൻസികൾ എന്നിവയൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിൽ പങ്കാളികളായി. എന്നാൽ ഏറ്റവും വലിയ വെല്ലുവിളി ചെളിയിൽ കുതിർന്ന മാലിന്യങ്ങൾ വേർതിരിക്കുക എന്നത് തന്നെയായിരുന്നു. രണ്ടാമത്തെ വെല്ലുവിളി വീടുകൾക്കും സ്ഥാപനങ്ങൾക്കും മുന്നിൽ നിന്നും റോഡിന്റെ വശങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യം ഏജൻസികൾക്ക് കൈമാറുന്നതിന് മുമ്പായി സംഭരിക്കുന്നതിന് ഒരു പൊതുസ്ഥലം കണ്ടെത്തുക എന്നതായിരുന്നു. ജില്ലാ ഭരണകൂടവും ഹരിത കേരളം മിഷനും ശുചിത്വ മിഷനും തദ്ദേശഭരണവകുപ്പും ക്ലീൻ കേരള കമ്പനിയും ചേർന്ന് നടത്തിയ കഠിനമായ പരിശ്രമത്തെ തുടർന്ന് കണ്ടെത്തിയ സ്ഥലങ്ങളിൽ മാലിന്യം കൊണ്ട് വരുന്നതിനെതിരെ പ്രാദേശിക എതിർപ്പുകൾ ഉയർന്നു വന്നത് മാലിന്യ നീക്കത്തെ സാരമായി ബാധിക്കുന്ന സ്ഥിതിയും സൃഷ്ടിച്ചു. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് തന്നെ മാലിന്യം നിക്ഷേപിക്കുന്നതിനായുള്ള പൊതുസ്ഥലം കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന സ്ഥിതിയുണ്ടായി. പല പ്രതികൂല സാഹചര്യങ്ങളുണ്ടായെങ്കിലും കഴിഞ്ഞ ആഗസ്റ്റ് 25 നുശേഷം 9 ജില്ലകളിൽ നിന്നായി 3051 ടൺ മാലിന്യം ദുരിത ബാധിത പ്രദേശങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

ഈ പ്രവർത്തനം ഇപ്പോഴും തുടരുകയാണ്. തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തുന്ന മാലിന്യസംഭരണ കേന്ദ്രങ്ങളിലെ മാലിന്യം മൂന്നു മാസത്തിനകം പൂർണ്ണമായും ആ സ്ഥലത്ത് നിന്നും ഒഴിവാക്കിക്കൊടുക്കണം എന്ന നിർദ്ദേശമാണ് ഏജൻസികൾക്ക് നല്കിയിട്ടുള്ളത്. വീടുകളിലും മറ്റും വെള്ളം കയറി കേടുപാടായ ഇലക്ട്രോണിക്സ് ഉപകരണങ്ങളും കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ, വീട്ടുപകരണങ്ങൾ എന്നിവ ഐടിഐ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ഉപകരണ നിർമ്മാതാക്കൾ എന്നിവരുടെ സഹായത്തോടെ റിപ്പയർ ചെയ്യുന്ന പ്രാദേശിക ക്ലിനിക്കുകൾ ഹരിതകേരളം മിഷന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കും. ഈ മേഖലകളിലെ കേരളത്തിലെ ഡീലേഴ്സിന്റെ സംഘടനകൾ എല്ലാ പിന്തുണയുമായി മുന്നോട്ടു വന്നിട്ടുണ്ട്. സൗജന്യമായിട്ടായിരിക്കും റിപ്പയർ നടത്തുക. ഇതിനാവശ്യമായ സ്പെയർപാർട്സ് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ചർച്ച കമ്പനികളുമായി നടക്കുകയാണ്. ദുരിതബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് സേവനം എന്ന നിലയിലും മാലിന്യം കുറയ്ക്കുന്നതിനുള്ള ഇടപെടൽ എന്ന നിലയിലുമാണ് ഈ പ്രവർത്തനം സംഘടിപ്പിക്കുന്നത്.

ശുചിത്വ-മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മ സേനകളെ ദുരിതാശ്വാസ ക്യാമ്പുകളുടെ ശുചീകരണത്തിലും അതിനുശേഷമുള്ള പൊതു ശുചീകരണത്തിലും നിയോഗിക്കുന്നതിൽ നിരവധി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്തിട്ടുണ്ട്. ഹരിതകർമ്മ സേനകളെ കൂടുതൽ സജ്ജരാക്കി മെച്ചപ്പെട്ട ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തും ഫലപ്രദമാക്കാൻ കഴിയുമെന്നതിന്റെ തെളിവാണ് ഈ അനുഭവം. വെള്ളപ്പൊക്കത്തെ തുടർന്ന് ജലസ്രോതസ്സുകളിലും പുഴകളുടെ കരകളിലും വഴിയോരങ്ങളിലും അടിഞ്ഞു കൂടിയ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം അമ്പരപ്പുണ്ടാക്കും വിധം ഭീമമാണ്. ഇവയെ വേണ്ടവിധം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക എന്ന ഉത്തരവാദിത്വം പൂർത്തീകരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പകർച്ചവ്യാധികൾ ഉൾപ്പെടെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് അവ വഴിവെയ്ക്കും. മാത്രമല്ല, വരുന്ന തുലാമഴയ്ക്ക് നീരൊഴുക്കിന് തടസങ്ങൾ സൃഷ്ടിച്ചും മാലിന്യങ്ങൾ നാടാകെ വ്യാപിപ്പിച്ചും കടുത്ത പ്രതിസന്ധിയാകും ഇവ മൂലം ഉണ്ടാകുന്നത്. തോടുകളുടെ നീരൊഴുക്ക് തടസപ്പെടുത്തുന്ന

തരത്തിൽ മാലിന്യം അടിഞ്ഞിട്ടുള്ളത് അടിയന്തരമായി നീക്കം ചെയ്യേണ്ടതുണ്ട്. കൃഷിയിടങ്ങൾ അടക്കം മാലിന്യം കലർന്ന സാഹചര്യമുണ്ട്. കൃഷി വീണ്ടെടുക്കാൻ കൃഷിയിടങ്ങൾ മാലിന്യമുക്തമാക്കണം എന്ന സ്ഥിതി പലയിടത്തുമുണ്ട്. ഖര മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വരും നാളുകളിൽ ദൈനംദിന ജീവിതശീലങ്ങളുടെ ഭാഗമായി മാറേണ്ടതുണ്ട് എന്ന് ഈ ദുരന്തം നമ്മളെ ജാഗ്രതപ്പെടുത്തുന്നു.

ദുരിതബാധിത പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നം വെല്ലുവിളിയായി തുടരുന്ന സാഹചര്യത്തിലാണ് തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം ഹരിത കേരളം മിഷനും മലിനീകരണ നിയന്ത്രണ ബോർഡും ചേർന്ന്, ഒരു ഘട്ടം ക്ലോറിനേഷൻ കഴിഞ്ഞ കിണറുകളിലെ വെള്ളം പരിശോധിച്ച് കൊണ്ട് പ്രശ്നങ്ങൾ നില നില്ക്കുന്ന സ്ഥലങ്ങളിൽ വീണ്ടും ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പരിപാടി ആവിഷ്കരിച്ചത്. ഭക്ഷ്യ സുരക്ഷാ വിഭാഗവും വാട്ടർ അതോറിറ്റിയും കൂടി തുടർന്നുള്ള വിശദപരിശോധനകളിൽ പങ്കാളികളാകും. ഹയർ സെക്കണ്ടറി സ്കൂൾ തലത്തിലും കോളേജ് തലത്തിലുമുള്ള എൻ എസ് എസ് വളന്റിയർമാരാണ് ആദ്യ ഘട്ടം പ്രവർത്തനത്തിൽ സാമ്പിൾ ശേഖരിക്കുന്നത്. മുഴുവൻ ദുരിത ബാധിത പ്രദേശത്തെയും കിണറുകൾ ഉപയോഗയോഗ്യമാക്കുക എന്നത് വളരെ പ്രധാനമാണ്. ആദ്യ ഘട്ടത്തിൽ 6 ജില്ലകളിലെ ദുരിത ബാധിത പ്രദേശങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പതിനാറായിരത്തിലധികം കിണറുകളിലെ സാമ്പിളാണ് പരിശോധനയ്ക്ക് വിധേയമാക്കുക. അടുത്ത ഘട്ടത്തിൽ വെള്ളപ്പൊക്കം ബാധിച്ച മുഴുവൻ പ്രദേശത്തെയും കിണറുകൾ പരിശോധനാവിധേയമാക്കും. ഈ പ്രവർത്തനങ്ങളിലെല്ലാം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും സഹകരണവും അനിവാര്യമാണ്.

പ്രളയദുരന്തത്തിൽ നിന്നും ഈ ദുരന്തം സൃഷ്ടിച്ച ആഘാതത്തിൽ നിന്നും ജനങ്ങളെയും നാടിനെയും വീണ്ടെടുക്കുക എന്ന നിർണ്ണായക ദൗത്യമാണ് കേരളത്തിലെ ഓരോ വ്യക്തിയുടെയും മുന്നിലുള്ളത്. കേവലം സർക്കാർ പദ്ധതികൾ കൊണ്ട് മാത്രം മായ്ക്കാനാകുന്നതല്ല ഈ ദുരന്തം സൃഷ്ടിച്ച മുറിവുകൾ. സഹജീവികളുടെ സാധാരണ ജീവിതം അവർക്ക് മടക്കിക്കൊടുക്കാൻ വിപുലമായ ജനകീയ ഇടപെടലുകൾ ഉണ്ടാകണം. തിരിച്ചറിയുകയും ഉൾക്കൊള്ളുകയും ചെയ്യേണ്ട പ്രളയപാഠങ്ങളുടെ അടിസ്ഥാനത്തിൽ ജാഗ്രതയോടെ മുന്നോട്ടു പോകേണ്ടതുണ്ട്. ശാസ്ത്രീയമായ പഠനങ്ങളിലൂടെ പാരിസ്ഥിതിക സമനില സംരക്ഷിച്ചുകൊണ്ട് മാത്രമേ പുനർനിർമ്മാണം നടത്തുകയുള്ളൂ എന്ന് സംസ്ഥാന മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധത്തെ ശക്തമാക്കിക്കൊണ്ടും പരിസ്ഥിതിയെ അറിഞ്ഞും ആദരിച്ചുമുള്ള ജീവിത ശൈലി രൂപപ്പെടുത്തിയും നടപ്പാക്കേണ്ട വികസനമാണ് നാടിനാവശ്യം. അത് പരിസ്ഥിതി മൗലിക വാദമല്ല, മറിച്ച്, മനുഷ്യവംശത്തെ നിലനിർത്തുന്നതിന് അനിവാര്യമായ കരുതലാണ്. പച്ചയിലൂടെ വൃത്തിയിലേക്ക് എന്ന സന്ദേശമുയർത്തിക്കൊണ്ട് കേരളത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുന്നതിനും മണ്ണും ജലവും ജൈവ വൈവിദ്ധ്യവും സംരക്ഷിച്ചു കൊണ്ട് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിടുന്ന ഹരിതകേരളം മിഷന് രൂപം നല്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രഖ്യാപിച്ചത് ഈ കരുതൽ തന്നെയാണ്. നാടിനെ പുനർനിർമ്മിക്കാനുള്ള മഹായജ്ഞത്തിലൂടെ ഹരിതകേരളം എന്ന ലക്ഷ്യത്തിലേക്ക് നമുക്ക് മുന്നേറാം. ശുചിത്വം പൗരബോധത്തിന്റെ ഭാഗമായി മാറുന്ന സംസ്കാരം ചെറുപ്പം മുതൽ നമുക്ക് പുതിയ തലമുറയെ നിർബന്ധമായും പഠിപ്പിക്കാം. നമ്മുടെ നീർച്ചാലുകളെയും നദികളെയും കുളങ്ങളെയും ജീവജലം പോലെ കരുതി സംരക്ഷിക്കാം, ഓരോ തുണ്ട് ഭൂമിയിലും പ്രകൃതി ഒളിപ്പിച്ചു വെച്ച മഹാത്ഭുതങ്ങളെ വിളയിച്ച് ആരോഗ്യം വീണ്ടെടുക്കാം. 'ഭൂമി തന്നൊപ്പ് നകർന്ന് ഭൂമി തണുപ്പായി' മാറുന്ന ഹരിത ജീവിതം നമുക്ക് സൃഷ്ടിക്കാം.

രക്ഷാപ്രവർത്തനങ്ങളിൽ ഉണ്ടായ സന്നദ്ധ പ്രവർത്തനവും ജനപങ്കാളിത്തവും ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിക്കത്തക്കവിധം അഭിമാനകരമായിരുന്നു.

ലേഖിക ഹരിതകേരളം മിഷൻ ഉപാധ്യക്ഷയാണ്.

പ്രളയകാലത്തെ നഗരകാര്യങ്ങൾ

ആർ. ഗിരിജ ഐ.എ.എസ്

ഏതോ കാലത്തെ അവിശ്വസനീയമായ ഒരു അമ്മൂമ്മക്കഥ പുനർ ജനിക്കുന്നതുപോലെ, നാട്ടും നഗരവും കാട്ടും മലയും പുഴയും മുങ്ങിയാണ് മഴ പെരും പ്രളയമായി കേരളത്തെ കണ്ണീർ കുടിപ്പിച്ചത്. കേരളം പരിചയിച്ചിട്ടുള്ള വെള്ളപ്പൊക്കങ്ങൾക്കെല്ലാമപ്പുറത്ത് ഇടവപ്പാതിയിൽ ഇടമുറിയാതെ പ്രളയമെന്ന യാഥാർത്ഥ്യം പെയ്തിറങ്ങിയപ്പോൾ ദുരന്തസാഹചര്യങ്ങളെ വെല്ലുവിളിയോടെ നേരിടുന്നതിൽ കേരളത്തിലെ നഗരസഭകൾ നടത്തിയ അടിയന്തര പ്രവർത്തനങ്ങൾ വിഭിന്നമായ ഒരു രേഖപ്പെടുത്തലാണ്. നഗരസഭാ തലത്തിൽ നടത്തിയ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ശുചീകരണ യജ്ഞവും നിർണ്ണായകമായ ചെറിയ സമയത്തിൽ മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തിയതുമെല്ലാം നഗരസഭാ നേതൃത്വത്തിന്റെ മികവും നഗരകാര്യ വകുപ്പ് മുഖേനയുള്ള ഏകോപനത്തിന്റെ പ്രായോഗികതയുമാണ് സൂചിപ്പിക്കുന്നത്. ബന്ധപ്പെട്ട എല്ലാ നഗരസഭകളിലും കൺട്രോൾ റൂമുകൾ തുടങ്ങിയതും അവ ഏകീകരിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ പ്രത്യേക കൺട്രോൾ റൂം ഉണ്ടായിരുന്നതും ദുരിതകാല നടപടികൾക്ക് സഹായകമായിട്ടുണ്ട്.

പ്രളയബാധിതമായ നഗരസഭകളിൽ ഒരുക്കിയിരുന്ന ക്യാമ്പുകളുടെ ചുമതല നഗരസഭാ നേതൃത്വത്തിൽ ഭംഗിയായി നിർവ്വഹിച്ചിരുന്നു. ക്യാമ്പുകളിൽ താമസിപ്പിച്ചിരുന്നവർക്ക് ഭക്ഷണം, കുടിവെള്ളം, വസ്ത്രം, മറ്റ് അവശ്യ വസ്തുക്കൾ, വൈദ്യ സഹായം എന്നിവ നൽകുന്നതിൽ നഗരസഭാ ജീവനക്കാരും അനുബന്ധ പ്രാദേശിക സന്നദ്ധ പ്രവർത്തകരും നിതാന്ത ജാഗ്രത പുലർത്തിയിരുന്നു. ക്യാമ്പുകളിൽ വൈദ്യുതി ലഭ്യമാക്കുക, ബയോടോയ്‌ലറ്റ് സംവിധാനം ഒരുക്കുക, ദൈനംദിന ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക എന്നീ പ്രവർത്തനങ്ങളിൽ നഗരസഭകൾ വിജയം വരിച്ചിട്ടുണ്ട്. പകർച്ചവ്യാധി, രോഗ വിവരശേഖരണങ്ങൾക്ക് ചിട്ടയായ സംവിധാനമുണ്ടായിട്ടുണ്ട്. ജനപ്രതിനിധികൾ മുഖേനയുള്ള ശ്രമദാനങ്ങൾ വിഷമസന്ധികൾ ലഘൂകരിക്കുന്നതിന് സഹായിച്ചു. ഉന്നത ഉദ്യോഗസ്ഥർ തൊട്ട് താഴെത്തട്ടിലെ ജീവനക്കാർ വരെ ഊണും ഉറക്കവുമുപേക്ഷിച്ച് കർമ്മനിരതരായ കാഴ്ചയാണ് നാം കണ്ടത്.

ഉന്നത ഉദ്യോഗസ്ഥർ തൊട്ട് താഴെത്തട്ടിലെ ജീവനക്കാർ വരെ ഊണും ഉറക്കവുമുപേക്ഷിച്ച് കർമ്മനിരതരായ കാഴ്ചയാണ് നാം കണ്ടത്.

വീടുകളും പൊതുസ്ഥലങ്ങളും മറ്റു സ്ഥാപനങ്ങളും ശുചീകരിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരുന്നു. നഗരസഭകളിലെ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ദിനംപ്രതി ലഭ്യമാക്കി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. കിണറുകൾ ശുചീകരിക്കുന്നതിന് മുൻഗണന നൽകിയിരുന്നു. ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ തുടങ്ങിയവയുടെ പിൻതുണയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള യന്ത്ര-വാഹന സൗകര്യങ്ങൾ ഉപയുക്തമാക്കി

യും മനുഷ്യ വിഭവശേഷി ഫലവത്താക്കിയും പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുള്ളതും തുടർ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതുമാണ്.

പ്രളയം ബാധിച്ച വീടുകളും പൊതുസ്ഥലങ്ങളും വൃത്തിയാക്കുന്ന പ്രവൃത്തികൾ വെല്ലുവിളിയാണെങ്കിലും കൈമെയ്യ് മറന്ന് വിവിധ സാമൂഹിക രാഷ്ട്രീയ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ ദൗത്യം പൂർത്തിയാക്കി വരുന്നുണ്ട്. രൂക്ഷമായ പ്രളയം ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ 41 നഗരസഭകളിലായി 1021 വാർഡുകൾ മഴക്കെടുതിയിലാണ്ടു പോയിട്ടുണ്ട്. ഇവിടുത്തെ 1,11,356 വീടുകളെയാണ് വെള്ളപ്പാച്ചിൽ ഗുരുതരമായി ബാധിച്ചത്. ഈ മേഖലയിൽ 802 ദുരിതാശ്വാസ ക്യാമ്പുകളിലായി ഏകദേശം 66862 കുടുംബങ്ങളിൽപ്പെട്ട 3,02,992 ആളുകൾ അഭയംതേടി. പ്രളയം ബാധിച്ച മുഴുവൻ വീടുകളും പ്രാദേശികതല സംവിധാനങ്ങളിലൂടെയും നഗരസഭാ നടപടികളിലൂടെയും വൃത്തിയാക്കി വരുന്നു. ഇതുവരെ 110880 വീടുകൾ ശുചീകരിച്ചു കഴിഞ്ഞു. 1419 പൊതു കെട്ടിടങ്ങൾ വൃത്തിയാക്കി. ഈ പ്രദേശത്തെ 52,937 കിണറുകൾ മലിനമായിട്ടുള്ളത് വൃത്തിയാക്കുന്ന ജോലികൾ പൂർത്തിയായിവരുന്നു. 5,28,500 മീറ്റർ ഓട നാളിതുവരെ ശുചീകരിച്ചിട്ടുള്ളതും പ്രവൃത്തി പുരോഗതിയിലുമാണ്. അടിഞ്ഞുകൂടിയ ജൈവ-അജൈവ മാലിന്യങ്ങൾ ദ്രുതഗതിയിൽ ശേഖരിച്ചു സംസ്കരിച്ചുവരുന്നു. ആകെ 21,42,402 കി.ഗ്രാം ജൈവ മാലിന്യങ്ങൾ സംസ്കരിച്ചു കഴിഞ്ഞു. 18261 പക്ഷി മൃഗാദികളുടെ ജഡങ്ങൾ സംസ്കരിക്കപ്പെട്ടു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നഗരസഭാ തലത്തിൽ 99% പൂർത്തിയായിട്ടുണ്ട്. പ്രളയബാധിതപ്രദേശങ്ങളിലേക്ക് നഗരസഭകൾ മുഖേന വിഭവ സമാഹരണവും ഉൽപ്പന്ന ശേഖരണവും സാധനസാമഗ്രികളുടെ വിന്യാസവും കണക്കില്ലാത്ത വിധം ഒറ്റയായും കൂട്ടായും വിവിധ നേതൃത്വങ്ങളിലും നിർവഹിച്ചുവരുന്നു. നഗരസഭാ കണ്ടിജന്റ് തൊഴിലാളികളും തൊഴിലുറപ്പ് തൊഴിലാളികളും വിയർപ്പൊഴുക്കുന്നത് ഒരു പുനഃസൃഷ്ടിയുടെ ഭൂമികയിലേക്കാണ്.

പ്രളയം തോരാത്ത കണ്ണീർമഴയായപ്പോൾ കേരളത്തിലെ ജനസാന്ദ്രമായ നഗരപ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക അടിത്തറയാകെ ഒലിച്ചുപോകുകയാണുണ്ടായത്. കണക്കുകൾക്കും കണക്കുകൂട്ടലുകൾക്കുമപ്പുറം വീടും സമ്പത്തും കൃഷിയും റോഡും പാലവും എന്നുവേണ്ട സകലതും നഷ്ടപ്പെട്ട് ജീവിതത്തിന്റെ ശേഷിപ്പുകളിൽ പരിതപിക്കുന്ന ജനവിഭാഗങ്ങൾക്ക് കെടുതിയിൽ നിന്നും കരകയറുന്നതിന് ആശാവഹമായി സഹകരിച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരെയും സഹവർത്തകരെയും കൃതജ്ഞതയോടെ ഓർക്കുമ്പോൾ നവകേരള പുനഃസൃഷ്ടിക്കായ് നമ്മൾ ആരംഭിച്ച ദൗത്യങ്ങൾ ലക്ഷ്യം നേടുമെന്നതന്നെയാണ് പറയാൻ കഴിയുന്നത്. ഗുരുതര സ്വഭാവമുള്ള ദുരന്തമെന്ന് വിളിക്കുമ്പോഴും നവ കേരളം സൃഷ്ടിക്കുമെന്ന കരളുറപ്പിൽ തയ്യാറെടുക്കുമ്പോഴും പുരോഗമനപരമായ സാമൂഹിക വികസനത്തിനായി പുനരുജ്ജീവന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രാദേശിക വികസന സംവിധാനങ്ങൾ സുസ്ഥിര സ്വഭാവത്തോടെ രൂപപ്പെടുത്തേണ്ടതുണ്ട്. അതിനായി പ്രാദേശിക ഭരണകൂടത്തെയും ഖജനാവിനെയും ശക്തിപ്പെടുത്തണം. നഗരസഭകളുടെ അതിജീവന പ്രവർത്തനങ്ങൾക്കായി കൂടുതൽ ഫണ്ട് ലഭ്യമാകണം. പ്രാദേശിക പുനരധിവാസ - പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം കൂടുതലുണ്ടാകണം. പദ്ധതികൾ കാലികമായും പ്രകൃത്യാനുകൂലമായും തിരുത്തിയെഴുതണം. ഇത്തരുണത്തിൽ പുനരധിവാസം സംബന്ധിച്ച ചടുലമായ ചർച്ചകളിലേക്ക് ആസൂത്രണ മികവുള്ള പര്യാപ്തമായ നഗര സംവിധാനങ്ങളും സാമ്പത്തിക മാർഗ്ഗങ്ങളും തെളിവാർന്ന സേവനങ്ങളും പെയ്തിറങ്ങട്ടെ! പ്രളയം ബാക്കിവച്ചതിൽ നിന്നും ഇച്ഛാശക്തിയോടെ കരകയറാം; പുതു കേരളപിറവിക്കായി കൈകോർക്കാം.

പ്രളയം തോരാത്ത കണ്ണീർമഴയായപ്പോൾ കേരളത്തിലെ ജനസാന്ദ്രമായ നഗരപ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക അടിത്തറയാകെ ഒലിച്ചുപോകുകയാണുണ്ടായത്.

ലേഖിക നഗരകാര്യ വകുപ്പ് ഡയറക്ടറാണ്.

ഇനിയും മുന്നോട്ട്

എം.പി. അജിത്കുമാർ

"No one has ever become poor by giving" ഇതിലും മഹത്തായ ഒരു വാചകം ഇപ്പോൾ ഓർക്കാനില്ല. ഉണ്ടാവുകയുമില്ല. വിശങ്കട രൂപിയായി വന്ന പ്രളയത്തെയും അതിന് പരികർമ്മികളായി നിന്ന മറ്റ് ദുരന്തങ്ങളെയും എത്ര മനഃസാന്നിധ്യത്തോടെയാണ് പഞ്ചായത്ത് വകുപ്പ് ജീവനക്കാർ നേരിട്ടത്. രക്തവും വിയർപ്പും സ്വപ്നങ്ങളും ആ രൗദ്രമൂർത്തിക്കു മുൻപിൽ കാണിക്കയായി നൽകി സഹോദരങ്ങളുടെ ജീവനുവേണ്ടി അവർ ഓടിയിറങ്ങി. അധികാരികളുടെ ഹൃദയത്തിൽ നിന്നും വന്ന ഉത്തരവുകളെ ഹൃദയം കൊണ്ട് സ്വീകരിച്ചു. ദൃഢനിശ്ചയരായി ഏക മനസ്സോടെ മുന്നേറിയ ആ അശ്വമേധങ്ങളുടെ പുരോഗതിയെ ആർക്കാണ് തടയാൻ കഴിഞ്ഞത്? അഭിജാതരായ ജീവനക്കാരെ ഓർത്ത് പഞ്ചായത്ത് വകുപ്പ് തലയുയർത്തി നില്ക്കുന്നു.

മാധ്യമങ്ങളിൽ പ്രളയ ദുരന്തങ്ങളുടെ വാർത്ത തുടർച്ചയായി വന്നുകൊണ്ടിരുന്നപ്പോൾ ചില ജീവനക്കാർ ഓടി എന്റെയടുത്തു വന്നു. എന്തെങ്കിലും നമുക്കു ചെയ്യണ്ടേ? പിന്നീട് നടന്നതൊക്കെ അതിവേഗത്തിലായിരുന്നു. സഹായാഭ്യർത്ഥന കേട്ട് ഓടിയെത്തിയവർ അസംഖ്യം. വന്നു ചേർന്ന സാധന സാമഗ്രികൾ അളവറ്റതും! അച്ചടക്കം പൂർണ്ണമായ ഒരു സൈന്യത്തെപ്പോലെ രാത്രിയും പകലും വേർതിരിവില്ലാതെ പഞ്ചായത്ത് ഡയറക്ടറേറ്റിലെയും തിരുവനന്തപുരം ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലെയും ജീവനക്കാർ ഒത്തുചേർന്നു. അതേ സമയം തന്നെ ദുരന്ത ബാധിത ജില്ലകളിലെയും സമീപ ജില്ലകളിലെയും പഞ്ചായത്തു ജീവനക്കാർ തങ്ങളുടെ കർത്തവ്യങ്ങളിൽ നേരത്തെ മുഴുകിക്കഴിഞ്ഞിരുന്നു. പുറപ്പെടുവിച്ച എല്ലാ ആജ്ഞകളും നിറവേറ്റപ്പെട്ടു. അർഹിക്കുന്ന കൈകളിൽ ഏകദേശമെങ്കിലും സഹായമെത്തിക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യവുമുണ്ട്.

അതുകൊണ്ട് തീരുന്നില്ല. തകർന്നടിഞ്ഞ സംവിധാനങ്ങളൊക്കെ വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞിരിക്കുന്നു. ധനാഗമമാർഗ്ഗങ്ങൾ ഓരോന്നായി തെളിഞ്ഞുവരുന്നു. ഇനി വേണ്ടത് ദുരന്തകാലത്ത് നമ്മൾ നേടിയെടുത്ത മനഃസാന്നിധ്യവും കർമ്മ കുശലതയുമാണ്. അത് നിലനിർത്തിക്കൊണ്ട് മുൻപിൽ കാണുന്ന അഭൂതപൂർവ്വമായ സാഹചര്യങ്ങളെ ലംഘിക്കാൻ നമുക്ക് കഴിയണം. അതാകണം വരും കാലത്തേക്ക് നമ്മൾ കരുതിവയ്ക്കുന്ന മൂലധനം.

ലേഖകൻ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറാണ്.

പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് ദുരിതബാധിതർക്കായി സംഘടിപ്പിച്ച പ്രത്യേക ഗ്രാമസഭയിൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ സംസാരിക്കുന്നു.

കരുത്തായി പഞ്ചായത്ത് വകുപ്പ്

കെ. പ്രശാന്ത് കുമാർ

"നാമൊന്നല്ലേ... നമ്മളൊന്നല്ലേ...." എന്ന നാടൻപാട്ടിലെ വരികൾ അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായ അനുഭവമാണ് ഇക്കഴിഞ്ഞ ആഗസ്റ്റിൽ കേരളം അനുഭവിച്ച മഹാപ്രളയം. വാക്കുകൾക്കും അതീതമായ ദുരന്തമാണ് മലയാളമണ്ണിന് സംഭവിച്ചത്. നഷ്ടപ്പെട്ട മനുഷ്യജീവനുകൾ, നശിച്ച കൃഷിയിടങ്ങൾ, തകർന്നുപോയ റോഡുകൾ, പാലങ്ങൾ, നിരാലംബമാക്കപ്പെട്ട ജീവിതങ്ങൾ, മുതിയടഞ്ഞ വളർത്തു മൃഗങ്ങൾ, മലിനമാക്കപ്പെട്ട വീടും പരിസരവും പൊതുസ്ഥാപനങ്ങളും ഒഴുകിപ്പോയ പഠനോപകരണങ്ങൾ, നാമാവശേഷമായ 25 ലക്ഷം ഗ്രന്ഥശാലാ പുസ്തകങ്ങൾ - നാശത്തിന്റെയും നഷ്ടത്തിന്റെയും പട്ടിക തീരുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പും തദ്ദേശസ്ഥാപനങ്ങളും തങ്ങളുടെ ജനസൗഹൃദസാധ്യത പരമാവധി ഉപയോഗപ്പെടുത്തി ദുരന്തത്തെ ലഘൂകരിക്കാൻ മുന്നിട്ടിറങ്ങിയത് ഫലം കണ്ടു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നല്കിയ നിർദ്ദേശങ്ങളും ഏകോപനവും ഇതിനു മുതൽക്കൂട്ടായി.

പഞ്ചായത്ത് ഡയറക്ടറേറ്റ് ആഗസ്റ്റ് 15 മുതൽ തന്നെ 24 മണിക്കൂറും സജീവമായി പ്രവർത്തിക്കുന്ന കൺട്രോൾ റൂമും കളക്ഷൻ സെന്ററും തുറന്നു. പഞ്ചായത്ത് ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടർ എം.പി. അജിത്കുമാറിന്റെ വിശ്രമമില്ലാത്ത പ്രവർത്തന നേതൃത്വത്തിനു പിന്നിൽ അണിനിരന്ന പഞ്ചായത്ത് ജീവനക്കാർ തങ്ങൾക്കാവുന്നതിന്റെ പരമാവധി സമർപ്പണമനോഭാവമാണ് പ്രകടിപ്പി ച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിലും 14 ജില്ലാ ഓഫീസുകളിലും കൺട്രോൾ റൂമും ഹെൽപ്പ് ഡസ്കും 24 മണിക്കൂറും പ്രവർത്തിച്ചു.

പ്രളയബാധിതർക്ക് ആശ്വാസമേകി ഭക്ഷണമുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്ത

തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കൊപ്പം വകുപ്പിലെ ഏഴായിരത്തിലധികം ജിവനക്കാരും എല്ലാ അവധിദിവസങ്ങളും പ്രവൃത്തി ദിവസങ്ങളാക്കി ദുരിതാശ്വാസ പ്രവർത്തനങ്ങളിലുണ്ടായിരുന്നു.

പ്രളയബാധിത പ്രദേശങ്ങൾ

ജില്ല	ആകെ വാർഡ്	പ്രളയം ബാധിച്ച			
		വാർഡുകൾ	വീടുകൾ	പൊതു കെട്ടിടങ്ങൾ	കിണറുകൾ
പത്തനംതിട്ട	788	426	49768	1414	33589
ആലപ്പുഴ	1169	861	171496	1426	53894
കോട്ടയം	1140	422	69441	448	35998
എറണാകുളം	1338	924	174955	836	73594
തൃശ്ശൂർ	1465	1280	106790	510	62686
വയനാട്	413	300	9481	138	3469

തുടർന്നുകൊണ്ടിരിക്കുന്ന ഈ സമാശ്വാസ പ്രവർത്തനങ്ങളുടെ ഒരു ഭാഗമെന്ന നിലയ്ക്കാണ് മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റ് ജീവനക്കാർ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് നല്കുവാൻ തീരുമാനമെടുത്തത്.

കൾക്കു പുറമേ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും പഞ്ചായത്ത് ഡയറക്ടറേറ്റിലെ കളക്ഷൻ സെന്ററിൽ അവശ്യ വസ്തുക്കൾ എത്തിച്ചു നല്കിയിരുന്നു. സ്കൂൾ ബസ്സുകൾ, ലോറി, ടിപ്പർ തുടങ്ങിയവ ഒന്നിനു പുറകെ ഒന്നായി എത്തിക്കൊണ്ടിരുന്നു. മൊത്തം 67 ലോഡ് അവശ്യവസ്തുക്കളാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിലെയും ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിലെയും ഉദ്യോഗസ്ഥർ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ക്യാമ്പ് ചെയ്ത് വിവരങ്ങൾ ശേഖരിക്കുകയും ദിവസേനയുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു.

തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കൊപ്പം വകുപ്പിലെ ഏഴായിരത്തിലധികം ജിവനക്കാരും എല്ലാ അവധിദിവസങ്ങളും പ്രവൃത്തി ദിവസങ്ങളാക്കി ദുരിതാശ്വാസ പ്രവർത്തനങ്ങളിലുണ്ടായിരുന്നു. സമീപജില്ലകളിലെയും പഞ്ചായത്ത് ജീവനക്കാരെ ദുരിത മേഖലകളിൽ വിന്യസിച്ചിട്ടുണ്ടായിരുന്നു. സംസ്ഥാനത്ത് മൊത്തം ആരംഭിച്ച 2500 ലധികം ദുരിതാശ്വാസ ക്യാമ്പുകളിൽ 684 എണ്ണം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ ഉള്ളവയായിരുന്നു. ഇവയിൽ അധികവും വെള്ളപ്പൊക്കം രൂക്ഷമായി അനുഭവപ്പെട്ട പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ റാന്നി ചെങ്ങന്നൂർ, ആറന്മുള മേഖലകളിൽ പ്രവർത്തിച്ചു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ആമ്പുലൻസുകളുടെ സേവനം ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ലഭ്യമാക്കി.

പ്രളയാനന്തര ശുചീകരണം

പ്രളയക്കെടുതിയെ തുടർന്ന് ദുരിതബാധിത പ്രദേശങ്ങൾ ശുചിയാക്കുന്നതിന് തിരുവനന്തപുരത്തു നിന്നും പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഘം ആഗസ്റ്റ് 26-ാം തീയതി രാവിലെ തന്നെ പുറപ്പെട്ടു. വെള്ളം കയറി നശിച്ച വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് സാധിച്ചു.

ശുചീകരണം നടത്തുന്നതിന് മുന്നോടിയായി ജീവനക്കാർക്ക് പരിശീലനവും പ്രതിരോധകുത്തിവയ്പും മരുന്നും നല്കിയിരുന്നു. ശുചീകരണത്തിനാവശ്യമായ 4000 ഗംബൂട്ടും ഗ്ലൗസും പോലീസ് സേന നല്കി. ജില്ലാ ഭരണകൂടങ്ങളുമായി ഏകോപിച്ച് വകുപ്പിലെ ജീവനക്കാരും ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരുമുൾപ്പെട്ടുന്ന 15,715 സ്ക്വാഡുകളാണ് ശുചീകരണം നടത്തിയത്.

പ്രളയക്കെടുതിയിൽ 36 ഗ്രാമപഞ്ചായത്ത് ഓഫീസുകൾക്ക് പൂർണ്ണമായി നാശം നേരിട്ടു. പത്തനംതിട്ട ജില്ലയിലെ റാന്നി, തോട്ടപ്പുഴശ്ശേരി, അയിരൂർ, നിരണം, പെരിങ്ങര, ആലപ്പുഴ ജില്ലയിലെ കൈനകരി, കാവാലം, മുട്ടാർ, പള്ളിപ്പാട്, പാണ്ടനാട്, പുളിങ്കുന്ന്, തലവടി, തിരുവൻവണ്ടൂർ, വെൺമണി, ചെറുതോണി, ചമ്പക്കുളം, എടത്വ, വെളിയനാട്, രാമങ്കരി, നീലംപേരൂർ, നെടുമുടി, കോട്ടയംജില്ലയിലെ കുമരകം, ഉദയനാപുരം, എറണാകുളം ജില്ലയിലെ ചേന്ദമംഗലം, ചിറ്റാറ്റുകര, കാലടി, കരുമാലൂർ, ഒക്കൽ, പുത്തൻവേലിക്കര, വടക്കേക്കര, തൃശ്ശൂർ ജില്ലയിലെ മാള, മുല്ലൂർക്കര, നെന്മണിക്കര, പറപ്പൂക്കര, ചേലക്കര, കാട്ടുകുറ്റി ഗ്രാമപഞ്ചായത്തുകൾ പ്രളയംനിമിത്തം രേഖകളും ഉപകരണങ്ങളും നശിച്ച് പ്രവർത്തനം തടസ്സപ്പെട്ടവയാണ്. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ലാപ്ടോപ്പ്, ഫോട്ടോകോപ്പിയർ, പ്രിന്റർ, സ്കാനർ തുടങ്ങിയ ഉപകരണങ്ങൾ വാടകയ്ക്കെടുത്ത് പ്രവർത്തനം തുടരാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞു.

തുടർന്നുകൊണ്ടിരിക്കുന്ന ഈ സമാശ്വാസ പ്രവർത്തനങ്ങളുടെ ഒരു ഭാഗമെന്ന നിലയ്ക്കാണ് മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റ് ജീവനക്കാർ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് നല്കുവാൻ തീരുമാനമെടുത്തത്. വകുപ്പിലെ മറ്റെല്ലാ ജീവനക്കാരോടും ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യുവാൻ പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചു.

പുതിയൊരു കേരളം രൂപപ്പെടുന്നതുവരെ മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്ന മലയാളികളോടും ഇതര മനുഷ്യസ്നേഹികളോടും ഒപ്പം ചേർന്ന് അക്ഷീണപ്രയത്നം തുടരാൻ സദാ സന്നദ്ധരാണെന്ന് പഞ്ചായത്ത് ജീവനക്കാരുടെ പ്രളയകാലത്തെ പ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ലേഖകൻ പഞ്ചായത്ത് ഡയറക്ടറേറ്റിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഇൻ-ചാർജ്) ആണ്.

ജില്ലകളിൽ നിന്ന്....

പ്രളയദുരന്തം ഏറ്റവുമധികം ബാധിച്ച ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സംസാരിക്കുന്നു.

പത്തനംതിട്ട ജില്ല

പി.എൻ. അബൂബക്കർ സിദ്ദിഖ്

രാജ്യം അതിന്റെ 72-ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കാനിരിക്കെ ആഗസ്റ്റ് 14 അർദ്ധരാത്രിയോടടുത്ത് പത്തനംതിട്ട ജില്ലയിൽ ഉടനീളവും മലയോര മേഖലകളിലും ജില്ലയിലെ കുട്ടനാടൻ പ്രദേശങ്ങളിലും അതിരൂക്ഷമായ മഴക്കെടുതിയും അനുബന്ധ പ്രളയവും ജില്ലയെ പിടിച്ചുലച്ചു. പുണ്യനദിയായ പമ്പ ഉഗ്രരൂപിണിയായി. പമ്പാ ത്രിവേണിയും അനുബന്ധസ്ഥലങ്ങളും കെട്ടിടങ്ങളും സ്ഥാപനങ്ങളും കൃഷിസ്ഥലങ്ങളും നാമാവശേഷമാക്കി. മലയോരറാണിയായ റാന്നിയിൽ പ്രളയം സർവനാശം വിതച്ചു. പുലർച്ചയോടുകൂടി റാന്നി, കോയിപ്രം, തിരുവല്ല, ഇലന്തൂർ എന്നീ ബ്ലോക്കുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിലേക്കും പ്രളയജലം ഇരച്ചെത്തി. ഇതേസമയം തന്നെ ജില്ലയുടെ പൈതൃകം വിളിച്ചോതുന്ന അച്ചൻകോവിലാർ കരകവിഞ്ഞു കോന്നിയെ ദുരിതത്തിലാഴ്ത്തി. പത്തനംതിട്ട നഗരത്തെയും പന്തളം പ്രദേശങ്ങളെയും കീഴടക്കികഴിഞ്ഞിരുന്നു. ഒരാഴ്ചയോളം ജില്ലയുടെ വിവിധ പ്രദേശങ്ങളെ തീരാദുഖത്തിലാഴ്ത്തിയ പ്രളയജലം പിൻവാങ്ങിയപ്പോൾ അവശേഷിച്ചത് പൂർണ്ണമായും തകർന്നടിഞ്ഞ വീടുകളും എക്കലും ചെളിയും നിറഞ്ഞ കെട്ടിടങ്ങളും വിണ്ടുകീറിയ റോഡുകളും പൂർണമായും നശിച്ച കൃഷിയിടങ്ങളും പ്രവർത്തിക്കാൻ സജ്ജമല്ലാത്തവിധത്തിലുള്ള കച്ചവട സ്ഥാപനങ്ങളും മറ്റുമായിരുന്നു. ജില്ലാ ഭരണകൂടത്തിനൊപ്പം നിന്ന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ ഏകോപിപ്പിച്ച് രക്ഷാപ്രവർത്തനങ്ങളും പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളും മറ്റ് അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളും നടത്തുന്നതിൽ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് ശക്തമായി ഇടപെടുകയുണ്ടായി.

ദുരിതാശ്വാസ ക്യാമ്പുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അതാത് ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കു ചുമതല നൽകി. പഞ്ചായത്ത് പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മേൽ നോട്ടത്തിലാണ് നടന്നത്. വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലയിലേയും കലാകായിക മേഖലയിലെയും പ്രവർത്തകരുടെ കൂട്ടായ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ത്വരിതഗതിയിൽ നടത്തി. ശുചീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പ്രസിഡന്റുമാർ, മെമ്പർമാർ, സെക്രട്ടറിമാർ, ജീവനക്കാർ എന്നിവരുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം സഹായിച്ചു.

തോട്ടപ്പുഴശ്ശേരി, നിരണം, റാന്നി, അയിരൂർ, പെരിങ്ങര എന്നീ ഗ്രാമപഞ്ചായത്ത് ആഫീസുകൾ പ്രളയത്തിൽ മുങ്ങിപ്പോകുകയും ഫയലുകളും കമ്പ്യൂട്ടറുകളും നശിക്കുകയും ചെയ്ത സാഹചര്യത്തിൽ, ആഫീസ് പഴയരൂപത്തിൽ പ്രവർത്തിപ്പിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ 3 ദിവസംകൊണ്ട് നടപടികൾ സ്വീകരിച്ച് പ്രവർത്തനസജ്ജമാക്കി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, നിയമസഭാ സാമാജികർ, ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവരെ ഫലപ്രദമായി ഏകോപിപ്പിച്ചുകൊണ്ട് ഊർജ്ജിതമായ ശുചീകരണ പ്രവർത്തനങ്ങൾ പത്തനംതിട്ട ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ യുദ്ധകാല അടിസ്ഥാനത്തിൽ നടത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.

ആലപ്പുഴ

കെ. ആർ. പ്രഭ

ഒരു വെള്ളപ്പൊക്കത്തിനും പ്രളയമെന്ന ഭീകരമായ പ്രതിഭാസത്തിനുമിടയിലുള്ള ദൂരം ഇത്രയും നേർത്തതായിരുന്നുവെന്ന വിശ്വസിക്കുവാനും ഉൾക്കൊള്ളുവാനും ആലപ്പുഴക്കാർക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പാണ്ടനാട്, തിരുവൻവണ്ടൂർ, മാന്നാർ, മുട്ടാർ, കൈനകരി തുടങ്ങി 36ലധികം ഗ്രാമ പഞ്ചായത്തുകളെയാണ് തികച്ചും അപ്രതീക്ഷിതമായെത്തിയ മഹാമാരിയും പ്രളയവും ചേർന്ന് പങ്കിട്ടെടുത്തത്. കുട്ടനാട്. ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലെ ജനജീവിതത്തെ അക്ഷരാർത്ഥത്തിൽ താറുമാറാക്കിയ പ്രളയദിനങ്ങളിൽ മൊബൈൽ നെറ്റ്‌വർക്കുകൾ നിശ്ചലമായി. അനിശ്ചിതത്വത്തിന്റെ നിമിഷങ്ങൾ കർമ്മനിരതയ്ക്ക് വഴിമാറുകയായിരുന്നു. പ്രദേശവാസികളായ ചെറുപ്പക്കാർ എന്തിനും തയ്യാറായി മുന്നിട്ടിറങ്ങി. മത്സ്യത്തൊഴിലാളികൾ, പഞ്ചായത്ത്, റവന്യൂ വകുപ്പ് ജീവനക്കാർ, ജനപ്രതിനിധികൾ, പോലീസ്, ഫയർ & റെസ്ക്യൂ, ദുരന്തനിവാരണ സേനകൾ, മറ്റ് വകുപ്പുകൾ, എവിടെനിന്നൊക്കെയോ എത്തിയ ഫ്രീക്കൻമാർ. ലഭ്യമായ രക്ഷായാനങ്ങളുമായി തലങ്ങും വിലങ്ങും പാഞ്ഞു. മനുഷ്യജീവനുകൾവീണ്ടെടുത്ത് അവർ സുരക്ഷിതമായി കരയ്ക്കെത്തിച്ചു. കരയിലെത്തിയവരെ സുരക്ഷിതമായി ക്യാമ്പുകളിലെത്തിക്കുവാൻ മത്സരിച്ച് ഓരോ വകുപ്പും സിവിൽസർവ്വീസിന്റെ മഹിമവിളിച്ചോതി. നിർണ്ണായകവും പ്രശംസനീയവുമായ ഈ ഇടപെടലുകൾ മൂലം ജീവനാശം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു എന്നത് തികച്ചും അഭിമാനാർഹമാണ്.

ആലപ്പുഴ മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലുമായി മാത്രം 632 ക്യാമ്പുകളിലായി 66,130 കുടുംബങ്ങളിലെ 2,85,783 പേരെ പുനരധിവസിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് വിജയകരമായി പൂർത്തീകരിച്ചത്. ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുക, ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക എന്നത് തികച്ചും വെല്ലുവിളി നിറഞ്ഞ ദൗത്യം തന്നെയായിരുന്നു. ക്യാമ്പുകളിലെല്ലാം തന്നെ മുഴുവൻ സമയ സേവന സന്നദ്ധരായ പഞ്ചായത്ത് ജീവനക്കാരെ കൃത്യമായി യഥാസമയം വിന്യസിക്കുവാൻ കഴിഞ്ഞത് വലിയ നേട്ടമായി. പ്രളയം ഒഴിഞ്ഞു തുടങ്ങിയ ദിവസങ്ങളിൽ തന്നെ പഞ്ചായത്ത് തലത്തിൽ FLOOD SAN സമിതികൾ രൂപീകരിച്ചത് വളരെ നിർണ്ണായകമായിരുന്നു. സേവന സന്നദ്ധരായെത്തിയ ശുചീകരണ വോളന്റിയർമാരിൽ 30,000 ത്തോളം പേരെ കുട്ടനാട് മേഖലയിൽ മാത്രം വിന്യസിക്കുവാൻ സാധിച്ചത് വലിയ നേട്ടമായി. ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലായി 60,000 ത്തോളം വോളന്റിയർമാരാണ് ശുചീകരണത്തിനായി രംഗത്തിറങ്ങിയത്. അങ്ങനെ ആലപ്പുഴ ജില്ല സാധാരണ ജീവിതത്തിലേക്ക് മടങ്ങുകയാണ്. പ്രളയമേൽപ്പിച്ച ആഘാതത്തെ സ്നേഹവും കൂട്ടായ്മയും കൊണ്ട് അതിജീവിച്ച് ജീവിതം വീണ്ടും തളിരിടുകയാണ് ആലപ്പുഴയുടെ ഹരിതാഭയെ, കിടപ്പാടങ്ങളെ, ശുദ്ധജല സ്രോതസ്സുകളെ, ജീവനോപാധികളെയെല്ലാം നമുക്ക് വീണ്ടെടുക്കേണ്ടതുണ്ട്. അതിന് ജില്ലയിലെ 72 ഗ്രാമ പഞ്ചായത്തുകൾക്കും സർവ്വ പിന്തുണയുമായും ഡെപ്യൂട്ടി ഡയറക്ടർ ഓഫീസും ഒപ്പമുണ്ട്.

എറണാകുളം

മാലതി കെ.വി.

കേരളത്തെ നടുക്കിയ പ്രളയക്കെടുതിയെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും ജാതിമതകക്ഷി ഭേദമെന്യേയുള്ള പ്രവർത്തനങ്ങളിലൂടെയും മികവുറ്റ രീതിയിൽ തരണം ചെയ്യാൻ സാധിച്ചു എന്ന് നിസ്സംശയം പറയാൻ സാധിക്കും. ഒമ്പത് ദശാബ്ദങ്ങളിൽ കേരളീയ ജനത സാക്ഷ്യം വഹിക്കാത്ത പ്രളയത്തെ നേരിടാൻ ഒരുപാട് മുന്നൊരുക്കങ്ങൾക്ക് സമയം ലഭിച്ചില്ലെങ്കിലും രക്ഷാപ്രവർത്തനങ്ങളിൽ ഈ പരിചയക്കുറവ് ഒന്നും തന്നെ പ്രതിഫലിച്ചില്ല. തങ്ങളെ പ്രളയം ബാധിക്കില്ല എന്ന ഉറച്ച വിശ്വാസം കൊണ്ട് വീടുകളിൽ നിന്നും മാറി താമസിക്കാൻ വിസ്സമ്മതിച്ച ആളുകളും മുൻവിധികൾ തെറ്റിച്ചുകൊണ്ട് കുത്തിയൊഴുക്കിയ ജലവും രക്ഷാപ്രവർത്തനങ്ങളെ സാരമായി തന്നെ ബാധിച്ചു. എങ്കിലും അവയെ അതിജീവിച്ചുകൊണ്ട് രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ജനപ്രതിനിധികൾക്കൊപ്പം തോളോട്ടു തോൾ ചേർന്ന് നിന്നുകൊണ്ട് പഞ്ചായത്ത് ജീവനക്കാർ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്.

ജില്ലയിലെ ചേരാനെല്ലൂർ, കടമക്കുടി, ആലങ്ങാട്, ചേന്ദമംഗലം, ചിറ്റാറ്റുകര, കടുങ്ങല്ലൂർ, കരുമാലൂർ, കോന്നവള്ളി, വടക്കേക്കര, വരാപ്പുഴ, ചെങ്ങമനാട്, കാലടി, കുന്നുകര, മലയാറ്റൂർ-നീലിശ്വരം, കാഞ്ഞൂർ, നെടുമ്പാശ്ശേരി, പാറക്കടവ്, പുത്തൻവേലിക്കര, ശ്രീമൂലനഗരം, കുന്നമ്പുഴ, കൂവപ്പടി, കവളങ്ങാട്, മുടക്കുഴ, ഒക്കൽ, വേങ്ങൂർ, ചൂർണ്ണിക്കര, കീഴ്മാട്, പൂത്തൃക്ക, വാളകം, അരക്കുഴ, ആവോലി, പായിപ്ര, രാമമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളെയാണ് പ്രളയക്കെടുതി വലിയ രീതിയിൽ ബാധിച്ചത്.

രക്ഷാപ്രവർത്തനത്തിന്റെ അത്ര ദുഷ്ക്കരമായ ഒരു ഘട്ടം തന്നെയായിരുന്നു പ്രളയശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾ. ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല നോഡൽ ആഫീസറെ ചുമതലപ്പെടുത്തുകയും ശുചീകരണത്തിന് ആവശ്യമായ സാധന സാമഗ്രികൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും എത്തിക്കാനുള്ള നടപടികൾ എടുക്കുകയും ചെയ്തു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ മേൽനോട്ടത്തിൽ സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പ്, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ജില്ലയിലെ 100% വീടുകളുടെയും ശുചീകരണ പ്രവർത്തനങ്ങൾ 15 ദിവസം കൊണ്ട് പൂർത്തീകരിക്കുവാൻ സാധിച്ചു

ഒരിക്കലും പ്രളയം ബാധിക്കില്ല എന്ന് കരുതിയിരുന്ന നഗര പ്രദേശങ്ങൾ (ആലുവയും, ഏലൂരും ഉൾപ്പെടെ) ദിവസങ്ങളോളം വെള്ളത്തിനടിയിലായ ഭയാനക സാഹചര്യം, സംസ്ഥാന ഭരണകൂടത്തിന്റെ ചങ്കുറപ്പിൽ നിന്ന് ഊർജ്ജമുൾക്കൊണ്ടുകൊണ്ട് നേരിട്ട് അതിജീവിച്ച കഥയാണ് എറണാകുളം ജില്ലയ്ക്ക് പറയാനുള്ളത്. വലിയ നഷ്ടങ്ങൾക്കിടയിലും മനുഷ്യ മനസ്സിന്റെ നൻമ തിരിച്ചറിയുന്നതിനും ജനങ്ങൾക്കിടയിൽ സാഹോദര്യത്തിന്റെ പുത്തൻ സംസ്കാരം രൂപപ്പെടുത്തുന്നതിനും കാരണമായി എന്ന രീതിയിലായിരിക്കും ഈ മഹാപ്രളയം വിലയിരുത്തപ്പെടുന്നത്.

തൃശ്ശൂർ

ജയിംസ് പി.ജെ

2018 ആഗസ്റ്റിൽ കേരളം ഈ നൂറ്റാണ്ടിൽ കണ്ട ഏറ്റവും വലിയ മഴക്കെടുതി തൃശ്ശൂർ ജില്ലയിലും രൂക്ഷമായ ദുരിതം വിതച്ചു. നിർത്താതെ പെയ്ത മഴയിൽ ജില്ലയിലെ പ്രധാന നദികളായ ഭാരതപ്പുഴ, കരുവന്നൂർ പുഴ, ചാലക്കുടി പുഴ, കേച്ചേരി പുഴ, പെരിയാർ, പുഴയ്ക്കൽ പുഴ എന്നിവയും കരുവന്നൂർപ്പുഴയുടെ കൈവഴികളായ മണലിപ്പുഴയും കുറുമാലിപ്പുഴയും കര കവിഞ്ഞൊഴുകി. പ്രധാന ജലസംഭരണികളായ പീച്ചി, വാഴാനി, ചിമ്മിനി , പെരിങ്ങൽകുത്ത്, പൂമല, അസുരൻകുണ്ട്, ലോവർ ഷോളയാർ എന്നിവ നിറഞ്ഞു കവിഞ്ഞു.

ഷോളയാർ, അപ്പർ ഷോളയാർ, പറമ്പിക്കുളം, പെരിങ്ങൽകുത്ത് ഡാമുകൾ തുറന്നതിനാൽ ചാലക്കുടി പുഴ നിറഞ്ഞൊഴുകി. പീച്ചി, വാഴാനി, ചിമ്മിനി ഡാമുകളിലെ വെള്ളം നിറഞ്ഞൊഴുകിയപ്പോൾ ജില്ലയിലെ ഭൂരിഭാഗം പ്രദേശവും വെള്ളത്തിനടിയിലായി. ഇതിനിടെ കരുവന്നൂർ പുഴ ഗതിമാറി ഒഴുകിയതിനാൽ ആറാട്ടുപ്പുഴ എട്ടുമന ഇല്ലിക്കൽ ബണ്ട് തകർന്ന് ജലനിരപ്പ് ഉയർന്ന് ഈ പ്രദേശം മുഴുവൻ വെള്ളത്തിനടിയിലായി. മഴ ശക്തി പ്രാപിച്ചതോടുകൂടി ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളും നഗരപ്രദേശങ്ങളും വെള്ളത്തിനടിയിലായി.

പ്രളയത്തിന്റെ ഭീതിയിൽ തരിച്ചു നിൽക്കുന്ന ആയിരങ്ങളുടെ ജീവൻ തിരിച്ചു പിടിക്കാനുള്ള കഠിന ശ്രമത്തിലായി പഞ്ചായത്ത് ഭരണ നേതൃത്വം. അടിയന്തര സഹായം ആവശ്യമുള്ളയിടത്തേക്ക് അത് എത്തിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് 24 മണിക്കൂറും പ്രവർത്തന സജ്ജമായി. ജില്ലയിൽ ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 548 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു.

ജില്ലയിലെ പ്രളയത്തിനിരയായ സ്ഥലങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസറായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ചുമതല ലഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾ, ജില്ലാ മെഡിക്കൽ ഓഫീസർ, ശുചിത്വമിഷൻ എന്നിവർ ചേർന്ന് ശുചീകരണ പദ്ധതി തയ്യാറാക്കി. 5 പേർ അടങ്ങുന്ന സംഘം വാർഡുതലത്തിൽ ശുചീകരണ സേന രൂപീകരിച്ച് ആവശ്യാനുസരണം പ്രവർത്തനങ്ങൾ നടത്തി.

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ശുചീകരണവും സാങ്കേതിക പരിജ്ഞാനമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തി വീടുകൾ താമസയോഗ്യമാക്കി ഭൂരിഭാഗം ആളുകളും വീടുകളിലേക്ക് മടങ്ങിപോയിരിക്കുന്നു. പ്രളയഭീതിയിൽ വലഞ്ഞ ജനങ്ങൾക്കൊപ്പം തുടക്കം മുതൽ ജീവൻ രക്ഷാപ്രവർത്തനം മുതൽ ദുരിതാശ്വാസം തുടങ്ങി ശുചീകരണ പ്രവർത്തനങ്ങളിലും പുനരധിവാസ പ്രവർത്തനങ്ങളിലും ഒപ്പം നിന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും ജില്ലാഓഫീസും അതിന്റേതായ പ്രവർത്തനം കൃത്യമായി നിർവ്വഹിച്ചു. നാം നടത്തിയത് സമാനതകളില്ലാത്ത മഹത്തായ പ്രവർത്തനമാണ്. ഇനിയും നമുക്കേറെ പ്രവർത്തിക്കാനുണ്ട്. അതെ ആ പ്രവർത്തനങ്ങളും നാം ഏറ്റെടുക്കും. നാം അതിജീവിക്കും.

വയനാട്

ജോയി ജോൺ

വയനാട് ജില്ലയിൽ ഒരുപാടിടങ്ങളിൽ നൊടിയിടകൊണ്ട് വെള്ളം ക്രമാതീതമായി ഉയർന്നപ്പോൾ ധരിച്ച വസ്ത്രം മാത്രമായി ജീവൻ രക്ഷിക്കുക എന്ന ലക്ഷ്യം മാത്രം മുന്നിൽ കണ്ട് ഒരായുസ്സിന്റെ സമ്പാദ്യം മുഴുവനും ഉപേക്ഷിച്ച് ഓടേണ്ടിവന്ന ഒരുപാടുപേരുടെ കണ്ണീരും വേവലാതികളും നമുക്ക് കാണേണ്ടിയും കേൾക്കേണ്ടിയുംവന്നു. ജീവൻ രക്ഷിക്കാനുള്ള ഓട്ടത്തിനിടയിൽ ബന്ധനത്തിൽ കിടക്കുന്ന കന്നുകാലികളുടെയും മറ്റ് വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും കാര്യം പലരും മറന്നുപോയി. അവയെല്ലാം പ്രളയജലത്തിൽ മുങ്ങി ചത്തൊടുങ്ങി. വരുംവർഷത്തേക്കുള്ള കരുതലായിരുന്ന ഭക്ഷ്യധാന്യങ്ങളും, വാഴയും ഇഞ്ചിയുമടക്കമുള്ള കൃഷിയിടങ്ങൾ വെള്ളംകയറി നശിച്ചു.

ദുരിതബാധിതരെ സഹായിക്കാനായി റവന്യൂ, പഞ്ചായത്ത് വകുപ്പുകൾ തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചപ്പോൾ പഞ്ചായത്ത് മെമ്പർമാരും വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സന്നദ്ധ സംഘടനകളും പൊതുജനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ജാതിമത, കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ നാടിനുവേണ്ടി ഒരുമിച്ചു കൈകോർത്തു. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിന് ബോട്ടുകളും കൊട്ടത്തോണിയും സാധ്യമായ മറ്റ് മാർഗ്ഗങ്ങളെല്ലാം ഉപയോഗിച്ചു. കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ചിത്രമൂല പ്രദേശത്ത് ഒറ്റപ്പെട്ട 4 കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നതിനിടയിൽ കൊട്ടത്തോണി മറിഞ്ഞ് 2 കുടുംബം ഒഴുക്കിൽപ്പെടുകയും ഇവരെ സ്ഥലത്തുണ്ടായിരുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ജീവനക്കാരും നാട്ടുകാരും ചേർന്ന് രക്ഷപ്പെടുത്തുകയും ചെയ്തു.

ജില്ലയിലെ 23 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലുമായി 220 ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചതിൽ 30000-ത്തിൽപ്പരം ആളുകളാണ് അഭയം തേടിയത്. ദുരിതാശ്വാസ ക്യാമ്പുകളിലേക്കും ക്യാമ്പുകളിലെത്താതെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വീടുകളിൽ കുടുങ്ങിയവർക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളും കൃത്യമായി വിതരണം ചെയ്തുകൊണ്ടിരുന്നു.

ദുരന്തത്തെ ഒറ്റനോട്ടത്തിൽ വീക്ഷിക്കുമ്പോൾ 6861 വീടുകളിൽ വെള്ളം കയറുകയും 1239 വീടുകൾ പൂർണ്ണമായും 3408 വീടുകൾ ഭാഗികമായും തകരുകയും വലുതും ചെറുതുമായ 200-ൽപരം വളർത്തുമൃഗങ്ങളും 38000-ത്തോളം പക്ഷികളും ചത്തൊടുങ്ങുകയും ചെയ്തു. 1074 കിലോമീറ്റർ റോഡുകൾ തകർച്ചനേരിടുകയും ചെയ്തു. സ്ഥിതിഗതികൾ ഒരുവിധം ശാന്തമായെങ്കിലും തവിഞ്ഞാൽ, തിരുനെല്ലി, പൊഴുതന ഗ്രാമപഞ്ചായത്തുകളിലെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ഭൂമി നിരങ്ങിമാറൽ എന്നീ പ്രതിഭാസങ്ങൾ ചെറിയ തോതിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത് ജില്ലയെ വലിയ ആശങ്കയിലാഴ്ത്തുന്നുണ്ട്. കഴിഞ്ഞുപോയ പ്രളയത്തിൽ നമ്മൾ തിരിച്ചറിഞ്ഞ ഒരു വലിയ സത്യമുണ്ട്. ഇനിവരും കാലങ്ങളിലേയ്ക്ക് നാം മനസ്സിൽ സൂക്ഷിക്കേണ്ട ഒരു വലിയ തിരിച്ചറിവ്. ഒരുമിച്ചു കൈകോർത്താൽ ഏതു പ്രളയത്തെയും ഏത് ദുരന്തത്തെയും ശക്തമായി നേരിടാമെന്നും ഏത് പ്രതിസന്ധിയെയും തരണം ചെയ്യാമെന്നുമുള്ള വസ്തുത.

പ്രളയക്കെടുതിയിൽ കൈത്താങ്ങായി കുടുംബശ്രീ

എസ്. ഹരികിഷോർ ഐ എ എസ്

> പ്രളയത്തിലകപ്പെട്ടവരെ രക്ഷിക്കുന്നത് മുതൽ ഭാവി ജീവിതത്തെക്കുറിച്ചുള്ള ആശങ്കകൾ അകറ്റി ആത്മവിശ്വാസമേകുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ വരെ കുടുംബശ്രീ ഭാഗഭാക്കായി.

കേരള സംസ്ഥാനം നേരിട്ട മഹാപ്രളയത്തിലെ ദുരിതബാധിതർക്ക് എല്ലാവിധ പിന്തുണയുമേകുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ് കുടുംബശ്രീ. കുടുംബശ്രീ മുൻകൈയെടുത്ത് കേരളത്തിലങ്ങോളമിങ്ങോളം നടത്തുന്ന ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ നവകേരള സൃഷ്ടിക്ക് ശക്തമായ ചുവടുവയ്പാണ്. പ്രളയബാധിതരായ അയൽക്കൂട്ട അംഗങ്ങൾ മുതൽ കുടുംബശ്രീ ഉദ്യോഗസ്ഥരും വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളുമെല്ലാം പ്രവർത്തനങ്ങളിൽ അവരവരുടേതായ പങ്കു വഹിക്കുന്നു. പ്രളയത്തിലകപ്പെട്ടവരെ രക്ഷിക്കുന്നത് മുതൽ ഭാവി ജീവിതത്തെക്കുറിച്ചുള്ള ആശങ്കകൾ അകറ്റി ആത്മവിശ്വാസമേകുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ വരെ കുടുംബശ്രീ ഭാഗഭാക്കായി. വിവിധ ജില്ലകളിൽ ഇപ്പോഴും കുടുംബശ്രീ അംഗങ്ങൾ അഹോരാത്ര പ്രയത്നം തുടർന്നുകൊണ്ടിരിക്കുകയാണ്. സെപ്റ്റംബർ അഞ്ച് വരെയുള്ള കണക്ക് അനുസരിച്ച് ജില്ലാ ഭരണകൂടങ്ങളുടെ മേൽനോട്ടത്തിലുൾപ്പെടെ നടത്തുന്ന സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ 397462 കുടുംബശ്രീ അംഗങ്ങൾ ഭാഗമായി.

കുടുംബശ്രീ വഴി 1 ലക്ഷം രൂപ

പ്രളയ ദുരിത ബാധിതർക്ക് ഒരു ലക്ഷം രൂപയുടെ പലിശരഹിത വായ്പ കുടുംബശ്രീ വഴി നൽകാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നവകേരള ലോട്ടറി കുടുംബശ്രീ വഴി

നവകേരളം ലക്ഷ്യമിട്ട് സർക്കാർ ആരംഭിക്കുന്ന നവകേരള ലോട്ടറിയുടെ വിൽപ്പനയും കുടുംബശ്രീ അംഗങ്ങൾ വഴി നടത്തും.

ഉപജീവന മാർഗ്ഗങ്ങൾ

പ്രളയബാധിതരായവരെ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ പരിശീലനങ്ങളും നൈപുണ്യ പരിശീലനങ്ങളും നൽകി അവർക്ക് ഉപജീവന മാർഗ്ഗങ്ങൾ ഒരുക്കി നൽകാനും വരുമാന മാർഗ്ഗമുണ്ടാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തും.

ശുചീകരണ പ്രവർത്തനങ്ങൾ

പ്രളയജലത്തിനൊപ്പമെത്തിയ ചെളിയും ക്ഷുദ്രജീവികളും ഇഴജന്തുക്കളും മാലിന്യവുമെല്ലാം നിറഞ്ഞ് വൃത്തിഹീനമായ വീടും പരിസരവും ശുചിയാക്കിയെടുക്കുകയെന്ന ഭഗീരഥ പ്രയത്നത്തിൽ കുടുംബശ്രീയുടെ ഇടപെടൽ തുടർന്നുകൊണ്ടേയിരിക്കുകയാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് എത്തുന്ന ഓരോരുത്തർക്കും ഈ പ്രവർത്തനമേകുന്ന ആശ്വാസം പറഞ്ഞറിയിക്കാനാകുന്നതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ജില്ലാ അതിർത്തികൾ മറികടന്നും കുടുംബശ്രീ അംഗങ്ങൾ ശുചീകരണത്തിന് എത്തുന്നു. പത്തനംതിട്ട, വയനാട്, കോട്ടയം, ആലപ്പുഴ തുടങ്ങിയ ജില്ലകളിലേക്ക് മറ്റ് ജില്ലകളിൽ നിന്നുള്ള അയൽക്കൂട്ട വനിതകളും കുടുംബശ്രീ ഉദ്യോഗസ്ഥരും ശുചീകരണ പ്രവർത്തനങ്ങൾക്കായെത്തി. വീടുകളും പരിസരവും വൃത്തിയാക്കുന്നതിന് പുറമേ പൊതുസ്ഥലങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, റോഡുകൾ, പൊതു മൈതാനങ്ങൾ എന്നിവയും ശുചിയാക്കുന്നു. ഇതുവരെ 1.98 ലക്ഷം വീടുകളും പരിസരങ്ങളും ശുചിയാക്കുകയും അണുനശീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. 11312 പൊതു ഇടങ്ങളാണ് കുടുംബശ്രീ മുഖേന വൃത്തിയാ ക്കിയത്. എറണാകുളം ജില്ലയിൽ 47288 വീടുകളാണ് വൃത്തിയാക്കിയത്. ഇതേ ജില്ലയിൽ തന്നെയാണ് ഏറ്റവും കൂടുതൽ കുടുംബശ്രീ സന്നദ്ധ സേവകർ പ്രവർത്തിക്കുന്നതും. ഒരു ലക്ഷത്തിലേറെപ്പേർ.

പൊതിച്ചോറും സമൂഹ അടുക്കളയും

ദുരിതത്തിൽ അകപ്പെട്ടവർക്ക് ആദ്യ ദിനം തന്നെ വിവിധ അയൽക്കൂട്ടങ്ങളുടെയും സിഡിഎസുകളുടെയും നേതൃത്വത്തിൽ ഭക്ഷണം പാകം ചെയ്ത് പൊതിയായും നേരിട്ടും എത്തിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പലയിടങ്ങളിലും ഇപ്പോഴും ഈ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. പത്തനംതിട്ടയിലെ ആറന്മുള, എറണാകുളം ജില്ലയിലെ തൃക്കാക്കര എന്നിവിടങ്ങളിലെ സമൂഹ അടുക്കളയുടെ നടത്തിപ്പ് എൽപ്പിച്ചത് കുടുംബശ്രീയെയാണ്. യാതൊരു പ്രതിഫലവുമില്ലാതെ സന്നദ്ധ സേവനമെന്ന നിലയിലാണ് ഈ വനിതകൾ സമൂഹ അടുക്കളയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

വീടുകൾ അഭയകേന്ദ്രങ്ങളാക്കി മാറ്റിയവർ

ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മറ്റും ഉടനടി പോകാൻ കഴിയാത്തവർക്ക് സ്വഭവന

പ്രളയദുരിത ബാധിതർക്ക് ഒരു ലക്ഷം രൂപയുടെ പലിശരഹിത വായ്പ കുടുംബശ്രീ വഴി നൽകാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

ങ്ങളിൽ താമസിക്കാനുള്ള എല്ലാവിധ സൗകര്യങ്ങളും സ്വയമേവ ഒരുക്കി നൽകിയ അയൽക്കൂട്ട അംഗങ്ങളായ വനിതകളും ഏറെ. 38583 പേർക്ക് ഇതുവരെ ഇങ്ങനെ കുടുംബശ്രീ അംഗങ്ങൾ അഭയം ഒരുക്കി. ആലപ്പുഴ ജില്ലയിൽ മാത്രം 22666 പേർക്കാണ് അയൽക്കൂട്ട അംഗങ്ങൾ അഭയം നൽകിയത്.

> നവകേരളം ലക്ഷ്യമിട്ട് സർക്കാർ ആരംഭിക്കുന്ന നവകേരള ലോട്ടറിയുടെ വിൽപ്പനയും കുടുംബശ്രീ അംഗങ്ങൾ വഴി നടത്തും.

ആത്മവിശ്വാസമേകി കൗൺസിലിങ്

അപ്രതീക്ഷിതമായെത്തിയ പ്രളയജലം തകർത്തെറിഞ്ഞ ആത്മവിശ്വാസവും പടപൊരുതി ജീവിക്കാനുള്ള മനോധൈര്യവുമെല്ലാം ദുരിതബാധിതർക്ക് തിരികെയേകുന്നതിനായുള്ള കൗൺസിലിങ് സേവനങ്ങളും കുടുംബശ്രീ തുടർന്നുവരുന്നു. സ്നേഹിത ഉദ്യോഗസ്ഥരും കമ്മ്യൂണിറ്റി കൗൺസിലർമാരും ദുരിതാശ്വാസ ക്യാമ്പുകളിലെത്തിയാണ് കൗൺസിലിങ് നൽകുന്നത്. നഷ്ടമായ സർട്ടിഫിക്കറ്റുകൾ, മറ്റ് പ്രധാന രേഖകൾ എന്നിവയെക്കുറിച്ചെല്ലാമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നു ഇവർ. 38842 പേർക്ക് ഇതുവരെ കൗൺസിലിങ് സേവനങ്ങൾ നൽകി.

പാക്കിങ് കേന്ദ്രങ്ങളിലെ സജീവ പങ്കാളിത്തം

ദുരിതബാധിതർക്കായി ഇതരസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെയെത്തുന്ന അവശ്യസാധന സാമഗ്രികൾ തരംതിരിക്കൽ, ഓരോ കുടുംബത്തിന് വേണ്ട അവശ്യസാധനങ്ങൾ ഒരുമിച്ച് പാക്ക് ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്ന പാക്കിങ് കേന്ദ്രങ്ങളിൽ കുടുംബശ്രീ അംഗങ്ങൾ സജീവമാണ്. എറണാകുളത്ത് കളമശ്ശേരിയിൽ കുടുംബശ്രീയുടെ മാത്രം മേൽനോട്ടത്തിൽ ഒരു പാക്കിങ് കേന്ദ്രം നടത്തിയപ്പോൾ ആലപ്പുഴ ജില്ലയിൽ എസ്ഡി കോളേജിലെ പാക്കിങ് കേന്ദ്രത്തിൽ പ്രവർത്തനങ്ങളുടെ ചുമതല കുടുംബശ്രീക്കായായിരുന്നു.

ഉദ്യോഗസ്ഥർ സന്നദ്ധ സേവകരായപ്പോൾ

കുടുംബശ്രീ ഉദ്യോഗസ്ഥരും സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായി. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം) പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) എന്നീ പദ്ധതികളിലെ ഉദ്യോഗസ്ഥർ (244 പേർ) ചേർന്ന് നോർത്ത് പറവൂർ, ചാലക്കുടി, കളമശ്ശേരി, ആലുവ, ഏലൂർ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തന ങ്ങൾ നടത്തി. ഓഗസ്റ്റ് 22 മുതൽ 28 വരെ നടത്തിയ പ്രവർത്തനങ്ങൾ വഴി നിരവധി പൊതു ഇടങ്ങളും ഇവർ ശുചിയാക്കി.

ദുരിതബാധിതർക്ക് ഉപജീവന മാർഗ്ഗങ്ങൾ

ദുരന്തത്തിൽ അകപ്പെട്ട് ജീവിതം വഴിമുട്ടി നിന്നവർക്ക് അനുയോജ്യമായ ഉപജീവന മാർഗ്ഗങ്ങൾ രൂപീകരിച്ച് നൽകുന്നതിന് കുടുംബശ്രീ ലക്ഷ്യമിട്ടിരിക്കുന്നു. പത്തനംതിട്ടയിൽ പ്രളയബാധിതരായ 35 സ്ത്രീകൾക്ക് വേണ്ടി ഉപജീവന മാർഗ്ഗങ്ങൾ തുറന്ന് നൽകി. 30 പേരുൾപ്പെടുന്ന തയ്യൽ യൂണിറ്റും അഞ്ച് പേർ ഉൾപ്പെടുന്ന കേറ്ററിങ് യൂണിറ്റുമാണ് പത്തനംതിട്ട കുടുംബശ്രീ ജില്ലാ മിഷൻ ആരംഭിച്ചത്. പന്തളം ആസ്ഥാനമാക്കി ആശ എന്ന പേരിലാണ് തയ്യൽ യൂണിറ്റ് ആരംഭിച്ചത്. ഇവർക്ക് 15 ദിവസത്തെ അടിയന്തര പരിശീലനം നൽകി യൂണിറ്റ് ആരംഭിക്കുകയായിരുന്നു. ആറന്മുളയിലാണ് ജീവന എന്ന പേരിൽ പ്രളയ ബാധിതരായ അഞ്ച് പേരെ ചേർത്ത് കേറ്ററിങ് യൂണിറ്റിന് തുടക്കമിട്ടത്.

ലേഖകൻ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്

ഏഴ് കോടി സംഭാവന

ഓരോ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളും തങ്ങളുടെ ഒരാഴ്ചത്തെ ലഘുസമ്പാദ്യ (ത്രിഫ്റ്റ്) തുകയെങ്കിലും ദുരിതാശ്വാസനിധിയിലേക്ക് നൽകണമെന്ന അഭ്യർത്ഥന പ്രകാരം സമാഹരിച്ചത് ഏഴ് കോടി രൂപയാണ്. ഓരോ അയൽക്കൂട്ടവും പ്രാദേശികമായി സംഭാവനയായി സ്വീകരിച്ച തുകയും ഓണാഘോഷങ്ങൾക്കും മറ്റുമായി ചേർത്തുവച്ച തുകയും കുടുംബശ്രീയുടെ റിസോഴ്സ് പേഴ്സൺമാരും പരിശീലന സംഘങ്ങളും കാസ് (കുടുംബശ്രീ അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ് സർവീസ് സൊസൈറ്റി) അംഗങ്ങളും സംഭാവനയായി നൽകിയ തുകയും ഇതിൽ ഉൾപ്പെടും.

പ്രളയശേഷം

പകർച്ചവ്യാധി നിയന്ത്രണവും ആരോഗ്യസംരക്ഷണവും

ഡോ. ചിന്ത എസ്.

മഹാപ്രളയത്തിൽ നിന്ന് കരകയറികൊണ്ടിരിക്കുന്ന കേരളം പുനരധിവാസത്തിന്റെയും പുനർനിർമ്മാണത്തിന്റെയും പുത്തൻ പാതയിൽ ഒട്ടേറെ വെല്ലുവിളികൾ നേരിടുകയാണ്. അതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് പകർച്ചവ്യാധി നിയന്ത്രണവും ആരോഗ്യ സംരക്ഷണവും. ചരിത്രം പരിശോധിക്കുകയാണെങ്കിൽ പല പ്രളയദുരന്തങ്ങളിലും സംഭവിച്ച ജീവനഷ്ടത്തെക്കാൾ പല മടങ്ങ് നഷ്ടം പ്രളയശേഷം ഉണ്ടായ പകർച്ചവ്യാധികളാൽ സംഭവിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമായിരിക്കുന്നു. ശുദ്ധജല ദൗർലഭ്യം രൂക്ഷമാണ്. ക്യാമ്പുകളിലും മറ്റും ജനങ്ങൾ കൂട്ടമായി പാർക്കുമ്പോൾ വ്യക്തിശുചിത്വം പാലിക്കുക ദുർഘടമായിരിക്കുന്നു. എന്നാൽ രോഗങ്ങൾ പെട്ടെന്ന് പടർന്നുപിടിക്കാനുള്ള സാധ്യത കൂടുതൽ ആയതിനാൽ ശുചിത്വം ഏറ്റവും അനിവാര്യവും ആകുന്നു. സ്ഥിര ആരോഗ്യസംവിധാനങ്ങൾ അവതാളത്തിൽ ആയിരിക്കുന്നു. ഈ സാഹചര്യത്തിൽ ആരോഗ്യകാര്യങ്ങളിൽ പതിവിൽക്കൂടുതൽ ജാഗ്രത ആവശ്യമായി വന്നിരിക്കുന്നു.

കരുതിയിരിക്കേണ്ട രോഗങ്ങൾ

വയറിളക്കരോഗങ്ങൾ

പ്രളയശേഷം സ്വാഭാവികമായും കൂടുതൽ കണ്ടുവരുന്ന രോഗങ്ങളിൽ പ്രധാനി ജലജന്യരോഗങ്ങൾ തന്നെയാണ്. സാധാരണ വയറിളക്കം മുതൽ ടൈഫോയിഡ്, കോളറ, ഹെപ്പറ്റൈറ്റിസ് A മഞ്ഞപിത്തം തുടങ്ങിയ രോഗങ്ങൾ വരെ വരാൻ സാധ്യത ഏറുന്നു. ഇതിന്റെ പ്രതിരോധത്തിന് ശുദ്ധജലം മാത്രം കുടിക്കുക, ഭക്ഷണ ശുചിത്വം, വ്യക്തിശുചിത്വം ഇവ ഉറപ്പാക്കുക എന്ന അടിസ്ഥാനമാർഗ്ഗങ്ങൾ തന്നെയാണ് അവലംബം.

പല പ്രളയദുരന്തങ്ങളിലും സംഭവിച്ച ജീവനഷ്ടത്തെക്കാൾ പല മടങ്ങ് നഷ്ടം പ്രളയശേഷം ഉണ്ടായ പകർച്ചവ്യാധികളാൽ സംഭവിച്ചിട്ടുണ്ട്.

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രവർത്തനനിരതമാകുക

പ്രളയക്കെടുതികൾക്കിടയിലെ രക്ഷാപ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമിടയിലെ പ്രഥമ വെല്ലുവിളി മരണങ്ങൾ കുറയ്ക്കുക തന്നെ ആയിരുന്നു. മരണങ്ങൾ ഏറ്റവും കുറഞ്ഞ നിലയിൽ നിർത്തുവാൻ നമുക്ക് കഴിഞ്ഞു. എന്നാൽ ദുരന്തശേഷമുള്ള രോഗങ്ങളും അത് കാരണമാക്കാവുന്ന മരണങ്ങളും തുടർ ആരോഗ്യ പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിശിഷ്യാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളും പ്രവർത്തനനിരതമാകേണ്ട മേഖലയാണിത്. അതിനനുസൃതമായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

രോഗ വിവര ശേഖരണ സംവിധാനം

പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും വ്യാപിക്കുവാൻ സാധ്യത ഉണ്ട്. എന്നാൽ തുടക്കം മുതൽ ശ്രദ്ധിച്ചാൽ ഈ വെല്ലുവിളി നേരിടുവാനാവും. ഒരു പ്രദേശത്ത് ഏതെങ്കിലും രോഗബാധ ആരംഭിച്ചു എന്ന് തുടക്കത്തിലേ അറിയാൻ സാധിക്കണം. ഇവിടെയാണ് ചിട്ടയായ രോഗ വിവര ശേഖരണ സംവിധാനത്തിന്റെ പ്രസക്തി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സാധാരണ ഗതിയിൽ ഇക്കാര്യങ്ങൾ ചെയ്യുന്നതാണിത്. എന്നാൽ നിലവിലെ അടിയന്തര സാഹചര്യത്തിനനുസരിച്ച് ഈ സംവിധാനം ശക്തിപ്പെടുത്തണം. വ്യക്തികളും കുടുംബങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും പങ്കാളികളാകണം. ആരോഗ്യ പ്രശ്നങ്ങൾ ഉടനടി റിപ്പോർട്ട് ചെയ്യുന്ന രീതി വേണം. അതിനായി ഇത്തരം വിവരങ്ങൾ സ്വീകരിക്കാനും ക്രോഡീകരിച്ചു ബന്ധപ്പെട്ടവരെ അറിയിക്കുവാനും സംവിധാനം വേണം. ഈ വിവരങ്ങളെ ദൈനംദിനം താഴെത്തട്ടിൽ തന്നെ ശാസ്ത്രീയമായി അവലോകനം ചെയ്തു നടപടികൾ ആരംഭിക്കുവാൻ ഏർപ്പാടുണ്ടാകണം. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത് ഉറപ്പുവരുത്തണം.

എങ്ങനെ ആകാം ഈ സംവിധാനങ്ങൾ

പടർന്നു പിടിക്കാൻ സാധ്യതയുള്ള രോഗങ്ങളുടെയും ആരോഗ്യ പ്രശ്നങ്ങളുടെയും ലിസ്റ്റ് മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ചെയ്തു തയ്യാറാക്കണം. എല്ലാ ആരോഗ്യ പ്രവർത്തകരും വാർഡുതല സമിതികളും ആശ, അംഗനവാടി, കുടുംബശ്രീ പ്രവർത്തകരും ഓരോ വീട്ടിലും ഇത് സംബന്ധിച്ച വിവരം നല്കണം. ഏതെങ്കിലും രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ ഉടനടി ആരെ അറിയിക്കണം എന്നു വ്യക്തമാക്കണം. ഭീതി പരത്താനല്ല, മറിച്ചു രോഗവ്യാപനം കൂടുന്നുണ്ടോ എന്നറിയാൻ മാത്രമാണിതെന്ന് കൃത്യമായും സന്ദേശം നല്കണം.

എന്തെല്ലാം വിവരങ്ങൾ

- പകർച്ചവവ്യാധികളായ ജലജന്യ രോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ (എലിപ്പനി തുടങ്ങിയവ)
- കൊതുകുജന്യ/പ്രാണിജന്യ രേഗങ്ങൾ
- വായുജന്യ രോഗങ്ങൾ (ചിക്കൻ പോക്സ്, എച്ച്. 1 എൻ 1,വൈറൽ പനി തുടങ്ങിയവ)
- ത്വക് രോഗങ്ങൾ
- ചെവി, കണ്ണ് മുതലായവയെ ബാധിക്കുന്ന രോഗങ്ങൾ
- ശുദ്ധജല ലഭ്യത

എലിപ്പനി

രോഗബാധയാലും മരണനിരക്കാലും നമ്മെ ഏറ്റവും ഭയപെടുത്തുന്ന രോഗം എലിപ്പനി അഥവാ ലെപ്ടോസ്പിരോസിസ് ആണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേരളത്തിൽ എലിപ്പനി ഒരു പ്രധാന പൊതുജനാരോഗ്യപ്രശ്നമായി നിലനില്ക്കുന്നു. മിക്ക ജില്ലകളിലും ഈ വർഷം തുടക്കം മുതലേ എലിപ്പനി കണ്ടുവരുന്നു. പ്രളയശേഷം പ്രതീക്ഷിച്ച പോലെ തന്നെ എലിപ്പനി ബാധിച്ചവരുടെ എണ്ണം കൂടിയിരിക്കുന്നു. എലിപ്പനി മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പ് എലിപ്പനിക്കെതിരെ ജാഗ്രതനിർദ്ദേശം നല്കിയിരിക്കുന്നു.

ലെപ്റ്റോസ്പിര എന്ന രോഗാണു ബാധിച്ച എലി അല്ലെങ്കിൽ പശു, പട്ടി, ആട് തുടങ്ങിയ വളർത്തു മൃഗങ്ങളുടെ മൂത്രത്താൽ മലിനമായ ജലവുമായി സമ്പർക്കത്തിൽ വരുമ്പോൾ ഈ രോഗാണു മനുഷ്യരിലേക്ക് പ്രവേശിക്കുന്നു. ശരീരത്തിലുള്ള മുറിവുകളിലൂടെയും കണ്ണ്, വായ ഇവ മലിനജലവുമായി സമ്പർക്കത്തിൽ വരുമ്പോഴും മലിനജലം പാനീയങ്ങളിലൂടെയോ ഭക്ഷണത്തിലൂടെയോ ഉള്ളിൽ ചെല്ലുന്നത് വഴിയും രോഗാണു ബാധയുണ്ടാകാം. കടുത്ത പനി, ശരീരവേദന, കണ്ണിൽ ചുവപ്പുനിറം ഇവയൊക്കെയാണ് പ്രാരംഭലക്ഷണം. ചികിത്സ വൈകിയാൽ കരൾ, വൃക്ക, ശ്വാസകോശം, ഹൃദയം, മസ്തിഷ്കം തുടങ്ങിയ അവയവങ്ങളെ ബാധിക്കുവാനും മരണപ്പെടാനും സാധ്യതയുള്ള രോഗമാണ് ഇത്. ഈ രോഗത്തിനെതിരെ ഫലപ്രദമായ ആന്റിബയോട്ടിക് ചികിത്സ ലഭ്യമാണ്. രോഗം തുടങ്ങുമ്പോൾ തന്നെ doxycycline ഗുളിക കഴിക്കാം. രോഗം മൂർച്ഛിക്കുന്നവരിൽ injection Crystalline Penicillin ഫലപ്രദമാണ്.

കഴിഞ്ഞകുറച്ചു വർഷങ്ങളായി കേരളത്തിൽ എലിപ്പനി ഒരു പ്രധാന പൊതുജനാരോഗ്യപ്രശ്നമായി നിലനില്ക്കുന്നു.

- ശുചീകരണ രീതികൾ
- കക്കൂസ്/സെപ്റ്റിക് ടാങ്ക്
- മാലിന്യ സംസ്കരണ രീതികൾ
- പ്രദേശത്ത് രോഗം പരക്കാനുള്ള സാധ്യത

ഏതു രോഗമാണ് എന്നതിനേക്കാൾ രോഗലക്ഷണങ്ങൾ ആവും റിപ്പോർട്ട് ചെയ്യപ്പെടുക. മെഡിക്കൽ ഓഫീസറും ആരോഗ്യ പ്രവർത്തകരുമാണ് ഈ രോഗലക്ഷണങ്ങൾ പരിശോധിച്ച് ഏതു രോഗാവസ്ഥയാണ് എന്ന് തീരുമാനിക്കേണ്ടത്. പകർച്ചേതര വ്യാധികളിൽ ചിലത് മൂർച്ഛിക്കാൻ സാധ്യത ഉണ്ടെന്നതിനാൽ അതും റിപ്പോർട്ട് ചെയ്യുന്നത് നന്നാകും. രോഗാവസ്ഥയിലുള്ള വയോജനങ്ങൾ, പരിചരണം ആവശ്യമുള്ളവർ, ദീർഘസ്ഥായീ രോഗബാധിതർ എന്നിവരുടെ ലിസ്റ്റ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി സൂക്ഷിക്കേണ്ടതാണ്. മാനസിക പ്രശ്നങ്ങൾ തലപൊക്കുന്ന സാഹചര്യമാണ്. പലപ്പോഴും അത്തരം മാറ്റങ്ങൾ രഹസ്യമായി വയ്ക്കാനുള്ള സാധ്യത ഉണ്ട്. രോഗ റിപ്പോർട്ടിങ്ങിൽ നേരിട്ട് വന്നില്ലെങ്കിലും അത്തരം സാഹചര്യത്തിൽ ആരോഗ്യ വിഭാഗത്തെ അറിയിക്കുകയോ ചികിത്സ തേടുകയോ ചെയ്യേണ്ടുന്നത് പ്രശ്നങ്ങൾ മൂർഛിക്കാതിരിക്കുവാനും മരണങ്ങൾ ഒഴിവാക്കാനും ആവശ്യമാണ് എന്ന സന്ദേശം എല്ലാവർക്കും നല്കേണ്ടതാണ്.

പ്രാദേശിക തലത്തിൽ

വാർഡിലെ ഓരോ പ്രദേശത്തും കോളനികൾ, റെസിഡൻഷ്യൽ/നഗർ പോലുള്ള സ്ഥലങ്ങളുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിക്കണം. ഏതു പ്രദേശത്താണ് രോഗ സാധ്യത എന്ന് എളുപ്പം കണ്ടെത്താനാകും. ഒരു രോഗം ഒരു നിശ്ചിത പ്രദേശത്ത് രൂപപ്പെട്ട് തുടങ്ങിയാൽ ആ പ്രദേശം കേന്ദ്രീകരിച്ച് പ്രതിരോധ നടപടികൾ സ്വീകരിക്കണം. ജനപ്രതിനിധികളെ ഇക്കാര്യങ്ങൾ ഉറപ്പുവരുത്താനും ഏകോപിപ്പിക്കുവാനും ഏല്പിക്കുക. തങ്ങളുടെ പ്രദേശത്തെ സ്ഥിതി അപ്പോഴപ്പോൾ അറിയുവാനും ബന്ധപ്പെട്ടവരെ അറിയിച്ച് തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ഇതാവശ്യമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായി മാറണം ഈ വിവരശേഖര സംവിധാനം ഉറപ്പുവരുത്തൽ.

വിവരങ്ങളുടെ അവലോകനം

ആരോഗ്യ വിഭാഗവുമായി ചേർന്ന് അന്നന്ന് തന്നെ ഈ വിവരങ്ങൾ അവലോകനം ചെയ്ത് രോഗ തലത്തിലും വാർഡുതലത്തിലും പ്രദേശ തലത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ വ്യാപ്തിയും സാധ്യതകളും തിട്ടപ്പെടുത്തുക. നടപടികളെടുക്കാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കണം. പ്രദേശങ്ങളുടെയും വീടുകളുടെയും സ്ഥിതി ഈ അവലോകനത്തിൽ ആവശ്യമായിവരുമെന്നതിനാൽ ജനപ്രതിനിധിക്ക് ഒട്ടേറെ വിവരങ്ങൾ നല്കാനാവും. തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ അവർക്ക് നിർണ്ണായക റോളാണുള്ളത്. ക്രോഡീകരിച്ച വിവരങ്ങളും അവലോകന റിപ്പോർട്ടും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആരോഗ്യ വിഭാഗവും ചർച്ചചെയ്യുകയും കൂടുതൽ സാങ്കേതിക സഹായം ആവശ്യമെങ്കിൽ ആരോഗ്യ വകുപ്പിലെ മേൽത്തട്ട് സംവിധാനങ്ങളിൽ അറിയിക്കുകയും വേണം.

തുടക്കത്തിൽ സൂചിപ്പിച്ചതു പോലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രസക്തിയും കാര്യശേഷിയും ഏറെ പ്രതിഫലിക്കേണ്ട സമയമാണിത്. മറ്റൊരു ദുരന്തമൊഴിവാക്കുന്നതിൽ നിർണ്ണായകമായ റോളാണ് വഹിക്കേണ്ടത്.

വിവരങ്ങൾക്ക് കടപ്പാട്:

ഡോ ജോയ് ഇളമൺ

എലിപ്പനി പ്രതിരോധം

പ്രളയപ്രദേശങ്ങളിലെ ജനങ്ങൾക്കും അവിടെ സന്നദ്ധപ്രവർത്തനത്തിൽ ഏർപ്പെട്ട വോളന്റിയർമാർക്കും ഉദ്യോഗസ്ഥർക്കും രോഗബാധയുടെ സാധ്യതയുള്ളതിനാൽ പ്രതിരോധ ഗുളിക കഴിക്കണം എന്ന നിർദ്ദേശം ആരോഗ്യ വകുപ്പ് നല്കിയിട്ടുണ്ട്. ഇതിനു പുറമേ മലിനജലവുമായി സമ്പർക്കത്തിൽ വരുന്നവരെല്ലാം കാലുറകളും കയ്യുറകളും കണ്ണാടി, മാസ്ക് മുതലായ മറ്റു സംരക്ഷണമാർഗങ്ങളും ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം. മുറിവുകൾ വെള്ളം കയറാതെ കെട്ടിവയ്ക്കുക, സോപ്പും വെള്ളവും ഉപയോഗിച്ച് കൈകാലുകൾ വൃത്തിയായി കഴുകുക, ശുദ്ധജലം മാത്രം കുടിക്കുക, ഭക്ഷണ ശുചിത്വം പാലിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. പരിസരശുചിത്വം പാലിക്കുന്നത് വഴി എലികളെ നിയന്ത്രിക്കാനും ജലം കൂടുതൽ മലിനമാകാതെ സംരക്ഷിക്കാനും ആകും. രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയംചികിത്സ ഒഴിവാക്കി ഉടൻതന്നെ അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ തേടണം.

വായുജന്യരോഗങ്ങൾ

ജലദോഷപനികൾ, ചിക്കൻപോക്സ്, മീസിൽസ്, H1N1 ഫ്ലൂ, ക്ഷയരോഗം, മറ്റു പകർച്ചപനികൾ ഒക്കെതന്നെയും ഇത്തരം ഒരു സാഹചര്യത്തിൽ പെട്ടെന്ന് പടർന്നുപിടിക്കാം. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മുഖം പൊത്തിപിടിക്കുക, കൈകഴുകി സൂക്ഷിക്കുക, രോഗലക്ഷണങ്ങൾ കണ്ടാൽ മറ്റു

ള്ളവർക്ക് പകർന്നു നല്കാതെ ഒഴിഞ്ഞു നില്ക്കുക, എത്രയും വേഗം ആരോഗ്യപ്രവർത്തകരുമായി ബന്ധപെട്ടു ചികിത്സ നേടുക ഇതെല്ലാം രോഗ വ്യാപനം തടയാനും സങ്കീർണ്ണതകൾ ഒഴിവാക്കാനും അനിവാര്യമാണ്.

ത്വക്കുരോഗങ്ങൾ

പ്രളയബാധിതപ്രദേശങ്ങളിലെ ജനങ്ങളിൽ വളംകടി പോലുള്ള fungal രോഗങ്ങൾ കൂടുതൽ ആയി കണ്ടു വരുന്നു. Antifungal ക്രീമുകൾ ഉപയോഗിക്കുകയും വെള്ളം നനയാതെ വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുകയാണ് വേണ്ടത്. ചിലർക്ക്, പ്രത്യേകിച്ച് പ്രമേഹരോഗികളിൽ ഇതിനു പുറമേ bacteria ബാധയുണ്ടാകാനും സാധ്യത ഉള്ളതിനാൽ ആന്റിബയോട്ടിക് ചികിത്സകൂടി വേണ്ടി വന്നേക്കും.

പാമ്പുകടി / മറ്റു അപകടങ്ങൾ

പ്രളയശേഷം ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് തിരിച്ചു ചെന്നവരിൽ പലർക്കും പാമ്പ് കടിയേല്ക്കുകയുണ്ടായി. ഭൂരിഭാഗം പാമ്പുകളും വിഷമില്ലാത്തവയാണെങ്കിലും സമയം കളയാതെ രോഗിയെ ആശുപത്രിയിൽ എത്തിക്കുന്നതാണ് ഉത്തമം. ഭയപെടുന്നത് ദോഷം ചെയ്യും. മുറിവിനു മുകളിൽ ആയി അധികം മുറുകാതെ ഒരു കെട്ട് കെട്ടാം. പാമ്പിനെ അന്വേഷിച്ചു സമയം കളയണ്ട. എല്ലാതരം പാമ്പുവിഷങ്ങൾക്കും എതിരെ ഫലപ്രദമായ polyvalent Antisnake Venom എല്ലാ പ്രധാനപെട്ട സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. വൈദ്യുതാഘാതം, വീഴ്ചകൾ , മറ്റ് അപകടങ്ങൾ ഇവ ഒഴിവാക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്.

കൊതുകുജന്യ രോഗങ്ങൾ

പ്രളയം കഴിഞ്ഞു രണ്ടാഴ്ച പിന്നിടുമ്പോൾ വെള്ളക്കെട്ടുകൾ കാരണം കൊതുകുശല്യം കൂടാനുള്ള സാധ്യതയുണ്ട്. ഇനി അങ്ങോട്ട് ഡെങ്കിപ്പനി, മലേറിയ, ജപ്പാൻ ജ്വരം തുടങ്ങിയ രോഗങ്ങളെ കരുതിയിരിക്കുകയും കൊതുകുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വേണം.

മാനസികപ്രശ്നങ്ങൾ

അപ്രതീക്ഷിതമായി വന്ന മഹാദുരന്തം അനുഭവിക്കേണ്ടി വന്നവരുടെ ഇടയിൽ post

stresstraumatic സ്ട്രെസ് disorder പോലുള്ള മാനസികപ്രശ്നങ്ങൾ കണ്ടുവരുന്നു. ശാസ്ത്രീയ മായ രീതിയിൽ തന്നെ മാനസിക പ്രഥമ ശുശ്രൂഷ (Psychological First Aid) നല്കുവാൻ ആരോഗ്യപ്രവർത്തകരെയും മറ്റു സന്നദ്ധപ്രവ ർത്തകരെയും പരിശീലിപ്പിക്കുക അഭികാമ്യമാ യിരിക്കും. തീവ്രത കൂടിയ പ്രശ്നമുള്ളവരെ കണ്ടെ ത്തുകയും വിദഗ്ധചികിത്സ ലഭ്യമാക്കുകയും വേണം.

മറ്റു ആരോഗ്യപ്രശ്നങ്ങൾ

ദീർഘസ്ഥായിരോഗങ്ങൾക്ക് സ്ഥിരമായി മരുന്ന് കഴിച്ചുകൊണ്ടിരുന്നവർ മരുന്ന് മുടക്കാൻ സാധ്യതയുള്ളതിനാൽ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മരുന്നും കുറിപ്പും നഷ്ടപ്പെട്ടു പോയതിനാലും സ്ഥിരമായി മരുന്ന് നല്കിയിരു ന്ന ആരോഗ്യസംവിധാനങ്ങൾ തകർന്നതിനാ ലും ദുരന്തത്താൽ ജീവിതതാളം തന്നെ തെറ്റിയതിനാലും പലരും ഇത്തരം ആരോഗ്യപ്ര ശ്നങ്ങളിൽ ഉള്ള ശ്രദ്ധ കുറച്ചിരിക്കുന്നു. ഇത് അപകടം വിളിച്ചു വരുത്താനിടയുണ്ട്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, വൃക്കരോഗം, കര ൾരോഗം തുടങ്ങിയവയ്ക്ക് മരുന്ന് കഴിക്കുന്നതിനു മുടക്കം വന്നാൽ ഹൃദയാഘാതം, പക്ഷാഘാതം, തുടങ്ങിയ ഗുരുതരപ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യ തയുണ്ട്.

ആരോഗ്യസംരക്ഷണത്തിനായുള്ള മുൻകരുതലുകൾ:

1. കുടിക്കുവാനും പാചകം ചെയ്യാനും മറ്റും ശുദ്ധമായ ജലം മാത്രം ഉപയോഗിക്കുക. പ്രളയ ബാധിതമായ കിണറുകളിലെ വെള്ളം കലങ്ങി യതായതിനാൽ അത് ഇറച്ചു വൃത്തിയാക്കി തെളിഞ്ഞ വെള്ളം ആയതിനു ശേഷം മാത്രം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുനാശം ചെയ്യുക. കലങ്ങിയ വെള്ളം ആണ് ലഭിക്കുന്ന തെങ്കിൽ അത് അരിച്ചു തെളിമയുള്ള വെള്ളം മാത്രം ഉപയോഗിക്കുക. അല്ലെങ്കിൽ പുറമേ നിന്ന് കൊണ്ടുവരുന്ന തെളിവെള്ളം ഉപയോഗി ക്കുക. കിണറുകളെ അണുവിമുക്തമാക്കാൻ superchlorination നടത്തണം,

2. പ്രളയജലം കയറിയ വീടുകളും ഉപകര ണങ്ങളും വൃത്തിയാക്കുമ്പോൾ അണുനശീകരണ ത്തിന് ഏറ്റവും ഫലപ്രദമായ വസ്തു ബ്ലീച്ചിംഗ് പൗഡർ തന്നെയാണ്. 10 ലിറ്റർ വെള്ളത്തിൽ 150 gm എന്ന തോതിൽ തയ്യാറാക്കിയ ലായ നിയാണ് ഇതിനായി ഉപയോഗിക്കേണ്ടത്. 2-3 ടീസ്പൂൺ ഡിറ്റർജന്റും ഇതിൽ ചേർക്കാം. ആദ്യം ചെളിവെള്ളം കഴുകികളഞ്ഞതിനു ശേഷം വേണം ഈ ലായനി ഉപയോഗിക്കാൻ. ഒരു മണിക്കൂർ സമയം കഴിഞ്ഞു മറ്റു മണമുള്ള ലോഷ നുകൾ ഉപയോഗിച്ച് ഇത് കഴുകി കളയാം.

3. ജീർണിച്ച വസ്തുക്കൾ, മൃഗങ്ങളുടെ അവശി ഷ്ടങ്ങൾ, അടിഞ്ഞുകൂടിയ മാലിന്യം ഇവയാൽ മലിനമായ പരിസരം വൃത്തിയാക്കുമ്പോൾ Sanitizing Mixture ഉപയോഗിക്കാം. ഒരു കിലോഗ്രാം കുമ്മായത്തിൽ 250gm ബ്ലീച്ചിംഗ് പൗഡർ എന്ന തോതിൽ ഉണ്ടാക്കിയ മിശ്രണം ആണിത്. ഈച്ച ശല്യം കുറയ്ക്കാനും ഈ മിശ്രണം ഉപയോഗിക്കാം.

മാലിന്യം സംസ്കരിക്കുന്നതിന് മുമ്പ് തരംതി രിച്ചു ഉചിതമായ മാർഗത്തിൽ തന്നെ സംസ്കരി ക്കണം.

4. ഭക്ഷണശുചിത്വം പാലിക്കാനായി പഴകിയ ഭക്ഷണങ്ങൾ ഉപയോഗിക്കാതിരി ക്കുക. പ്രളയജലത്താൽ മലിനമായ ധാന്യങ്ങളും മറ്റു ഭക്ഷ്യ വസ്തുക്കളും ഉപയോഗിക്കാതിരിക്കുക. സോപ്പ് ഉപയോഗിച്ച് കൈകഴുകുക.

5. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുകയും ആരോഗ്യ അധികൃതരെ അറിയിക്കുകയും ചെയ്യണം.

കിണർ അണുവിമുക്തമാക്കാൻ

കിണറുകളെ അണുവിമുക്തമാക്കാൻ superchlorination നടത്തണം, 1000 ലിറ്റർ വെള്ളത്തിന് 5gm ബ്ലീ ച്ചിംഗ് പൗഡർ എന്ന തോതിലാണ് ഉപയോഗിക്കേണ്ടത്. ഒരു റിംഗ്/ തൊടി ഏകദേശം 1000 ലിറ്ററും 5gm ഒരു ടീസ്പൂണും ആണ്. ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ ഒരു ബക്കറ്റിൽ അല്പം വെള്ളം കൂടി ചേർത്ത് മിശ്രണം ആക്കണം. ഇതിലേക്ക് മുക്കാൽ ബക്ക റ്റ് വെള്ളം ഒഴിച്ച് നന്നായി കലക്കി 10 മിനിറ്റ് അനക്കാതെ വയ്ക്കണം. ബക്കറ്റി നു മുകൾഭാഗത്തെ തെളിഞ്ഞ ലായനി കിണർ വെള്ളത്തിൽ നന്നായി കലക്കി ഒരു മണിക്കൂറിനു ശേഷം ഉപ യോഗിക്കാവുന്നതാണ്. ടാങ്കുകൾ ഉപ യോഗിക്കുന്നതിനു മുമ്പ് തേച്ചു കഴുകി ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കണം. Chlorine tablet (500mg) ലഭ്യമാണെങ്കിൽ 20 ലിറ്റർ വെള്ളത്തിൽ ഒരു ടാബ്ലെറ്റ് പൊടിച്ചു ചേർത്ത് 1 മണിക്കൂർ വച്ചതി നു ശേഷം ഉപയോഗിക്കാവുന്നതാണ്. ക്ലോറിൻ ലായനി ആവശ്യമായ തോതിൽ തയ്യാറാക്കിയും കുടിവെള്ളം ശുചീകരിക്കാൻ ഉപയോഗിക്കാം. കുടി ക്കാൻ ഉപയോഗിക്കുന്ന വെള്ളം കഴിവതും തിളപ്പിച്ചാറ്റി തന്നെ ഉപ യോഗിക്കുക. വെള്ളം നല്ലവണ്ണം വെട്ടി ത്തിളയ്ക്കാൻ അനുവദിക്കണം.

ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസി. പ്രൊഫസറാണ്.

പ്രളയബാധിത മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ

എസ്. ഹരികിഷോർ ഐ.എ.എസ്

കഴിഞ്ഞ കാലവർഷക്കാലത്ത് ചരിത്രത്തിൽ ഇന്നവരെ ഉണ്ടായിട്ടില്ലാത്ത നാശനഷ്ടങ്ങൾ ആണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. ഏക്കറുകളോളം കൃഷിഭൂമി ചെളി അടിഞ്ഞ് കൃഷിക്ക് അനുയോജ്യം അല്ലാതായി മാറി. കിലോമീറ്ററുകളോളം റോഡുകൾ ഇല്ലാതായി. പഞ്ചായത്ത് കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, അംഗൻവാടികൾ എന്നിവ ഉൾപ്പെടെ പൊതു ആസ്തികളുടെ ഭീമമായ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഏറെ കുടുംബങ്ങൾക്ക് അവരുടെ വീടുകൾ നഷ്ടമായി. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടി വന്നു. ഉപജീവന മാർഗ്ഗങ്ങൾക്ക് നാശം സംഭവിച്ചു. പലർക്കും തങ്ങളുടെ ജീവനോപാധി നഷ്ടമായി. നികത്താനാകാത്ത നഷ്ടമാണ് പൊതു/വ്യക്തിഗത ആസ്തികൾക്ക് ഉണ്ടായിട്ടുള്ളത്. പുനരധിവാസ പ്രവർത്തനങ്ങൾ ഇപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്തു വരികയാണ്. നശിച്ച ആസ്തികളുടെ പുനരുദ്ധാരണത്തിനും പുനർനിർമ്മാണത്തിനും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് വഹിക്കാൻ കഴിയുന്ന പങ്ക് വളരെ വലുതാണ്.

ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വീടും ജീവനോപാധികളും നഷ്ടപ്പെട്ട സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ അത്തരം കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പു വരുത്താൻ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതുണ്ട്. അവർക്ക് പുതിയ തൊഴിൽ കാർഡുകൾ അടിയന്തര പ്രാധാന്യം നൽകി വിതരണം നടത്തേണ്ടതുണ്ട്. പ്രളയം മൂലം ഗ്രാമപ്രദേശങ്ങളിലെ റോഡ് അടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾക്ക് വൻതോതിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. അവയുടെ പുനർനിർമ്മാണവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പ്രകൃതിക്ഷോഭ ബാധിത മേഖലയിൽ, ഒരു സാമ്പത്തികവർഷം സാധാരണ അനുവദിക്കുന്ന 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി, കൂടുതൽ തൊഴിൽദിനങ്ങൾ ലഭിക്കുന്നതിന് തൊഴിലുറപ്പ് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിന്റെ പ്രയോജനം പരമാവധി കുടുംബങ്ങളിൽ എത്തിക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം. പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനും കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുമായി പ്രളയബാധിത പ്രദേശങ്ങളിൽ ചുവടെപ്പറയുന്ന നടപടികൾ അടിയന്തര പ്രാധാന്യത്തോടെ

നശിച്ച ആസ്തികളുടെ പുനരുദ്ധാരണത്തിനും പുനർനിർമ്മാണത്തിനും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് വഹിക്കാൻ കഴിയുന്ന പങ്ക് വളരെ വലുതാണ്.

ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

1. പ്രളയത്തിൽ തൊഴിൽകാർഡ് നഷ്ടപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും പുതിയ തൊഴിൽ കാർഡുകൾ വിതരണം ചെയ്യേണ്ടതാണ്.
2. പ്രളയക്കെടുതി മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും തൊഴിലുറപ്പ് പദ്ധതിയിൽ ഉടൻ തന്നെ തൊഴിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി വാർഡുതലത്തിൽ തൊഴിലാളികളുടെ യോഗം വിളിച്ച് ചേർക്കുകയും തൊഴിലിനുള്ള അപേക്ഷ അവിടെ വച്ച് സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.
3. തൊഴിൽ നൽകുന്നതിനായി അംഗീകൃത വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടവയും ഇപ്പോൾ നടപ്പിലാക്കുവാൻ സാധിക്കുന്നവയുമായ പ്രവൃത്തികളുടെ നിർവ്വഹണം ഉടൻ തന്നെ ആരംഭിക്കാവുന്നതാണ്.
4. കൂടാതെ ഓരോ ഗ്രാമപഞ്ചായത്തിലും പ്രളയക്കെടുതിയെ തുടർന്നുണ്ടായ സാഹചര്യം വിലയിരുത്തി പൊതു അടിസ്ഥാന സൗകര്യങ്ങളുടെ പുനസ്ഥാപനത്തിനായി 2018-ലെ വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം അനുവദനീയമായിട്ടുള്ള ചുവടെ പറയുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി കണ്ടെത്തി ഏറ്റെടുക്കാവുന്നതാണ്.

   a. ഗ്രാമീണ റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് പുനസ്ഥാപിക്കൽ.

   b. കലുങ്കുകൾ പുനസ്ഥാപിക്കൽ.

   c.അംഗൻവാടികൾ, പഞ്ചായത്ത് ഓഫീസ്, രാജീവ്ഗാന്ധി സേവാകേന്ദ്രം തുടങ്ങിയ പൊതു ആസ്തികളുടെ പുനസ്ഥാപനം.

   d. പൊതു കിണറുകളുടെ പുനസ്ഥാപനം.

   e. ഗള്ളിപ്ലഗ്ഗിംഗ്, ഗാബിയോൺ, ബ്രഷ് വുഡ് ചെക്ക്ഡാം, തടയണകൾ, VCB തുടങ്ങിയ ആസ്തികളുടെ പുനർനിർമ്മാണം/ അറ്റകുറ്റപ്പണികൾ.

   f. പുഴ/ തോട്/ കനാലുകളുടെ പുനരുദ്ധാരണവും പാർശ്വഭിത്തി പുനസ്ഥാപനം/ബലപ്പെടുത്തലും.

   g. പൊതുകുളങ്ങളുടെ പുനർനിർമ്മാണം.

   h. ജലസേചന കനാലുകളുടെ പുനർനിർമ്മാണം/അറ്റകുറ്റപ്പണികൾ.

   i. പൊതുശൗചാലയങ്ങളുടെ നിർമ്മാണം.

   j. വെള്ളപ്പൊക്കം മൂലം ഉപയോഗശൂന്യമായ സ്കൂൾ ക്ലാസുകളുടെ പുനസ്ഥാപനം.

   k. കമ്പോസ്റ്റ് സംവിധാനങ്ങളുടെ പുനസ്ഥാപനം.

   l. കോണ്ടൂർ ബണ്ടുകൾ/കോണ്ടൂർ ട്രഞ്ചുകൾ തുടങ്ങിയവയുടെ പുനസ്ഥാപനം.

   m. വെള്ളക്കെട്ട് ഒഴിവാക്കാനുള്ള ഓവുചാലുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും.

ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വീടും ജീവനോപാധികളും നഷ്ടപ്പെട്ട സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ അത്തരം കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതുണ്ട്.

നടപ്പു സാമ്പത്തിക വർഷത്തിലെ ഭൗതിക പുരോഗതി

ഇനം	28.08.2018 വരെ	2017-18 സാമ്പത്തിക വർഷം 29.08.2017 വരെ
അംഗീകരിച്ച ലേബർ ബഡ്ജറ്റ് (തൊഴിൽ ദിനങ്ങളുടെ എണ്ണം ലക്ഷത്തിൽ)	113.346	93.42
ഇതുവരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ)	217.063	90.22
സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ ശതമാനം	191.50	96.57
സ്ത്രീ തൊഴിൽ ദിനങ്ങളുടെ ശതമാനം (ആകെ തൊഴിൽ ദിനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ)	90.12	87.86
ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ	21.15	15.26
ശരാശരി ദിവസക്കൂലി (രൂപയിൽ)	273.99	260.83
100 ദിവസത്തെ അവിദഗ്ധ തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം	897	133
തൊഴിൽ ലഭിച്ച കുടുംബങ്ങൾ (ലക്ഷത്തിൽ)	10.26	5.91

5. ഇതിനുപുറമേ 2018-19 ലെ വാർഷിക മാസ്റ്റർ സർക്കുലറിൽ അനുവദനീയമായ പ്രവൃത്തികളായി ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന പ്രവൃത്തികൾ പ്രളയബാധിത കുടുംബങ്ങളുടെ സ്വകാര്യ ഭൂമിയിൽ ഏറ്റെടുക്കാവുന്നതാണ്:

a.ഐ.എ.വൈ/പി.എം.എ.വൈ/സംസ്ഥാന പദ്ധതികളിൽ നിർമ്മിച്ച വീടുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും (90 ദിവസത്തെ അവിദഗ്ധ തൊഴിലും നിർമ്മാണ സാമഗ്രികളും).

b. പ്രളയം, ഉരുൾപൊട്ടൽ എന്നിവമൂലം തകർന്ന ഭൂപ്രദേശങ്ങളുടെ പുനസ്ഥാപനം.

c. കോണ്ടൂർ ബണ്ടുകൾ/മൺകയ്യാലകൾ തുടങ്ങിയവയുടെ പുനസ്ഥാപനം.

d. നിരപ്പാക്കൽ/തട്ടുതിരിക്കൽ അടക്കമുള്ള വിവിധ ഭൂവികസന പ്രവർത്തനങ്ങൾ, ഭൂമി കൃഷിക്ക് ഉപയുക്തമാക്കൽ.

e. തടയണകളുടെ നിർമ്മാണവും പുനസ്ഥാപനവും.

f. കമ്പോസ്റ്റ് സംവിധാനങ്ങളുടെ നിർമ്മാണവും പുനസ്ഥാപനവും.

g. ജലസേചന കിണറുകളുടെ നിർമ്മാണം.

h. ജലാഗിരണ കുഴികളുടെ നിർമ്മാണം.

i. സോക്ക് പിറ്റുകളുടെ നിർമ്മാണം.

സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ പറഞ്ഞിട്ടുള്ള ദുർബലവിഭാഗങ്ങൾക്ക് പ്രഥമപരിഗണന നൽകേണ്ടതാണ്. അത്തരം ഭൂമിയിലെ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലും പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

6. ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും മേൽപ്പറഞ്ഞ തരം പ്രവൃത്തികൾ കണ്ടെത്തുന്നതിന് വാർഡുതലത്തിൽ ദ്രുതഗ്രാമ പഠനം (Rapid Rural Appraisal) നടത്തുന്നത് അനുയോജ്യമായിരിക്കും. ഇതിനായി വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം പ്രയോജനപ്പെടുത്താവുന്നതാണ്. ആവശ്യമായ സാങ്കേതിക പിന്തുണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാർ, തദ്ദേശസ്വയംഭരണ എഞ്ചിനീയർമാർ എന്നിവരിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

7. ദ്രുതഗ്രാമപഠനത്തെ തുടർന്ന് കണ്ടെത്തിയ പ്രവൃത്തികൾ 2018-19 ലെ അധിക വാർഷിക കർമ്മ പദ്ധതിയായി തയ്യാറാക്കി ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ കഴിയുന്നതും വേഗം അംഗീകാരം നേടുകയും ആവശ്യമായ ഭരണനടപടിക്രമങ്ങൾ പൂർത്തിയാക്കി നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതുമാണ്. ഇപ്രകാരം തയ്യാറാക്കുന്ന അധിക വാർഷിക കർമ്മ പദ്ധതി തൊട്ടടുത്ത് കൂടുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതാണ്.

സംസ്ഥാനത്തിന്റെ പ്രകൃതിവിഭവങ്ങൾക്കും ആസ്തികൾക്കും വെള്ളപ്പൊക്കത്തിലും മലവെള്ളപ്പാച്ചിലിലും ഉരുൾപൊട്ടലിലും സംഭവിച്ചിട്ടുള്ള കേടുപാടുകൾ തീർക്കുന്നതിനും ഭാവിയിൽ ഇത്തരം അപകടങ്ങളിൽ നിന്നും സംരക്ഷണ കവചം ഒരുക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിലെ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ പ്രകൃതിദുരന്തം മൂലം ഉപജീവന സാദ്ധ്യതകൾ നഷ്ടപ്പെട്ടുപോയവർക്ക് കൈത്താങ്ങാകുന്ന തരത്തിലും തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുന്നതിന് ആസൂത്രണവേളയിൽ ശ്രദ്ധ പതിപ്പിക്കുന്ന പക്ഷം നവകേരള നിർമ്മിതിയിൽ ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കാൻ കഴിഞ്ഞതിന്റെ അഭിമാനം ഈ പദ്ധതിയുടെ നടത്തിപ്പിൽ ചുക്കാൻ പിടിക്കുന്ന തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും എന്നെന്നും ഹൃദയത്തിൽ സൂക്ഷിക്കാൻ കഴിയും.

ലേഖകൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടറാണ്

പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേരളം പിന്തുടരേണ്ട

ആവാസ വ്യവസ്ഥ

കെ. എസ്. ഗിരിജ

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കം ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളെയാണ് ഗുരുതരമായി ബാധിച്ചത്. ഈ ജില്ലകളിലെ 30-50% പ്രദേശത്തും വെള്ളപ്പൊക്കം ദുരിതം വിതയ്ക്കുകയുണ്ടായി. ഈ ദുരന്ത പശ്ചാത്തലത്തിൽ കേരളത്തിന്റെ ആവാസവ്യവസ്ഥകളുടെ പരിശോധനയും ആരോഗ്യകരമായ മാറ്റങ്ങളുടെ പരാമർശവുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

വെള്ളപ്പൊക്കത്തിന്റെ സ്ഥലമാനം

580 കിലോമീറ്റർ നീളത്തിൽ 35-130 കിലോമീറ്റർ വീതിയിൽ മെലിഞ്ഞ രൂപത്തിലുള്ള കേരളത്തിന്റെ ഒരു ഭാഗം കടൽത്തീരവും മറുഭാഗം മലനിരകളുമാണ്. മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് ഭൂഭാഗങ്ങളായി തിരിക്കുന്ന കേരളത്തിന്റെ മലനാടിൽ നിന്നും ഉത്ഭവിച്ച് തീരപ്രദേശത്ത് അവസാനിക്കുന്ന 41 നദികളുണ്ട്. ഇവ കൂടാതെ വിവിധ നദികളിലായി ഡാമുകളുടെ റിസർവോയറുകളുമുണ്ട്. നദികളും അവയിലെ ഡാമുകളും കാണിക്കുന്ന പട്ടിക കാണുക.

കേരളത്തിലെ പ്രധാനപ്പെട്ട ഡാമുകളുടെ സ്ഥാനം മാപ്പിൽ കാണിച്ചിരിക്കുന്നു.

കേരളത്തിൽ ലഭിച്ചുകൊണ്ടിരുന്ന ശരാശരി കാലവർഷ മഴ 177.8 സെന്റീമീറ്ററായിരുന്നു. എന്നാൽ ഈ വർഷം ഇത് 242.5 സെന്റീമീറ്ററായി ഉയർന്നു (36% ന്റെ വർദ്ധനവ്). ജൂൺ 1 മുതൽ

ദുരന്ത പശ്ചാത്തലത്തിൽ കേരളത്തിന്റെ ആവാസ വ്യവസ്ഥകളുടെ പരിശോധനയും ആരോഗ്യകരമായ മാറ്റങ്ങളുടെ പരാമർശവുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

കേരളത്തിലെ നദികളും അവയിലെ ഡാമുകളും

നം.	നദിയുടെ പേര്	നം.	ഡാമിന്റെ പേര്	നം.	നദിയുടെ പേര്	നം.	ഡാമിന്റെ പേര്
1	ഭാരതപ്പുഴ	1	മലമ്പുഴ	11	പെരിയാർ	22	ഇടുക്കി
		2	മംഗലം			23	പൊന്മുടി
		3	മീൻകര			24	ആനയിറങ്കൽ
		4	ചുള്ളിയാർ			25	കുണ്ടല
		5	പോത്തുണ്ടി			26	മാട്ടുപ്പെട്ടി
		6	വാളയാർ			27	ഷെങ്കുളം
		7	കാഞ്ഞിരപ്പുഴ			28	നേര്യമംഗലം
2	ശിരുവാണി	8	ശിരുവാണി			29	ഭൂതത്താൻകെട്ട്
3	ചാലക്കുടി	9	പറമ്പിക്കുളം			30	പെരിയാർ
		10	തുണക്കടവ്			31	മുല്ലപ്പെരിയാർ
		11	പെരുവാരിപ്പള്ളം			32	ചെറുതോണി
		12	ഷോളയാർ			33	കുളമാവ്
		13	പെരിങ്ങൽകുത്ത്	12	വളപ്പട്ടണം	34	പഴശ്ശി
4	കല്ലട	14	തെന്മല	13	കരമന	35	പേപ്പാറ
5	കരമന	15	അരുവിക്കര	14	മൂവാറ്റുപുഴ	36	മലങ്കര
6	കരുവണ്ണൂർ	16	പീച്ചി	15	കരുമാലി	37	ചിമ്മനി
7	കീച്ചേരി	17	വാഴാനി	16	കബനി	38	ബാണാസുരസാഗർ
8	കുറ്റ്യാടി	18	കുറ്റ്യാടി	17	കാരപ്പുഴ	39	കാരപ്പുഴ
9	നെയ്യാർ	19	നെയ്യാർ	18	ഇരട്ടയാർ	40	ഇരട്ടയാർ
10	പമ്പ	20	പമ്പ	19	കുറ്റ്യാടി	41	കക്കയം
		21	കക്കി	20	ചേലക്കര	42	അസുരൻകുണ്ട്
				21	കക്കട്ടാർ	43	മണിയാർ



2018 ആഗസ്റ്റ് 29 വരെ മൺസൂൺ മഴയുടെ ജില്ലാ വിതരണം ശ്രദ്ധിച്ചാൽ (പട്ടിക കാണുക) ഇടുക്കി ജില്ലയിൽ സാധാരണയിൽ നിന്നും 84 ശതമാനത്തിലധികം മഴ ലഭിച്ചപ്പോൾ, കാസർഗോഡ് 13% കുറവ് രേഖപ്പെടുത്തി എന്നു കാണാം. എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 25 മുതൽ 46% വരെ മഴയിൽ വർദ്ധനവുണ്ടായി എന്നു മനസ്സിലാക്കാം. കൂടാതെ, ആഗസ്റ്റ് 1 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ 75.86 സെന്റീമീറ്റർ മഴ ലഭിക്കുകയുണ്ടായി. ഇത് ഈ കാലയളവിലെ സാധാരണ മഴയായ 28.76 സെന്റീമീറ്ററിന്റെ 2.64 മടങ്ങാണ്. ഈ ദിവസങ്ങളിലെ അതി തീവ്രമായ മഴ രൂക്ഷമായ വെള്ളപ്പൊക്കത്തിനിടയാക്കി.

ഇപ്പോഴത്തെ വെള്ളപ്പൊക്കത്തിന് പ്രധാനമായും കാരണമായത് പമ്പ, അച്ചൻകോവിൽ, പെരിയാർ, മണിമല, മൂവാറ്റുപുഴ, ചാലക്കുടി എന്നീ പുഴകളിലെ ജലമാണ്. ഈ നദികളിലെല്ലാംകൂടി 20 ഡാമുകളുണ്ട്. അഴിക്കോട് മുതൽ ആലപ്പുഴ വരെ വ്യാപിച്ചുകിടക്കുന്ന കൊച്ചികായലും വേമ്പനാട്ടുകായലും അതിന്റെ തുടർച്ചയായുള്ള ജലാശയങ്ങളിലുമാണ് ഈ അഞ്ചു പുഴകളും അവസാനിക്കുന്നത്. ഈ ജലാശയത്തിനെ അതിരിടുന്ന ജില്ലകളായ തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളെയാണ് വെള്ളപ്പൊക്കം ഏറ്റവും ബാധിച്ചിട്ടുള്ളത് എന്ന് ചിത്രത്തിലൂടെ വ്യക്തമാകും.

മനുഷ്യാവാസ പ്രദേശങ്ങളുടെ വിന്യാസം

കേരളത്തിന്റെ 580 കിലോമീറ്റർ നീളത്തിലും തീരദേശത്തിന്റെ 200 മീറ്റർ വീതിയിലുള്ള ഭാഗം CRZ ൽ വരുന്നു. മലനാടിലും തീരപ്രദേശത്തുമായി സ്ഥിതി ചെയ്യുന്ന കായലുകളും തണ്ണീർ

ത്തടങ്ങളും വയലേലകളും കുന്നുകളും പരിസ്ഥിതിലോല പ്രദേശങ്ങളാണ്. ഉരുൾപൊട്ട ലിന് സാദ്ധ്യതയുള്ള ചരിഞ്ഞ കുന്നിൻ പ്രദേശങ്ങളെയും പരിസ്ഥിതിലോല പ്രദേശങ്ങളിൽപ്പെടുത്താം. നദിയും നദീതീരവും പരിസ്ഥിതിലോല പ്രദേശങ്ങളാണ്. മലനാട്ടിലെ വനപ്രദേശവും പരിസ്ഥിതിലോല പ്രദേശമാണ്. ഇത് വ്യക്തമാക്കുന്നത് കേരളത്തിന്റെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിപുലതയാണ്. ഈ പ്രദേശങ്ങളെല്ലാം അവയുടെ സ്വാഭാവിക സ്ഥിതിയിൽ സംരക്ഷിക്കേണ്ടത് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

കേരളത്തിൽ ഇപ്പോൾ വെള്ളപ്പൊക്കം ഉണ്ടായ പ്രദേശങ്ങൾ പരിശോധിച്ചാൽ, അവ കൂടുതലും നദീ തീരങ്ങളും ഒരു കാലത്ത് വയലുകളും തണ്ണീർത്തടങ്ങളുമായി കിടന്ന പ്രദേശങ്ങളുമാണെന്ന് കാണാം. മഴ പെയ്യുന്ന വെള്ളം ഒഴുകി വന്നു നിന്നിരുന്ന പ്രദേശങ്ങളാണ് തണ്ണീർത്തടങ്ങളും വയലുകളും. ഇവയൊക്കെ നികത്തി നിർമ്മാണങ്ങൾ വന്നപ്പോൾ, പെയ്യുന്ന മഴയെ തങ്ങി നിർത്താൻ സ്ഥലമില്ലാതായി. വെള്ളപ്പൊക്കം ഈ നിർമ്മിതികളെ നശിപ്പിക്കുകയും ചെയ്തു. ഇപ്രകാരം ഏറ്റവുമധികം നാശം സംഭവിച്ചത് വീടുകൾക്കാണ്. ആറു ജില്ലകളിലെ വെള്ളപ്പൊക്കം ബാധിച്ച വീടുകളുടെ എണ്ണം താഴെ ചേർക്കുന്നു.

ജില്ല	വെള്ളപ്പൊക്കം ബാധിച്ച വീടുകളുടെ എണ്ണം
പത്തനംതിട്ട	61,170
ആലപ്പുഴ	1,91,958
കോട്ടയം	85,881
എറണാകുളം	2,14,109
തൃശ്ശൂർ	1,37,711
വയനാട്	10,454

ഒരുപക്ഷേ മേൽ വിവരിച്ചതുപോലെ പരിസ്ഥിതിലോല പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു നിർമ്മാണ സംസ്കാരം നമ്മൾ പാലിച്ചിരുന്നെങ്കിൽ ഇത് വളരെ കുറയ്ക്കാമായിരുന്നുവെന്ന് നിസ്സംശയം പറയാം.

കേരളത്തിന്റെ ആവാസ കേന്ദ്രങ്ങളുടെ വിതരണത്തിന്റെ രീതി പരിശോധിച്ചാൽ, ഇത് തീരപ്രദേശമെന്നോ, ഇടനാടെന്നോ, മലനാടെന്നോ പരിസ്ഥിതിലോല പ്രദേശമെന്നോ എന്ന വ്യത്യാസമില്ലാതെ എല്ലായിടത്തും വ്യാപിച്ചു കിടക്കുന്നതായി കാണാം; മലനാട്ടിൽ തീരപ്രദേശത്തിനെ അപേക്ഷിച്ച് കുറവാണെങ്കിലും.

01-06-2018 മുതൽ 29-08-2018 വരെ കേരളത്തിലെ വിവിധ ജില്ലകളിൽ ലഭിച്ച മഴയുടെ അളവ്

നം.	ജില്ലയുടെ പേര്	മഴയുടെ അളവ് (മില്ലി മീറ്ററിൽ)	സാധാരണ മഴയുടെ അളവ് (മില്ലി മീറ്ററിൽ)	മൺസൂൺ മഴയിലെ ശരാശരി വർദ്ധനവ് (%)
1	തിരുവനന്തപുരം	967.2	703.4	38
2	കൊല്ലം	1587.5	1101.3	44
3	പത്തനംതിട്ട	1986.7	1434.7	38
4	ആലപ്പുഴ	1815.4	1456.1	25
5	കോട്ടയം	2343.7	1610.7	46
6	ഇടുക്കി	3572.5	1944.4	84
7	എറണാകുളം	2526.5	1752.2	44
8	തൃശ്ശൂർ	2097.4	1900.7	10
9	പാലക്കാട്	2301.8	1380.7	67
10	മലപ്പുറം	2662.7	1831.5	45
11	കോഴിക്കോട്	2953.7	2331.2	27
12	വയനാട്	2944.1	2378.8	24
13	കണ്ണൂർ	2614.9	2430	8
14	കാസർഗോഡ്	2377.1	2718.7	(-) 13

നഗര -ഗ്രാമീണ തുടർച്ച (Urban-Rural continue) എന്ന് ഇതിനെ സാങ്കേതികമായിപ്പറയാം. കേരളത്തിന്റെ മൊത്തജനസാന്ദ്രത 2011 സെൻസസ് പ്രകാരം ചതുരശ്രകിലോമീറ്ററിന് 819 ആണ്. ഇത് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ്. (രാജ്യത്തെ മൊത്ത ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 382 ആണ്). എന്നാൽ കേരളത്തിലെ നഗരജനസാന്ദ്രത ശരാശരി ചതുരശ്രമീറ്ററിന് 3000 മാത്രമാണ്. ഇത് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ വളരെ കുറവാണ്. അതേ സമയം കേരളത്തിലെ ഗ്രാമജനസാന്ദ്രത 662 എന്ന താരതമ്യേന ഉയർന്ന തോതിലുമാണ്. ഇത് ഗ്രാമ നഗരഭേദമില്ലാതെ എല്ലാ സ്ഥലത്തും ജനങ്ങൾ തിങ്ങിപ്പാർക്കുന്നു എന്നു സൂചിപ്പിക്കുന്നു.

പരിസ്ഥിതിലോല പ്രദേശങ്ങൾ ധാരാളമുള്ള ഭാഗത്ത് വാസകേന്ദ്രങ്ങളുടെ ഇങ്ങനെയുള്ള വ്യാപനം, ഈ പ്രദേശത്തിന്റെ സ്വാഭാവികതയിൽ മാറ്റങ്ങളുണ്ടാക്കുന്നു. കൂടാതെ, പരിസ്ഥിതിലോല പ്രദേശങ്ങളിലെ പാറഖനനം, ജലാശയങ്ങളിലെ മണൽ വാരൽ, വന നശീകരണം, മുതലായവയും ഭൂഭാഗങ്ങളുടെ സുസ്ഥിരതയ്ക്ക് ഭീഷണിയാകുന്നു. ഇത് പ്രകൃതി ദുരന്തങ്ങളായ പ്രളയം, മണ്ണിടിച്ചിൽ, വിള്ളലുകൾ, മണ്ണിടിഞ്ഞു താഴൽ, ഭൂകമ്പങ്ങൾ എന്നിവയുടെ ആക്കം കൂട്ടുന്നു. പരിസ്ഥിതിലോല പ്രദേശങ്ങളെയും കാർഷിക മേഖലകളെയും ഒഴിവാക്കിക്കൊണ്ട്,

കേരളത്തിൽ ഇപ്പോൾ വെള്ളപ്പൊക്കം ഉണ്ടായ പ്രദേശങ്ങൾ പരിശോധിച്ചാൽ, അവ കൂടുതലും നദീ തീരങ്ങളും ഒരു കാലത്ത് വയലുകളും തണ്ണീർത്തടങ്ങളുമായി കിടന്ന പ്രദേശങ്ങളുമാണെന്ന് കാണാം.

അനുയോജ്യമായ പ്രദേശത്ത് കൂടുതൽ ജനസാന്ദ്രമായ (compact development) അധിവാസ കേന്ദ്രങ്ങളുടെ വികസനത്തിനാണ് നമ്മൾ ഊന്നൽ നൽകേണ്ടത്.

2031 ഓടു കൂടി, ജനസംഖ്യാ വർദ്ധനവ് പൂജ്യം ആകും എന്നു പ്രതീക്ഷിക്കുന്ന സംസ്ഥാനത്ത്, നഗര ജനസാന്ദ്രത തുലോം കുറവായ സംസ്ഥാനത്ത്, പരിസ്ഥിതിലോല പ്രദേശങ്ങളിലേക്കുള്ള ആവാസ വ്യവസ്ഥയുടെ കയ്യേറ്റത്തെ ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയില്ല. ഈ രീതിയിൽ നമ്മുടെ നിലവിലെ ആവാസ വ്യവസ്ഥയുടെ ഘടനയെ ഗുണപരമായി മാറ്റുക എന്നത് ധീരമായ തീരുമാനത്തിലൂടെ മാത്രം സാധിക്കുന്ന ഒന്നാണ്. ഇതിനായി നമുക്ക് ശാസ്ത്രീയമായി തയ്യാറാക്കുന്ന ജില്ലാ പ്ലാനുകളും മാസ്റ്റർപ്ലാനുകളും ആവശ്യമാണ്. ഇവയിലെല്ലാം സംരക്ഷിക്കപ്പെടേണ്ട പരിസ്ഥിതിലോല പ്രദേശങ്ങൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ജനസാന്ദ്രീകൃതമായ വികസനത്തിന് (compact development) അനുയോജ്യമായ പ്രദേശങ്ങളിൽ അനുയോജ്യമായ മാതൃകകൾ ആവിഷ്കരിക്കേണ്ടതുമാണ്.

ഇത് പ്രകൃതി ദുരന്തങ്ങളായ പ്രളയം, മണ്ണിടിച്ചിൽ, വിള്ളലുകൾ, മണ്ണിടിഞ്ഞു താഴൽ, ഭൂകമ്പങ്ങൾ എന്നിവയുടെ ആക്കം കൂട്ടുന്നു.

മാസ്റ്റർപ്ലാനുകളുടെ പ്രസക്തി

നഗരഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുള്ളതും തയ്യാറാക്കുന്നതുമായ മാസ്റ്റർപ്ലാനുകളിൽ ഭൂപ്രകൃതി, ജലസ്രോതസ്സുകൾ, കാലാവസ്ഥ, കൃഷിരീതികൾ, ആവാസവ്യവസ്ഥ, ഭൂഉപയോഗം, വിഭവലഭ്യത മുതലായവയുടെ ഒരു ശാസ്ത്രീയ അപഗ്രഥനം നടത്തി വിവിധ വികസന മേഖലകൾക്കുചിതമായ സ്ഥാന നിർണ്ണയം നടത്തിക്കൊണ്ടുള്ള ഭൂവിനിയോഗ ഭൂപടം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ട്. ഇവയിൽ സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങൾ പ്രത്യേകം രേഖപ്പെടുത്തി അവിടെ നിർമ്മാണരഹിത മേഖലകളായി സംരക്ഷിക്കുകയും മറ്റുള്ള മേഖലകളിൽ ഉചിതമായ ഉപയോഗനിയന്ത്രണങ്ങളും നിർമ്മാണ നിയന്ത്രണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് വികസന പ്രവർത്തനങ്ങളെ ഒരു ആസൂത്രിതമായ പാതയിൽ വ്യാപിപ്പിക്കുന്നു. കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ പിൻബലത്തിൽ തയ്യാറാക്കപ്പെടുന്ന ഈ മാസ്റ്റർപ്ലാനുകളിലൂടെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണവും പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തിക്കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും സാ

ധ്യമാകുന്നതാണ്. കൂടാതെ ജലാശയങ്ങളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണവും ഈ മാസ്റ്റർപ്ലാനുകളിൽ ഉറപ്പാക്കുന്നുണ്ട്. എന്നാൽ പലപ്പോഴും പല സമ്മർദ്ദങ്ങളാലും കോടതികളുടെ ഇടപെടലുകളാലും ഇവയൊക്കെ കാറ്റിൽ പറത്തിക്കൊണ്ടുള്ള നിർമ്മാണങ്ങൾ നടന്നുവരുന്നു എന്നുള്ളത് ദുഃഖകരമായ സത്യമാണ്.

കെട്ടിടങ്ങളുടെയും റോഡുകളുടെയും പുനർ നിർമ്മാണം:

പുനർ നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ നദീതടങ്ങളിലും നദീതീരങ്ങളിലുമുള്ള നിർമ്മാണം പൂർണ്ണമായും നിരോധിക്കേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിൽപ്പെടുന്ന ബാക്കി പ്രദേശത്തെ പല മേഖലകളായി തിരിച്ചുള്ള നിർമ്മാണ രീതികളായിരിക്കും ഉചിതം. വെള്ളപ്പൊക്കം ബാധിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളെ രണ്ടു മേഖലകളായി തിരിക്കാവുന്നതാണ്. വെള്ളപ്പൊക്ക സാധ്യത കൂടുതലുള്ള പ്രദേശത്ത് കുറഞ്ഞത് 2.5 മീറ്റർ പൊക്കത്തിൽ pillarകളിലെ നിർമ്മാണം മാത്രം അനുവദിക്കുകയും തൊട്ടടുത്ത മേഖലയിൽ, നിർമ്മാണം നടത്തുമ്പോൾ ഉയരം കൂടിയ ബേസ്മെന്റ് നിർബന്ധമാക്കുകയും ചെയ്യുക. കെട്ടിടത്തിനു ചുറ്റുമുള്ള തുറസ്സായ സ്ഥലമാണ് വെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങാൻ സഹായിക്കുന്നത്. തുറസ്സായ സ്ഥലങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്നതിലും കുറവ് coverage നിഷ്ക്കർഷിക്കാവുന്നതാണ്. കൂടാതെ മുറ്റം, കോൺക്രീറ്റ്, ഇന്റർലോക്ക് ബ്രിക്ക് എന്നിവ ചെയ്യുന്നത് നിരുത്സാഹപ്പെടുത്താനും ചട്ടത്തിൽ വ്യവസ്ഥ കൊണ്ടുവരാവുന്നതാണ്. ഇവ സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക സഹായവും സർക്കാർ തലത്തിൽ ലഭ്യമാക്കാവുന്നതാണ്.

വെള്ളപ്പൊക്കം ബാധിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ റോഡു നിർമ്മാണങ്ങൾക്കും പ്രത്യേക രീതി അവലംബിക്കേണ്ടതായിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ major, sub major road കൾ ഉയർത്തി നിർമ്മിക്കാവുന്നതാണ്. ഇങ്ങനെയായാൽ വെള്ളപ്പൊക്കം വരുമ്പോൾ പ്രധാനപ്പെട്ട

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്നതിലും കുറവ് കവറേജ് നിഷ്ക്കർഷിക്കാവുന്നതാണ്. കൂടാതെ മുറ്റം, കോൺക്രീറ്റ്, ഇന്റർലോക്ക് ബ്രിക്ക് എന്നിവ ചെയ്യുന്നത് നിരുത്സാഹപ്പെടുത്താനും ചട്ടത്തിൽ വ്യവസ്ഥ കൊണ്ടുവരാവുന്നതാണ്.

സേവന ലഭ്യത; ആശങ്ക വേണ്ട

സംസ്ഥാനത്ത് 1924 ന ശേഷം നടന്ന ഏറ്റവും രൂക്ഷമായ പ്രളയമാണ് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായത്. നൂറ്റാണ്ടിലെ പ്രളയം എന്ന് വിശേഷിപ്പിക്കാവുന്ന ഈ പ്രളയത്തിൽ വിവരണാതീതമായ നാശനഷ്ടങ്ങളാണ് നാളിതുവരെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. ഇതുമൂലം പല തദ്ദേശഭരണസ്ഥാപനങ്ങളിലും പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനം തടസ്സപ്പെടുകയും നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക ലഭിക്കുന്ന സേവനങ്ങൾ തടസ്സപ്പെടുമോ എന്നുള്ള സംശയം ഉടലെടുത്തിരിക്കുന്ന ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള യാതൊരു ആശങ്കകളും നിലനിൽക്കാത്ത തരത്തിൽ എല്ലാവിധ സാങ്കേതിക സഹായങ്ങളും ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) സജ്ജമാക്കിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ടെക്നിക്കൽ അസിസ്റ്റന്റുമാരുടെയും ജില്ലാ ടെക്നിക്കൽ ഓഫീസർമാരുടെയും സമയോചിതമായ പ്രവർത്തനങ്ങളിലൂടെ സേവന ലഭ്യത പരമാവധി ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്.

കേരളത്തിലെ മുഴവൻ തദ്ദേശഭരണസ്ഥാപനങ്ങളുടെയും മിക്കവാറും എല്ലാ ദൈനംദിന പ്രവർത്തനങ്ങളും ഐ.കെ.എം സോഫ്റ്റ്‌വെയറിലൂടെ കമ്പ്യൂട്ടർവല്കൃതമാണ്. പ്രധാനപ്പെട്ട എല്ലാ സോഫ്റ്റ്‌വെയറുകളും കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് മാറികഴിഞ്ഞിട്ടുള്ളതിനാൽ പ്രളയകാലത്തും ഇതിലൂടെയുള്ള സേവനങ്ങൾ യാതൊരു തടസ്സവും കൂടാതെ പൊതുജനങ്ങൾക്ക ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പ്രളയം ബാധിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും തടസ്സങ്ങൾ കൂടാതെ തുടർന്നും ഈ സേവനങ്ങൾ ലഭ്യമാകുന്നതാണ്.

വെബ് അധിഷ്ഠിതമല്ലാത്ത ആപ്ലിക്കേഷനുകളുടെ ദൈനംദിന ബാക്ക്അപ് എടുക്കുന്നതിനാലും കേന്ദ്രീകൃത സംവിധാനത്തിലേക്ക് സമന്വയിപ്പിക്കുന്നതിനാലും ഡാറ്റയുടെ സുരക്ഷിതത്വം സംബന്ധിച്ച് ആശങ്കകൾ ആവശ്യമില്ല. പ്രളയം ബാധിച്ച തദ്ദേശഭരണസ്ഥാപനങ്ങളിലെ സെർവറും ഹാർഡ്‌വെയറും മറ്റ് അനുബന്ധ ഉപകരണങ്ങളും വെള്ളം കയറി നശിച്ചിട്ടുണ്ടെങ്കിലും ബാക്ക്അപ് എടുത്തിട്ടുള്ളതിനാൽ ഡാറ്റ സുരക്ഷിതമാണ്.

ഹാർഡ്‌വെയറിനും അനുബന്ധ ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവ പുനഃക്രമീകരിക്കുന്നതിനുള്ള സാങ്കേതിക സഹായം ടെക്നിക്കൽ വിഭാഗം നല്കുന്നതാണ്.

കടപ്പാട് - ഇൻഫർമേഷൻ കേരളമിഷൻ

ഇങ്ങനെയായാൽ വെള്ളപ്പൊക്കം വരുമ്പോൾ പ്രധാനപ്പെട്ട ഒന്നു രണ്ടു റോഡുകളെങ്കിലും വെള്ളത്തിനടിയിലാവാതെ നിൽക്കുകയും സുരക്ഷാ പ്രവർത്തനങ്ങൾ എളുപ്പമാക്കുകയും ചെയ്യും.

ഒന്നു രണ്ടു റോഡുകളെങ്കിലും വെള്ളത്തിനടിയിലാവാതെ നിൽക്കുകയും സുരക്ഷാ പ്രവർത്തനങ്ങൾ എളുപ്പമാക്കുകയും ചെയ്യും. ഇപ്രകാരം ഉയർത്തി റോഡുകൾ നിർമ്മിക്കുമ്പോൾ, റോഡിന്റെ രണ്ടു വശങ്ങളിലുമുള്ള നീരൊഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ കലുങ്കുകളും മറ്റു നീരൊഴുക്കു സംവിധാനങ്ങളും നൽകുകയും വേണം. കൂടാതെ റോഡുകളുടെ നിർമ്മാണം നിലവിലെ കോൺടൂറിന് അനുസൃതമായിരിക്കുകയും കൂടുതൽ കട്ടിംഗ്/ ഫില്ലിംഗ് ആവശ്യമായ ഭാഗങ്ങളിൽ വശങ്ങൾക്ക മതിയായ സംരക്ഷണം നൽകുകയും വേണം. സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ ഒരു നീരൊഴുക്കു സംവിധാനം എല്ലാ പ്രദേശങ്ങൾക്കും ഉറപ്പാക്കുകയും വേണം.

ഈ പ്രകൃതി ദുരന്തത്തോടനുബന്ധിച്ച പുനർനിർമ്മാണ ഘട്ടത്തിൽ താഴെപ്പറയുന്നവയ്ക്ക് ഊന്നൽ നൽകേണ്ടതുണ്ട്.

- മനുഷ്യാവാസ പ്രദേശങ്ങളുടെ വ്യാപനത്തിലല്ല; മറിച്ച്, പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിച്ചുകൊണ്ടും അത്തരം പ്രദേശങ്ങൾ വാസരഹിത മേഖലകളോ, നിയന്ത്രിത വാസമേഖലകളോ ആയി നിലനിർത്തിക്കൊണ്ടും നിർമ്മാണത്തിനനുയോജ്യമായ പ്രദേശങ്ങളിൽ കൂടുതൽ സാന്ദ്രതയിലുള്ള നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ടുമുള്ള ഒരു രീതി അവലംബിക്കുക.
- പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിരുകൾ കൃത്യമായും ശാസ്ത്രീയമായും രേഖപ്പെടുത്തുകയും ഈ പ്രദേശങ്ങളിലെയും സമീപപ്രദേശങ്ങളിലെയും നിർമ്മാണ പ്രവർത്തനങ്ങൾ ഉചിതമായി നിയന്ത്രിക്കുന്നതിന്, അതതു പ്രദേശത്തിന്റെ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുകയും ഈ മാസ്റ്റർപ്ലാനുകൾ പ്രകാരം മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
- വെള്ളപ്പൊക്കം ബാധിക്കാനിടയുള്ള പ്രദേശങ്ങൾക്കായി പ്രത്യേക നിർമ്മാണ രീതി അവലംബിക്കുക.
- വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കുറയ്ക്കാനായി കൈയ്യേറ്റങ്ങൾ ഒഴിവാക്കി ജലവാഹിനികളുടെ സ്വാഭാവിക വിസ്തൃതി നിലനിർത്തുകയും കണ്ണിമുറിഞ്ഞ drainage network കളെ പുനഃരുദ്ധീകരിക്കുകയും റിസർവോയറുകളിലെ ചെളി മുതലായവ നീക്കം ചെയ്യുകയും ചെയ്യുക.
- ശാസ്ത്രീയമായ പഠനത്തിലൂടെ ഒരു പ്രദേശത്തിനാവശ്യമായ വനവിസ്തൃതി കണക്കാക്കുകയും അപ്രകാരം ആവശ്യമായ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക..
- വെള്ളപ്പൊക്കം ബാധിക്കാനിടയുള്ള പ്രദേശങ്ങളിലെ പ്രധാന റോഡുകൾ, വെള്ളപ്പൊക്ക പരിധിയിൽ വരാത്ത രീതിയിൽ ഉയർത്തി ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചു നടപ്പിലാക്കുക.

ലേഖിക നഗര ഗ്രാമാസൂത്രണ വകുപ്പിൽ ചീഫ് ടൗൺപ്ലാനറാണ്
9495310741

പുനർ നിർമ്മാണം നടത്തുമ്പോൾ

പി.ആർ.സജികുമാർ

ഇരുപതാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയമായിരുന്ന 1924 ൽ ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായത്. അതിനുശേഷം ഇക്കഴിഞ്ഞ ആഗസ്റ്റിൽ മറ്റൊരു മഹാപ്രളയത്തിനുകൂടി കേരളിയർ സാക്ഷികളായി മാറി. അതിശക്തമായ മഴയെത്തുടർന്ന് മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ, വെള്ളപ്പൊക്കം, പുഴ ഗതിമാറി ഒഴുകൽ തുടങ്ങിയവ മൂലം റോഡ്, വീടുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവയ്ക്ക് കാര്യമായ നാശം വിതച്ചാണ് ഈ മഴ കടന്നുപോയത്. ഇപ്പോൾ മഴയും വെള്ളകെട്ടും മാറി നിൽക്കുന്ന സമയമാണ്. പ്രളയത്തിൽ വീടും കൃഷിയിടവും നഷ്ടപ്പെട്ടതിനെ തുടർന്ന് പലായനം ചെയ്യേണ്ടിവന്ന ജനങ്ങൾ ബഹുഭൂരിപക്ഷവും അവരവരുടെ വാസസ്ഥലങ്ങളിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട്. വാസസ്ഥലം പൂർണ്ണമായോ ഭാഗികമായോ നശിച്ചുപോയ ജനങ്ങളുടെ നിരാശയും അതോടൊപ്പം നിലനിൽക്കുന്ന വീടുകളുടെ സുരക്ഷയെക്കുറിച്ചുള്ള ആശങ്കയും വാക്കുകൾക്കതീതമാണ്. റോഡ്, പാലം, കലുങ്ക്, സംരക്ഷണഭിത്തികൾ എന്നിവ പലയിടത്തും തകരുകയും റോഡുകൾ ഗതാഗതയോഗ്യമല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം പരിഹരിച്ച് ആസൂത്രിതമായ സാങ്കേതിക മികവ് ഉൾക്കൊണ്ടുള്ള ഒരു നവകേരള സൃഷ്ടിയാണ് നമുക്ക് ആവശ്യം. പ്രാഥമിക കണക്കുകൾ പ്രകാരം റോഡ്, പാലം, വീടുകൾ എന്നിവയ്ക്ക് സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങളുടെ സൂചിക 03.09.2018 വരെയുള്ളത് ചുവടെചേർക്കുന്നു. ഇത് വർദ്ധിക്കാൻ ഇടയുണ്ട്.

അണക്കെട്ടുകൾ പ്രളയം രൂക്ഷമായതിന് കാരണമായിട്ടില്ലെന്ന് കേന്ദ്രജല കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. നേരെ മറിച്ച് വേമ്പനാട് കായലിന്റെ സംഭരണശേഷി കുറഞ്ഞത് പ്രളയത്തിന്റെ ആഘാതം കൂടാൻ കാരണമായെന്നാണ് കേന്ദ്രജല കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 163 കോടി ക്യൂബിക് മീറ്റർ മഴ പെയ്തിറങ്ങിയപ്പോൾ 60 കോടി ക്യൂബിക് മീറ്റർ ജലം മാത്രമാണ് വേമ്പനാട് കായലിന് സംഭരിച്ചു നിർത്താൻ സാധിച്ചത്. അത് 480 ചതുരശ്ര കിലോമീറ്റർ പ്രദേശത്തെ പ്രളയത്തിലാക്കാൻ കാരണമായെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. വേമ്പനാട് കായലിന് സംഭരണ ശേഷി കൂടുതലുണ്ടായിരുന്നെങ്കിൽ പ്രളയക്കെടുതിയുടെ ആഘാതം കുറയ്ക്കാമായിരുന്നു. എന്നാൽ കായലിൽ ചെളി, എക്കൽ, മാലിന്യങ്ങൾ എന്നിവ അടിഞ്ഞുകൂടിയതുൾപ്പെടെയുള്ള പ്രക്രിയകൾ സംഭരണശേഷി കുറയാൻ കാരണമായി. ഇതുകൂടാതെ കടലിലേക്ക് വെള്ളം പുറംതള്ളുന്നതിൽ കുറവ് ഉണ്ടായത് തിരിച്ചൊഴുക്കിന് കാരണമായി. പരിസ്ഥിതിലോല മേഖലയായതിനാൽ ഡ്രഡ്ജിംഗ് ചെയ്ത് സംഭരണശേഷി കൂട്ടുന്നതിനും പ്രശ്നങ്ങൾ ഏറെയുണ്ട്. വേമ്പനാട്ട് കായലിലേക്ക് എത്തി കടലിൽ ചേരുന്ന പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിലാർ എന്നീ ആറുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയാണെങ്കിൽ വരുംകാലങ്ങളിൽ പ്രളയക്കെടുതിയുടെ ആഘാതം കുറയ്ക്കുവാൻ സാധിക്കും. ഇങ്ങനെ സംഭരണശേഷി വർദ്ധിപ്പിക്കുമ്പോൾ ലഭിക്കുന്ന മണൽ നിർമ്മാണ മേഖലയ്ക്ക് വലിയ ഒരു മുതൽക്കൂട്ട് ആകുകയും ചെയ്യും. ഈ രീതി ഡാമുകളിലും ആലോചിക്കാവുന്നതാണ്.

നിർമ്മാണ പ്രവൃത്തികൾ, ഒരു പ്രത്യേക ആശയം ഉൾക്കൊണ്ട് പുനരാരംഭിച്ചാൽ മാത്രമേ വരുംനാളുകളിൽ ഇത്തരം ദുരന്തങ്ങളിൽ നിന്നും ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കാൻ നമുക്കു കഴിയുകയുള്ളൂ. ഇതിനായി പ്രത്യേക വൈദഗ്ധ്യവും നൂതന സാങ്കേതിക വിദ്യയും പ്രവൃത്തി പരിചയവും ആവശ്യമാണ്. ഇത്തരം ദുരന്തങ്ങൾ നേരിട്ടിട്ടുള്ള വിവിധ രാജ്യങ്ങളിൽ അവലംബിച്ചിട്ടുള്ള സാങ്കേതികവിദ്യകൾ നമുക്കും പ്രയോജനപ്പെടുത്താവുന്നതാണ്. തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. സാമ്പത്തികമായി ഉന്നതിയിലുള്ളവർക്ക് വേണ്ടുന്ന മുൻകരുതലുകൾ എടുത്തുകൊണ്ട് സ്വയമേ പുനർനിർമ്മാണ പ്രവൃത്തികൾ ചെയ്യാവുന്നതാണ്. എന്നാൽ താഴെക്കിടയിലുള്ള ജനങ്ങൾക്ക് വീടുകളുടെ പുനർനിർമ്മാണത്തിന് സർക്കാർ സാ

	തകർന്ന റോഡുകളുടെനീളം		ഭാഗികമായിതകർന്ന റോഡുകളിൽ ഗതാഗതം പുനസ്ഥാപിച്ചതിന്റെ നീളം	തകർന്ന പാലങ്ങളുടെ എണ്ണം		ഭാഗികമായിതകർന്ന റോഡുകളിൽ ഗതാഗതം പുനസ്ഥാപിച്ചവയുടെ എണ്ണം
ജില്ല	ഭാഗീകം	പൂർണ്ണം		ഭാഗീകം	പൂർണ്ണം	
തിരുവനന്തപുരം	510	61	498	2	3	0
കൊല്ലം	647	18	220	9	5	12
പത്തനംതിട്ട	924	210	732	71	16	84
ആലപ്പുഴ	689	188	396	28	13	13
കോട്ടയം	792	129	654	46	5	40
ഇടുക്കി	1003	155	569	138	89	33
എറണാകുളം	1171	150	647	73	10	41
തൃശ്ശൂർ	900	106	477	83	25	74
പാലക്കാട്	1943	178	753	133	24	154
മലപ്പുറം	1792	111	1160	51	21	23
കോഴിക്കോട്	870	34	182	63	28	98
വയനാട്	974	133	363	82	49	35
കണ്ണൂർ	1055	142	561	22	21	18
കാസർകോട്	260	6	12	1	1	0
ആകെ	13530	1621	7224	802	310	625

ങ്കേതിക സഹായം ചെയ്യുന്നത് പരിഗണിക്കാവുന്നതാണ്.എന്നിരുന്നാലും നിർമ്മാണങ്ങൾ നടത്തുമ്പോൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന അപചയങ്ങൾ തിരുത്തുന്നതിനുള്ള ശ്രമം കൂടി ഉണ്ടാകേണ്ടതാണ്. കുട്ടനാട്ടുപോലുള്ള മേഖലകളിൽ വെള്ളംകയറി ഇറങ്ങിയതുമൂലം കെട്ടിടങ്ങൾ ഇരിക്കുന്ന മണ്ണിന്റെ ഘടനയിൽ മാറ്റം സംഭവിച്ചതു കാരണം കെട്ടിടങ്ങൾ കുറേശ്ശയായി താഴുന്ന അവസ്ഥയാണ് നിലവിൽ കാണുന്നത്. ഭൂരിഭാഗവും ചെളി നിറഞ്ഞ മണ്ണായതിനാലും മണ്ണിന്റെ ബെയറിംഗ് കപ്പാസിറ്റിയുടെ കുറവുമൂലവുമാണ് ഇങ്ങനെ സംഭവിക്കുന്നത്. മണ്ണിന് സ്വാഭാവികമായുള്ള Frictional resistance ൽ ആണ് നിലവിലെ അവസ്ഥയിൽ നിർമ്മാണങ്ങൾ എല്ലാംതന്നെ നിൽക്കുന്നത്. അതുകൊണ്ടുതന്നെ ഭാരം കുറഞ്ഞ നിർമ്മാണ പ്രക്രിയകൾ ഇവിടെ പ്രാവർത്തികമാക്കാവുന്നതാണ്. എന്തുതന്നെയാണെങ്കിലും വെള്ളക്കെട്ട് ഉണ്ടാകുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഭൂനിരപ്പിനോട് ചേർന്നുള്ള നിർമ്മാണം എപ്പോഴും അപകടം തന്നെയാണ്. മണ്ണിന്റെ ദൃഢത വർദ്ധിപ്പിക്കുന്നതിന് Coconut Piling പോലുള്ള പരമ്പരാഗത മാർഗ്ഗങ്ങൾ സ്വീകരിച്ച് ഫൗണ്ടേഷൻ നിർമ്മിക്കുകയും ഉയർന്ന കോൺക്രീറ്റ് പ്ലാറ്റ് ഫോം നിർമ്മിച്ച് ഇതിനു മുകളിൽ ഭാരം കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇങ്ങനെ ഉയരത്തിലുള്ള പ്ലാറ്റ് ഫോമിൽ കെട്ടിടം പണിയുകയാണെങ്കിൽ റോഡ് അടക്കമുള്ള സ്ഥലങ്ങൾ വെള്ളത്തിനടിയിലായാലും ബോട്ട് മുതലായവ ഉപയോഗിച്ച് മറ്റ് കര പ്രദേശങ്ങളിലേക്ക് രക്ഷപ്പെട്ടു/ രക്ഷപ്പെടുത്തിക്കൊണ്ട് പോകാവുന്നതാണ്.

മണ്ണിടിച്ചിൽ ഉണ്ടായ പരിസ്ഥിതിലോല പ്രദേശം, പുഴയോരം എന്നിവിടങ്ങളിലുള്ള നിർമ്മാണങ്ങൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ ഒരു പുനപരിശോധന അനിവാര്യമാണ്. നിർമ്മാണ വിദഗ്ധർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരെ ഏകോപിപ്പിച്ച് ഇത്തരം ഇടങ്ങളിൽ എത്ര ദൂരം മാറി ഏതുതരത്തിലുള്ള നിർമ്മാണം നടത്താം എന്ന് പരിശോധിക്കേണ്ടതാണ്. മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ എന്നിവ ഉണ്ടായ സ്ഥലങ്ങൾ ഒരു കാരണവശാലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് യോഗ്യമല്ല. അത്

പരിശോധിച്ച് മാത്രമേ നിർമ്മാണ അനുമതി നൽകാൻ പാടുള്ളൂ. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിൽ കയർ, ജിയോടെക്സ്റ്റയിൽ എന്നിവ ഉപയോഗപ്പെടുത്തി മണ്ണ് സംരക്ഷിക്കാവുന്നതാണ്. പുഴ, കായൽ, ഓവുചാൽ എന്നിവയിൽ വ്യാപകമായി ഉണ്ടായിരുന്ന കൈയ്യേറ്റങ്ങൾ വെള്ളപ്പൊക്കത്തെ തുടർന്ന് നിലവിൽ ഒഴിവായിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രകൃതിയിൻമേലുള്ള ഇത്തരം കൈയ്യേറ്റങ്ങൾ ആവർത്തിക്കാതിരിക്കാനും കൈയ്യേറ്റങ്ങൾ ഉണ്ടായാൽ അതിനെതിരെ നടപടിയെടുക്കാനുമുള്ള ശക്തമായ തീരുമാനം എടുത്താൽ മാത്രമേ ഭാവിയിൽ ഇത്തരം പ്രളയദുരന്തങ്ങളിൽ നിന്നും രക്ഷപ്പെടാനാവൂ. പുഴ, കായൽ എന്നിവയുടെ അതിർത്തിയിൽ ഉണ്ടായിരുന്ന സ്വകാര്യ വ്യക്തികളുടെ കൈയ്യേറിയ ഭൂമി പലതും നിലവിൽ പുഴയുടെയോ കായലിന്റെയോ ഭാഗമായി മാറി കഴിഞ്ഞിരിക്കുകയാണ്. ഇത്തരം സ്ഥലങ്ങളിൽ വീണ്ടും മണ്ണിട്ട് നികത്തി പുതിയ നിർമ്മാണം നടത്താൻ അനുവദിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ/നഗരസഭ/വാർഡുതല ജനകീയ കമ്മിറ്റികൾ ഇതിന് ജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കണം.

സ്ഥലവില കുറവായതിനാൽ നമ്മുടെ നാട്ടിലെ ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണം പലതും താഴ്ന്ന പ്രദേശങ്ങളിലാണ് നടന്നിരിക്കുന്നത്. ഇപ്രകാരമുള്ളവയ്ക്ക് അനുമതി നൽകുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾ ഇനിമുതൽ ഉയർന്ന ഉറപ്പുള്ള സ്ഥലങ്ങൾ ലഭ്യമാക്കി വീട് നിർമ്മാണത്തിന് തുക അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. ഏതുതരത്തിലുള്ള നിർമ്മാണമാണെങ്കിലും പേമാരി, വെള്ളപ്പൊക്കം, അതിശക്തമായ കാറ്റ്, ഭൂകമ്പം എന്നിവ തടയുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ഇനി നമുക്ക് അനിവാര്യം. ഭൂകമ്പ സർവ്വേ പ്രകാരം കേരളം zone III ലാണ്. ഭാവിയിൽ ഈ മുൻകരുതൽ എല്ലാം ഒരു പുതിയ ആശയമായി കണ്ടുകൊണ്ടാവണം നവകേരളം സൃഷ്ടിക്കേണ്ട ചുമതല ഏറ്റെടുക്കേണ്ടത്. ചിലപ്പോൾ ഏറെ സമയമെടുത്താണെങ്കിലും താഴ്ന്ന പ്രദേശങ്ങളിലെ പട്ടണങ്ങൾ തന്നെ മാറ്റി സ്ഥാപിക്കേണ്ടതായി ചിന്തിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നഗര-ഗ്രാമാസൂത്രണ വകുപ്പ് മുഖാന്തരം Spatial Planning നടത്താവുന്നതാണ്.

വിദഗ്ധരുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഭാഗികമായി തകർന്ന കെട്ടിടങ്ങൾ ബലപ്പെടുത്തി ഉപയോഗിക്കാവുന്നതും സ്റ്റീൽ ഗർഡർ, പോസ്റ്റ് തുടങ്ങിയവയെല്ലാം സ്ഥലപരിമിതിക്ക് വിധേയമായി ഉപയോഗപ്പെടുത്തി ഇത്തരം കെട്ടിടങ്ങൾ ശക്തിപ്പെടുത്താവുന്നതുമാണ്. ഒട്ടുമിക്ക വീടുകളും മഴയെ തുടർന്ന് കാലപ്പഴക്കത്തെക്കാൾ ഉപരി ഫൗണ്ടേഷൻ, തറ എന്നിവിടങ്ങളിൽ വെള്ളം കെട്ടി നിന്ന് മണ്ണിന്റെ ദൃഢത കുറഞ്ഞ് പോയതുകൊണ്ടാണ് തകർന്നുപോയത്. നിർമ്മാണങ്ങൾ പൂർണ്ണമായി വെള്ളത്തിൽ മുങ്ങിയില്ലായെങ്കിൽ തറനിരപ്പിൽ കെട്ടിക്കിടക്കുന്ന വെള്ളം വറ്റിച്ച് കെട്ടിടങ്ങളെ തകർച്ചയിൽ നിന്ന് പ്രതിരോധിക്കാവുന്നതാണ്.

ഇടുക്കി, വയനാട് പോലുള്ള മലയോര പ്രദേശങ്ങളിൽ ചില റോഡുകൾ, പാലങ്ങൾ, പാർശ്വഭിത്തികൾ മുതലായവയെല്ലാം തകർന്ന് ഇല്ലാതായിരിക്കുകയാണ്. ഇവയുടെ പുനർനിർമ്മാണത്തിന് സാങ്കേതിക വിദഗ്ധരുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്. ഈ ജില്ലകളിലെ റോഡുകൾ പുനർനിർമ്മിക്കണമെങ്കിൽ പല സ്ഥലങ്ങളിലും പുതിയതായി ഹെയർപിൻ വളവുകൾ നിർമ്മിക്കേണ്ടതായി വന്നേക്കാം. പൊതുജനം സ്ഥലം വിട്ടു നൽകിയാൽ മാത്രമേ ഇത്തരം റോഡുകൾ പുനർനിർമ്മിക്കാൻ കഴിയുകയുള്ളൂ. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിൽ നിലവിലുള്ള റോഡിന്റെ Alignment റോഡിന്റെ അതിർത്തി പരിഗണിക്കാതെ മാറ്റി നിർണ്ണയിക്കേണ്ടതായി വരാം. ഇതിനുവേണ്ടിയുള്ള സ്ഥലം പൊതുജനങ്ങളിൽ നിന്നും വിട്ടു കിട്ടുന്നതിനുള്ള ചർച്ചകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമ സഭയിൽ ചർച്ച ചെയ്ത് പക്ഷഭേദം കൂടാതെ അപകടരഹിതമായ Alignment സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തീരുമാനിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പല സ്ഥലങ്ങളിലും ഗതാഗതം പൂർണ്ണമായും പുനസ്ഥാപിക്കാൻ കഴിയുകയുള്ളൂ. പാലങ്ങളുടെ കാര്യത്തിലും ഇത്തരത്തിലുള്ള മാറ്റങ്ങൾ അനിവാര്യമായി വന്നേക്കാം. വിവേചനം കൂടാതെ പൊതുജനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാങ്കേതിക വിദഗ്ധർ എല്ലാപേരും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ നവകേരളത്തിന് സ്ഥായിയായ ഭാവം കൈവരിക്കാൻ സാധിക്കുകയുള്ളൂ. കലുങ്ക്, പാലങ്ങളുടെ കാര്യത്തിൽ നിലവിലുള്ള ഡിസൈൻ ടെക്നോളജി തന്നെ ഉപയോഗിക്കാവുന്നതാണ്. ഇപ്പോഴുണ്ടായ നാശനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ റോഡ്, പാലം, കെട്ടിടം, പാർശ്വഭിത്തി എന്നിവയുടെ സ്ഥായിയായ പുനർനിർമ്മാണം ഒരു വർഷത്തിനുള്ളിൽ സാധ്യമല്ലാത്തതും സമഗ്രമായ പഠനം നടത്തി മുൻഗണന പ്രകാരം യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മാണങ്ങൾ ചെയ്യാൻ സാധിക്കുന്നതുമാണ്.

ലേഖകൻ തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ് വിഭാഗം) വകുപ്പ് ചീഫ് എഞ്ചിനീയറാണ്.

പ്രളയക്കെടുതി നേരിടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ

- തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളിൽ പ്രളയക്കെടുതി മൂലം അറ്റകുറ്റപ്പണിയോ പുനർനിർമ്മാണമോ ആവശ്യമുള്ളവയുടെ വിവരം അദ്ധ്യക്ഷൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, എൻജിനിയർ, സെക്രട്ടറി എന്നിവർ സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.
- അടിയന്തരമായി നടപ്പാക്കേണ്ട പ്രവൃത്തികൾ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതും ഇതിനായി പദ്ധതി ഭേദഗതി ചെയ്യാവുന്നതുമാണ്. റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർ നിർമ്മാണം, അറ്റകുറ്റപ്പണി, കേടായ ഉപകരണങ്ങളും സാധനസാമഗ്രികളും റിപ്പയറിംഗ്, പുതിയവ വാങ്ങൽ എന്നിവയ്ക്കായി പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. പുതിയ റോഡ് നിർമ്മാണ പ്രോജക്ടുകൾ പാടില്ല.
- പ്രവൃത്തികൾ അതതു തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറാവുന്നതാണ്. മതിയായ വിഹിതം ഗ്രാമ പഞ്ചായത്തിന് ലഭ്യമല്ലെങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.
- അത്യാവശ്യം ഇല്ലാത്തതും മാറ്റിവയ്ക്കാവുന്നതുമായ പ്രോജക്ടുകൾ, നിരസിച്ച പ്രോജക്ടുകൾ എന്നിവയിലെ വിഹിതം പ്രളയക്കെടുതി മൂലം നശിച്ച ആസ്തികൾ പുനസൃഷ്ടിക്കുന്നതിന് ഉപയോഗിക്കേണ്ടതാണ്.
- പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ പ്രളയക്കെടുതി മൂലമുള്ള പുനർനിർമ്മാണം എന്ന പേരിൽ പ്രോജക്ട് ഏറ്റെടുക്കാൻ പാടില്ല.
- പ്രളയത്തെത്തുടർന്ന് നശിച്ചുപോയ കമ്പ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങളിൽ റിപ്പയർ ചെയ്യാൻ കഴിയുന്നവ റിപ്പയർ ചെയ്യുകയും അല്ലെങ്കിൽ അടിയന്തരമായി വാങ്ങി ഓഫീസ് പ്രവർത്തനം സുഗമമാക്കേണ്ടതാണ്.
- കുട്ടനാട് പോലെ കുടിവെള്ള പ്രശ്നമുള്ളിടത്ത് കുടിവെള്ള വിതരണത്തിന് ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ക്രമീകരണം ചെയ്യേണ്ടതാണ്.
- ഗതാഗതം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിയും കെട്ടിടങ്ങളുടെ റിപ്പയറിംഗും കഴിവതും വേഗം നടത്തേണ്ടതാണ്. കെട്ടിടങ്ങൾ റിപ്പയർ ചെയ്യാനാകാത്തവിധം നശിച്ച സ്ഥലങ്ങളിൽ വാടകക്കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം മാറ്റേണ്ടതാണ്.
- പ്രളയക്കെടുതിയിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വിപുലമായ പ്രചാരണം സംഘടിപ്പിക്കേണ്ടതാണ്.
- കുട്ടനാട് പ്രദേശത്ത് പലേടത്തും കക്കൂസ് റിപ്പയറിംഗ് ആവശ്യമായതിനാൽ ഇത്തരം റിപ്പയറിംഗ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്.
- പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പശുക്കളെ വാങ്ങി നല്കുന്ന പ്രോജക്ടുകൾക്ക് മുൻഗണന നല്കേണ്ടതാണ്. പ്രോജക്ട് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ വർഷം ഏറ്റെടുക്കാവുന്നതാണ്. കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തു നിന്ന് വാങ്ങേണ്ടതാണ്. ഗുണമേന്മയുള്ള കന്നുകാലികളെ ഇപ്രകാരം വാങ്ങുന്നതിന് വെറ്ററിനറി ഡോക്ടർമാരും തദ്ദേശ സ്ഥാപനവും ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.
- ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ നശിച്ചു പോയിട്ടുണ്ടെങ്കിൽ അവയുടെ ഇൻഷ്വറൻസ് തുക വാങ്ങി നല്കാൻ പ്രത്യേക ഇടപെടൽ നടത്തേണ്ടതാണ്.
- പ്രളയക്കെടുതി നേരിടുന്നതിന് സർക്കാർ വകുപ്പുകളുടെയും മറ്റു മേഖലകളിലെയും വിഭവസ്രോതസ്സ് ഉപയോഗിക്കേണ്ടതാണ്. സന്നദ്ധസേവനം, MPLADS, MLASDF, CSR വിഹിതം, സ്പോൺസർഷിപ്പ് എന്നീ വിഭവസ്രോതസുകൾ പരമാവധി ഉപയോഗിക്കേണ്ടതാണ്. എന്നാൽ പണപ്പിരിവ് നടത്തരുത്.
- ഇപ്പോഴുണ്ടായ അനുഭവം ഉൾക്കൊണ്ട് ഭാവിയിൽ വിവിധോദ്ദേശ്യ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കേണ്ടതാണ്. ഇപ്പോഴുള്ള സ്കൂളുകൾക്കും മറ്റും ആവശ്യത്തിന് ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്നതോടൊപ്പം ഇത്തരം മികച്ച സൗകര്യങ്ങൾ കമ്മ്യൂണിറ്റി ഹാളിനും ഉണ്ടാകേണ്ടതാണ്.
- സ്വകാര്യസംരംഭകരെ പരമാവധി ബാങ്ക് ലോൺ എടുക്കുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതും അനുവദനീയമായ മേഖലകളിൽ പലിശ സബ്സിഡി നല്കുന്ന മാതൃക അവലംബിക്കേണ്ടതുമാണ്.

അവലംബം: സാ.ഉ.(സാ) നം.2313/2018/തസ്വഭവ തീയതി 23.08.2018, സർക്കുലർ നം.ഡിഎ1/652/2018/തസ്വഭവ തീയതി 17.09.2018

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

സമാനതകളില്ലാത്ത കൂട്ടായ്മയിലൂടെ പ്രളയ ക്കെടുതിയിൽ നിന്നും കരകയറാനുള്ള ആദ്യഘട്ടം ഏതാണ്ട് അവസാനത്തിലായിരിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വഹിച്ച പങ്ക് അഭിനന്ദനാർഹമാണ്. പല ദേശീയ അന്തർദേശീയ മാധ്യമങ്ങളും ചൂണ്ടിക്കാട്ടിയതുപോലെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരവികേന്ദ്രീകരണത്തിന്റെയും ശക്തി ഒരിക്കൽകൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. ഇനി ഏറ്റെടുക്കേണ്ട പുനരധിവാസ- പുനർനിർമ്മാണ പ്രവർത്തന ങ്ങളിലും സുപ്രധാനമായ പങ്കാണ് അവർ വഹിക്കേണ്ടുന്നത്. എന്നാൽ അതിന് മുമ്പ് തന്നെ ചെയ്യേണ്ട അടിയന്തര പ്രവർത്തനങ്ങളെല്ലാം മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് മുന്നോട്ട് നീക്കേണ്ടത് തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. ഇതിന് അനുസൃതമായി ജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും കൂട്ടിയിണക്കി ചുമതലകൾ നല്കി പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കേണ്ടതു തദ്ദേശസ്വയംഭരണസ്ഥാപന സമിതികളുടെ അനിവാര്യമായ കർത്തവ്യമാണ്.

പ്രശ്നങ്ങൾ കണ്ടെത്തി അവലോകനം ചെയ്യേണ്ടതുണ്ട്, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം, നടപ്പിലാക്കണം, മോണിട്ടർ ചെയ്യണം, നയിക്കണം, സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം, പരാതികൾക്ക് പരിഹാരം കാണണം, വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണം, പുതിയ വിഭവസ്രോതസ്സുകൾ കണ്ടെത്തണം- തദ്ദേശസ്വയംഭരണസ്ഥാപന അദ്ധ്യക്ഷർക്കും ജനപ്രതിനിധികൾക്കും ഉത്തരവാദിത്തങ്ങൾ ഏറെയാണ്.

പരാതി പ്രളയം

ആദ്യ അറിയിപ്പ് വന്നതു മുതൽ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസത്തിനും രംഗത്തെത്തിയവരാണ് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും. അവർ ഇനി നേരിടാനുള്ള പരാതി പ്രളയം തന്നെയാണ്. വേണ്ട രീതിയിൽ അറിയിപ്പ് കിട്ടിയില്ല, രക്ഷാപ്രവർത്തനത്തിൽ ആദ്യഘട്ടത്തിൽ തന്നെ രക്ഷപ്പെടുത്തിയില്ല, ആനുകൂല്യങ്ങൾ വൈകുന്നു, എവിടെ രജിസ്റ്റർ ചെയ്യണം തുടങ്ങി ഒട്ടേറെ കാര്യങ്ങളുമായി ജനങ്ങൾ സമീപിക്കുക ജനപ്രതിനിധികളെ തന്നെയാണ്.

ജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും കൂട്ടിയിണക്കി ചുമതലകൾ നല്കി പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കേണ്ടതു തദ്ദേശസ്വയംഭരണസ്ഥാപന സമിതികളുടെ അനിവാര്യമായ കർത്തവ്യമാണ്.

തദ്ദേശ സ്ഥാപനങ്ങൾ ചെയ്യേണ്ടത്

ഡോ. ജോയ് ഇളമൺ

ഓരോ പ്രദേശത്തെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് സ്ഥലങ്ങൾ അണുബാധ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പുമായി സഹകരിച്ച് തദ്ദേശ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഇത്തരം ദുരന്തവേളകളിലെ സ്വാഭാവിക മാനസികാവസ്ഥയിൽ നിന്നുമുള്ള പ്രതികരണങ്ങളാണ് നമ്മൾ നേരിടുന്നത്. അപ്രതീക്ഷിതമായി ദുരന്തക്കെടുതികൾ അനുഭവിച്ചവർ, എല്ലാം നഷ്ടപ്പെട്ടവർ - അവരെ സംബന്ധിച്ചിടത്തോളം തങ്ങൾക്കേറ്റ ആഘാതത്തിന് വിധിയെ പഴിക്കുക എന്നതിനപ്പുറം സങ്കടങ്ങളുടെ കെട്ടഴിക്കുക സ്വാഭാവികമാണ്. അതിനാൽ തന്നെ ഈ ഘട്ടത്തിൽ അത്തരം പരാതികളും മറ്റും സമചിത്തതയോടെ കൈകാര്യം ചെയ്യാനാകണം.

തിരിച്ചു ചെല്ലുമ്പോൾ

തിരിച്ച് ചെല്ലുമ്പോൾ ഏവരും ശ്രദ്ധിക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. പൊതുസ്ഥലത്ത് മലിനജലം ഒഴുക്കിക്കളയുന്നതിനും ചെളി നീക്കം ചെയ്യുന്നതിനും ഉള്ള ചുമതല തദ്ദേശ സ്ഥാപനങ്ങൾക്കാണ്. ഇത്തരം പ്രവർത്തനം തൊഴിലുറപ്പ് പ്രവർത്തകരുടെ സഹായത്തോടെ ഏറ്റെടുത്ത് നടത്താൻ ആവും.

സർക്കാർ നിർദ്ദേശം അനുസരിച്ച് ഓരോ വാർഡിലും രൂപീകരിക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെയുള്ള വാർഡ് സമിതിയുടെ ചുമതല അതാത് വാർഡ് മെമ്പർമാർക്കാണല്ലോ. ഓരോ പ്രദേശത്തെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് സ്ഥലങ്ങൾ അണുബാധ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പുമായി സഹകരിച്ച് തദ്ദേശ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. കുമിഞ്ഞു കൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുക, മാലിന്യം നീക്കം ചെയ്ത പ്രദേശം അണുവിമുക്തമാക്കുക എന്നിവയുടെ പൊതു ഏകോപന ചുമതലയും തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർക്കുണ്ട്. കുടുംബശ്രീ അംഗങ്ങൾ, ആരോഗ്യ സേനാ പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പു വരുത്താൻ ജനപ്രതിനിധികൾ തയ്യാറാകണം.

മാലിന്യ സംസ്കരണം

ക്യാമ്പുകളിലെ ഭക്ഷ്യാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും സംസ്കരിക്കുന്നതിന് അടിയന്തര നടപടിയെടുക്കണം. പ്ലാസ്റ്റിക്ക് മാലിന്യം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും വേണം. പൊതുശൗചാലയങ്ങളും പൊതു ഇടങ്ങളും അണുവിമുക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതതു വാർഡ് ജനപ്രതിനിധികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇതിൽ ശ്രദ്ധ പതിപ്പിക്കണം.

പല വീടുകളുടെ പരിസരത്തും മാലിന്യ സംസ്കരണത്തിനുള്ള സ്ഥലം ഉണ്ടാകണമെന്നില്ല. ശാസ്ത്രീയമായ സംവിധാനവുമുണ്ടാകില്ല. ഇതിനായി പൊതു സംവിധാനം വേണ്ടിവന്നാൽ ഒരുക്കാൻ തയ്യാറാകണം.

കുടിവെള്ളവും ഭക്ഷണവും

കുടിവെള്ളവും ശുചിത്വവുമായും ബന്ധപ്പെട്ട് പൊതുകിണറുകളും മറ്റ് ജലസ്രോതസ്സുകളും (Water Tank, Overhead Tank ഉൾപ്പെടെ) ക്ലോറിനേറ്റ് ചെയ്യുന്നതിലേക്കായി ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടികൾ സ്വീകരിക്കണം. ഓരോ വീടുകളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനും സന്നദ്ധപ്രവർത്തകരെ നിയമിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതിന്റെ പൊതു ചുമതല

നാടൊരുക്കാംനാളേക്കായി

പ്രളയക്കെടുതികളുമായി ബന്ധപ്പെട്ട രക്ഷാ-ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നാട്ടിൽ നടത്തേണ്ട ശുചിത്വ- ആരോഗ്യപ്രവർത്തനങ്ങളെ കുറിച്ച് 'നാടൊരുക്കാം നാളേക്കായി' എന്ന പേരിൽ പരിശീലന വീഡിയോകൾ ആരോഗ്യ വകുപ്പും കിലയുംചേർന്ന തയ്യാറാക്കി. തിരിച്ചുചെല്ലുമ്പോൾ, വീടിനകത്തേക്ക്,പരിസരം വൃത്തിയാക്കൽ, കാത്തിരിക്കുന്ന രോഗങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്തം എന്നീ വിഷയങ്ങളിലുള്ള ചെറുവീഡിയോകളും ഇവയെല്ലാം ഒത്തു ചേർന്നകൊണ്ടുള്ള മുപ്പതോളം മിനിറ്റുള്ള സമ്പൂർണ്ണ വീഡിയോയുമാണ് ഇവയിലുള്ളത്.

ഇവയെല്ലാം കിലയുടെ വെബ്സൈറ്റിൽ നിന്ന് ആർക്കും ഡൗൺലോഡ് ചെയ്യാവുന്നതും പ്രദർശിപ്പിക്കാവുന്നതുമാണ് (www.kila.ac.in).

തദ്ദേശ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എറ്റെടുക്കുകയും അതതു വാർഡുകളിൽ വാർഡ് ജനപ്രതിനിധിയും മറ്റ് ഉദ്യോഗസ്ഥരും അതിനനുസരിച്ച് ഏകോപിത പ്രവർത്തനങ്ങൾ നടത്തുകയും വേണം. ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെയും പൊതു മേൽനോട്ടത്തിന്റെയും ചുമതല അധ്യക്ഷനാണ്.

വീടുകളിലേക്ക് തിരിച്ചു പോയവർക്ക് ഭക്ഷണവും കുടിവെള്ളവും ലഭ്യമല്ലാത്തപക്ഷം ലഭ്യമാക്കുന്നതിനുള്ള കൂട്ടായ പരിശ്രമങ്ങൾക്ക് ഇതിനകം തന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ വീട്ടിലെയും സ്ഥിതി അവലോകനം ചെയ്തു തുടർ നടപടികൾ സ്വീകരിക്കാൻ വാർഡുതല സമിതിയുടെ സഹായത്തോടെ ജനപ്രതിനിധിക്ക് ആകും. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഇതിന്റെ ഏകോപനം ഉറപ്പുവരുത്തണം.

വീടുകളും കെട്ടിടങ്ങളും

പല വീടുകളും കെട്ടിടങ്ങളും ഉപയോഗയോഗ്യമല്ലാതാകാനുള്ള സാദ്ധ്യത ഉണ്ട്. അവ താമസയോഗ്യമാണോ, കെട്ടിടം സുരക്ഷിതമാണോ എന്ന് ഉറപ്പു വരുത്താൻ എഞ്ചിനീയർമാരെയും ഓവർസീയർമാരെയും നിയോഗിക്കണം. പൊതു സ്ഥാപനങ്ങളായ അംഗനവാടി, സ്കൂൾ തുടങ്ങിയ കെട്ടിടങ്ങളും ഈ പരിധിയിൽ വരും.

കന്നുകാലികൾ

പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ട മേഖലയാണിത്. മറക്കാൻ സാധ്യതയുമുണ്ട്. കന്നുകാലികളെ തൊഴുത്തിലേക്ക് തിരിച്ചെത്തിക്കുമ്പോൾ അവയുടെ ആരോഗ്യം, ഭക്ഷണം, തൊഴുത്തുകളുടെ ശുചിത്വം, ചാണക കുഴികൾ വൃത്തിയാക്കൽ (വളർത്തു മൃഗങ്ങളുടെ രോഗപകർച്ചയും അവരുമായുള്ള മനുഷ്യരുടെ ഇടപെടൽ അടക്കം) എന്നിവ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് വെറ്ററിനറി ഡോക്ടറുടെ സഹായത്തോടെ ഉറപ്പു വരുത്തുന്നതിൽ ശ്രദ്ധ പതിപ്പിക്കണം.

രോഗപ്രതിരോധ സംവിധാനം

ആവശ്യാനുസരണം രോഗപ്രതിരോധ കുത്തിവെയ്പ്പ് (TT), ഡോക്സിസൈക്ലിൻ, ORS ലായിനി തുടങ്ങിയവയുടെ സ്റ്റോക്കും വിതരണവും ആരോഗ്യവിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. പാമ്പ് കടിക്കുള്ള മരുന്നുകൾ, ജന്തുജന്യ രോഗങ്ങൾക്കുള്ള മരുന്നുകൾ, കൊതുക് നിവാരണത്തിന് ആവശ്യമായ സജ്ജീകരണങ്ങൾ എന്നിവ അടക്കമുള്ള കാര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും ഈച്ച, കൊതുക് നിവാരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ ഏകോപനവും തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയാണ്. അധ്യക്ഷനും മെഡിക്കൽ ഓഫീസറുമായി ചേർന്ന് ഏകോപിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

ആരോഗ്യമേഖലയിൽ തുടർപരിപാടികൾക്കായുള്ള കൃത്യമായ കർമ്മപരിപാടി തയ്യാറാക്കേണ്ടതാണ്. വ്യക്തമായ ചുമതലകളും സമയക്രമവും തീരുമാനിക്കണം.

ജലജന്യ രോഗങ്ങൾ പ്രതിരോധിക്കൽ

ആദ്യ ഘട്ടത്തിനു ശേഷവും ജലജന്യ രോഗങ്ങൾക്കുള്ള സാധ്യതകൾ ഏറെയാണ്. വരും നാളുകളിൽ സ്ഥിരമായി ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക, ശുദ്ധജല സ്രോതസ്സുകൾ വൃത്തിയാക്കുക, ക്ലോറിൻ വിതരണം നടത്തുക, അതിന്റെ ഉപയോഗവും രീതിയും പരിശീലിപ്പിക്കുക എന്നിവയൊക്കെ ആരംഭിക്കണം. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം പ്രവർത്തിക്കണം.

ജന്തുജന്യ രോഗങ്ങൾ

എലിപ്പനി അടക്കമുള്ള പല രോഗങ്ങൾക്കും സാധ്യതയുള്ളതിനാൽ അവ തടയാനുള്ള നടപടി ആരംഭിക്കണം. മരുന്നുകളുടെയും മറ്റ് അവശ്യ സാധനങ്ങളുടെയും ലഭ്യത ഉറപ്പ് വരുത്തുക ആരോഗ്യ പ്രവർത്തകരുടെയും ആരോഗ്യ സേനാപ്രവർത്തകരുടെയും മേൽനോട്ടത്തിൽ മെഡിക്കൽ ഓഫീസറുടെ മുഖ്യചുമതലയിൽ നടപ്പിലാക്കേണ്ടതാണ്.

ഭക്ഷ്യ വിഷബാധ തടയൽ

അംഗനവാടികളിലും സ്കൂളുകളിലും മറ്റ് പൊതു സംവിധാനങ്ങളിലും സംഭരിച്ച ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ, കേടായ ഭക്ഷ്യവസ്തുക്കളെ കൃത്യമായി നശിപ്പിച്ചുകളയുക, അംഗ

ഇവയെല്ലാം കിലയുടെ വെബ്സൈറ്റിൽ നിന്ന് ആർക്കും ഡൗൺലോഡ് ചെയ്യാവുന്നതും പ്രദർശിപ്പിക്കാവുന്നതുമാണ് (www.kila.ac.in).

ഗ്രാമലക്ഷ്മി മുദ്രാലയം ഒരു ലക്ഷം നോട്ടുബുക്ക് നല്കി

പ്രളയം ബാധിച്ച ജില്ലകളിലെ സർവ്വവും നഷ്ടപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് നല്കുന്നതിനായി ഒരു ലക്ഷം നോട്ട് ബുക്കുകൾ തദ്ദേശസ്വയംഭരണ വകുപ്പന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയും കേരള ഗ്രാമജ്യോതി ലൈറ്റിംഗും ചേർന്ന് സൗജന്യമായി സർക്കാരിന് കൈമാറി. നോട്ടുബുക്കുകൾ തയ്യാറാക്കിയത് ഗ്രാമലക്ഷ്മി മുദ്രാലയത്തിലാണ്. 60,000 എണ്ണം ആലപ്പുഴ ജില്ലയിലെയും 20,000 എണ്ണം എറണാകുളം ജില്ലയിലെയും 20,000 എണ്ണം തൃശ്ശൂർ ജില്ലയിലെയും സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി നല്കി. ദുരിതാശ്വാസ

ക്രൂസ് തയ്യാറാക്കിയ നോട്ടുബുക്കുകൾ വ്യവസായ വകുപ്പ് മന്ത്രി ഇ.പി. ജയരാജന് ക്രൂസ് ചെയർമാൻ പി.വി. സുനിൽ കൈമാറുന്നു. മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സമീപം.

നിധിയിലേക്ക് ക്രൂസിന്റെയും കഞ്ചിക്കോട്, കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയങ്ങളിലെയും ജീവനക്കാരിൽ നിന്നും സമാഹരിച്ച 2,64,557 രൂപയും കേരള ഗ്രാമജ്യോതി ലൈറ്റിംഗിന്റെ 2,35,443 രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപയുടെ ചെക്കും കൈമാറി.

നവാടികളിലും സ്കൂളുകളിലും സംഭരിച്ച ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തൽ എന്നിങ്ങനെ ശ്രദ്ധിക്കേണ്ട ഒട്ടനവധി കാര്യങ്ങളുണ്ട്.

കൊതുകുജന്യ രോഗങ്ങൾ

കൊതുകുജന്യ രോഗങ്ങൾ തടയാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും മേൽനോട്ടം വഹിക്കുവാനും അദ്ധ്യക്ഷനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സനും സെക്രട്ടറിയും നേതൃത്വം വഹിക്കണം. ആരോഗ്യ വിഭാഗത്തിന്റെ സഹായം തേടേണ്ടത് അനിവാര്യമാണ്.

രോഗികൾ-അഗതികൾ : പരിചരണവും പ്രത്യേക മേൽനോട്ടവും

പലപ്പോഴും വിട്ടുപോകുന്ന പ്രവർത്തനമാണ് ഇത്. ആശാ പ്രവർത്തകർ, പരിചരണ സേവകർ എന്നിവരുടെ സേവനം വാർഡുതലത്തിൽ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ജനപ്രതിനിധിക്കാണ്.

പകർച്ചേതര വ്യാധികളുടെ നിയന്ത്രണം

നിലവിലുള്ള രോഗികൾക്കു പ്രത്യേക പരിചരണം, മരുന്നുകളുടെ ലഭ്യത, ചികിത്സ ഉറപ്പു വരുത്തൽ എന്നിവയ്ക്കായി ആശാ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, ആരോഗ്യ സേനാ പ്രവർത്തകർ എന്നിവരെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സംഘടിപ്പിക്കുവാൻ വാർഡ് ജനപ്രതിനിധി രംഗത്ത് വരണം.

നിയമപരമായ ഇടപെടലുകൾ

തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറെ ഉത്തരവാദിത്വമുള്ള മേഖലയാണ് ഇത്. പകർച്ചവ്യാപന സാധ്യതയുള്ള പ്രവർത്തനങ്ങൾക്കെതിരെ പബ്ലിക്ക് ഹെൽത്ത് ആക്ട് പ്രകാരമുള്ള നോട്ടീസ് നല്കുക, നടപടി സ്വീകരിക്കുക എന്നിവ നിരന്തരം ചെയ്യേണ്ടതാണ്. ഇതിൽ വിട്ടുവീഴ്ചയും അലംഭാവവും ഇനി അനുവദിച്ചുകൂടാ. സെക്രട്ടറിയും മെഡിക്കൽ ഓഫീസറും ഇതിന്റെ ഉത്തരവാദിത്തമുള്ളവരാണ്.

ഇനിയുള്ള ദിവസങ്ങൾ നിർണ്ണായകമാണ്. അതിൻ പ്രകാരമുള്ള പ്രവർത്തന പരിപാടികളുമായി മുന്നോട്ടു പോകാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവും. സംസ്ഥാന സർക്കാരിന്റെ പൊതു നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാവരെയും കൂട്ടിയിണക്കിക്കൊണ്ടുള്ള ചിട്ടയായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയാണ് അവരുടെ പ്രധാന ദൗത്യം.

ലേഖകൻ കില ഡയറക്ടറാണ്

ദുരന്തനാളുകൾ...
ദുരിതാശ്വാസത്തിന്റേയും

കണ്ണും കാതും

വി.സി.അഭിലാഷ്



പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) September 2018
Annual Subscription ₹120, Published on 20 September 2018

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Printed & Published by H.Dineshan, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H.Dineshan